

പതിനാറാം കേരളനിയമസഭ

(SIXTEENTH KERALAM LEGISLATIVE ASSEMBLY)

സബ്ജക്ട് കമ്മിറ്റി II

(SUBJECT COMMITTEE II)

ഭൂനികുതിയും ദേവസ്വവും

(LAND REVENUE AND DEVASWOM)

ആനുകാലിക റിപ്പോർട്ട്

(2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെ)

(PERIODICAL REPORT FROM 1ST APRIL 2025 TO 31ST MARCH 2026)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരമുള്ളത്.

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2026 ഒക്ടോബർ 28-ാം തീയതി സമർപ്പിച്ചത്
(Presented on 28th October 2026)

കേരളനിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

SECRETARIAT OF THE KERALAM LEGISLATURE
THIRUVANANTHAPURAM
2026

പതിനാറാം കേരളനിയമസഭ

(SIXTEENTH KERALAM LEGISLATIVE ASSEMBLY)

സബ്ജക്ട് കമ്മിറ്റി II

(SUBJECT COMMITTEE II)

ഭൂനികുതിയും ദേവസ്വവും

(LAND REVENUE AND DEVASWOM)

ആനുകാലിക റിപ്പോർട്ട്

(2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെ)

(PERIODICAL REPORT FROM 1ST APRIL 2025 TO 31ST MARCH 2026)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

ഉള്ളടക്കം

		പേജ്
സമിതിയുടെ ഘടന	..	v
അവതാരിക	..	vii
റിപ്പോർട്ട്	..	1
അനുബന്ധം	..	24

സബ്ജക്ട് കമ്മിറ്റി II

(ഭൂനികുതിയും ദേവസ്വവും)
(2026-2028)
ഘടന

ചെയർപേഴ്സൺ :

ശ്രീ. എ. പി. അനിൽ കുമാർ,
റവന്യൂ വകുപ്പ് മന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. കെ. മുരളീധരൻ,
ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി.

അംഗങ്ങൾ:

ശ്രീ. പാറക്കൽ അബ്ദുല്ല, എം. എൽ. എ.

ശ്രീ. ബി. ബി. ഗോപകുമാർ, എം. എൽ. എ.

ശ്രീ. കെ. യു. ജനീഷ് കുമാർ, എം. എൽ. എ.

ശ്രീ. മുഹമ്മദ് മുഹസിൻ, എം. എൽ. എ.

ശ്രീ. കെ. നിലകണ്ഠൻ, എം. എൽ. എ.

ശ്രീ. യു. ആർ. പ്രദീപ്, എം. എൽ. എ.

ശ്രീ. എം. എ. റസാഖ് മാസ്റ്റർ, എം. എൽ. എ.

ശ്രീ. സജീവ് ജോസഫ്, എം. എൽ. എ.

ശ്രീ. സേനാപതി വേണു, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി - ഇൻ -ചാർജ്

ശ്രീ. ശ്യാംകുമാർ എസ്. പി., ജോയിന്റ് സെക്രട്ടറി

ശ്രീമതി മേബിൾ ആന്റണി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. രതീഷ്മോൻ പി., അണ്ടർ സെക്രട്ടറി

അവതാരിക

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ 2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) അനുസരിച്ച് സമിതി ചെയർപേഴ്സണായ ഞാൻ സമർപ്പിക്കുന്നു.

2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിവിധ വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. 23-06-2026-ലെ 25-ാം നമ്പർ ബുള്ളറ്റിൻ ഭാഗം 2 പ്രകാരം പതിനാറാം കേരള നിയമസഭയുടെ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II (2026-2028) നിലവിൽ വന്നു. 2023 ഡിസംബർ 7-ാം തീയതിയിലെ 445-ാം നമ്പർ ബുള്ളറ്റിൻ - ഭാഗം 2 പ്രകാരം രൂപീകരിക്കപ്പെട്ട പതിനഞ്ചാം കേരളനിയമസഭയുടെ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II (2023-2026), യുടെ പ്രവർത്തനങ്ങളാണ് റിപ്പോർട്ട് കാലയളവിൽ ഉൾപ്പെട്ടിട്ടുള്ളത്.

റിപ്പോർട്ട് കാലയളവിൽ സമിതി 20.08.2025, 15.09.2025, 16.09.2025, 24.09.2025, 06.10.2025, 11.02.2026, 16.02.2026, 23.02.2026 എന്നീ തീയതികളിലായി 8 യോഗങ്ങൾ ചേരുകയുണ്ടായി. വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകളുടെ പരിശോധന, 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, ആനുകാലിക റിപ്പോർട്ട് എന്നിവയുടെ പരിഗണന, ബില്ലുകളുടെ പരിശോധന, 2026-27 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന, ആയത് സംബന്ധിച്ച റിപ്പോർട്ടിന്റെ കരട് പരിഗണന എന്നിവയ്ക്കായാണ് സമിതി യോഗങ്ങൾ ചേർന്നത്. പ്രസ്തുത യോഗങ്ങളിലെ ശരാശരി ഹാജർനില 76% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അദ്ധ്യായങ്ങളായാണ് തയ്യാറാക്കിയിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അദ്ധ്യായം I -- സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

അദ്ധ്യായം II -- സമിതി പരിഗണിച്ച ബില്ലുകൾ

അദ്ധ്യായം III -- സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ /എസ്. ആർ. ഒ. കൾ

അദ്ധ്യായം IV -- നിയമസഭാ ചട്ടം 235 എ പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങൾ

അദ്ധ്യായം V -- സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

അദ്ധ്യായം VI – (എ) 2025-26 സാമ്പത്തിക വർഷത്തെ
ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത്
റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്
സംബന്ധിച്ച സംഗ്രഹം.
(ബി) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും.

അദ്ധ്യായം VII – സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ
യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2026 ഒക്ടോബർ 26-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

എ. പി. അനിൽ കുമാർ,
ചെയർപേഴ്സൺ,
സബ്ജക്ട് കമ്മിറ്റി II.

തിരുവനന്തപുരം,
2026 ഒക്ടോബർ 28

റിപ്പോർട്ട്

അദ്ധ്യായം I

സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

(1) 2024-25 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് 15.09.2025-ലെ യോഗം അംഗീകരിക്കുകയും അംഗീകരിച്ച റിപ്പോർട്ട് 17.09.2025-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(2) സമിതിയുടെ 2024-25 സാമ്പത്തിക വർഷത്തെ ആനുകാലിക റിപ്പോർട്ടിന്റെ കരട് 15.09.2025-ലെ യോഗം അംഗീകരിക്കുകയും അംഗീകരിച്ച റിപ്പോർട്ട് 17.09.2025-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(3) 2026-27 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച ആറാമത് റിപ്പോർട്ടിന്റെ കരട് 16.02.2026-ലെ യോഗം അംഗീകരിക്കുകയും അംഗീകരിച്ച റിപ്പോർട്ട് 23.02.2026-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

അദ്ധ്യായം II

സമിതി പരിഗണിച്ച ബില്ലുകൾ

(1) The Guruvayoor Devaswaom (Amendment) Bill, 2025, 24.09.2025-ലെ യോഗത്തിൽ പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 29.09.2025-ന് സഭയിൽ സമർപ്പിച്ചു.

(2) 2025-ലെ കേരള സ്വകാര്യ കൈവശത്തിലുള്ള അധിക ഭൂമി (ക്രമവത്ക്കരണ) ബിൽ 06.10.2025-ന് ചേർന്ന യോഗത്തിൽ പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 07.10.2025-ന് സഭയിൽ സമർപ്പിച്ചു.

(3) 2026-ലെ 'കേരള നേറ്റിവിറ്റി കാർഡ് ബിൽ' 23.02.2026-ന് ചേർന്ന യോഗത്തിൽ പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 24.02.2026-ന് സഭയിൽ സമർപ്പിച്ചു.

അദ്ധ്യായം III

സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ /എസ്. ആർ. ഒ. കൾ

(1) ഗുരുവായൂർ ദേവസ്വം റൂൾസ് - റൂൾ 8 ഭേദഗതി ചെയ്യുന്നതിനുള്ള കരട് ചട്ടം 20.08.2025-ലെ യോഗം പരിഗണിക്കുകയും കരട് ചട്ട പ്രകാരം Rule 8 ൽ ഭേദഗതി വരുത്തുകയും The Guruvayur Devaswom (Amendment) Rules, 2025 ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

(2) 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഭേദഗതി ചട്ടം-ചട്ടം3(3) ഭേദഗതി സംബന്ധിച്ച കരട് ചട്ടം 20.08.2025 ലെ യോഗത്തിൽ പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

(3) The Kerala Revenue Recovery (Amendment) Act, 2024-മേലുള്ള കരട് ചട്ടം 20.08.2025-ലെ യോഗത്തിൽ പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

(4) 2024-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടങ്ങൾ എസ്.ആർ.ഒ നമ്പർ 619/2024 തീയതി 18.07.2024, 20.08.2025-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും ഭേദഗതികളോട് കൂടി അംഗീകരിക്കുകയും ചെയ്തു.

(5) The Kerala Government Land Assignment (Regularization of Contraventions) Rules, 2025 കരട് ചട്ടം 16.09.2025-ലെ യോഗത്തിൽ പരിഗണിക്കുകയും ഭേദഗതികളോട് കൂടി അംഗീകരിക്കുകയും ചെയ്തു.

(6) The Malabar Devaswom Board Servants (Recruitment Service and Conduct) Amendment Rules, 2025 കരട് ചട്ടം 16.02.2026-ലെ യോഗത്തിൽ പരിഗണിക്കുകയും ഭേദഗതികളോട് കൂടി അംഗീകരിക്കുകയും ചെയ്തു.

അദ്ധ്യായം IV

നിയമസഭാ ചട്ടം 235 (എ) പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങൾ

2008-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഡാറ്റാബാങ്ക് പ്രസിദ്ധീകരണം എന്ന വിഷയത്തിന്മേൽ സമിതി ചർച്ച നടത്തി.

അദ്ധ്യായം V

സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

നിയമസഭാചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷികപ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ധനാഭ്യർത്ഥന നമ്പർ	വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം		സഭയിൽ സമർപ്പിച്ച തീയതി
	സാമ്പത്തികവർഷം	വകുപ്പ് / സ്ഥാപനം	
XI-ജില്ലാ ഭരണവും പലവകയും	2023-24	റവന്യൂ (ദേവസ്വം - എ) വകുപ്പ് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്	06.10.2025
XX – ശുദ്ധജല വിതരണവും ശുചീകരണവും (ശബരിമല ശുദ്ധീകരണ പദ്ധതിക്കുള്ള ധനസഹായം)	2023-24	റവന്യൂ (ദേവസ്വം - എ) വകുപ്പ്	06.10.2025
XXIX (കൃഷി) ശബരിമല മാസ്റ്റർ പ്ലാൻ	2023-24	റവന്യൂ (ദേവസ്വം - എ) വകുപ്പ്	06.10.2025
XI-ജില്ലാ ഭരണവും പലവകയും - ശബരിമല ശുചീകരണ പ്രവർത്തികൾ	2024-25	റവന്യൂ (ദേവസ്വം - എ) വകുപ്പ്	06.10.2025
VI - ഭൂനികുതി	2024 -25	റവന്യൂ (ദേവസ്വം)	06.10.2025

XI - ജില്ലാഭരണവും പലവകയും XXVIII – പലവക സാമ്പത്തിക സർവ്വീസുകൾ		റവന്യൂ (ലാന്റ് റവന്യൂ കമ്മീഷണറേറ്റ് , സർവ്വേയും ഭൂരേഖയും വകുപ്പ്, സ്റ്റേറ്റ് ലാന്റ് ബോർഡ്)	
XXIX (കൃഷി) ശബരിമല മാസ്റ്റർ പ്ലാൻ	2024 -25	റവന്യൂ (ദേവസ്വം എ) വകുപ്പ്	06.10.2025
XI- ജില്ലാഭരണവും പലവകയും	2016-17 മുതൽ 2022-23 വരെ	റവന്യൂ (ദേവസ്വം എ വകുപ്പ് (ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്)	03.02.2026
XI- ജില്ലാഭരണവും പലവകയും	2024-25	റവന്യൂ(ദേവസ്വം) റിക്രൂട്ട്മെന്റ് ബോർഡ്)	03.02.2026

അദ്ധ്യായം VI

(എ) 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം.

ആകെ ശിപാർശകളുടെ എണ്ണം	റിപ്പോർട്ട് കാലയളവിൽ സർക്കാരിൽ നിന്നും മറുപടി ലഭിച്ചിട്ടുള്ളതും സമിതി പരിഗണിച്ചിട്ടുള്ളതുമായ ശിപാർശകളുടെ	റിപ്പോർട്ട് കാലയളവിൽ സർക്കാരിൽ നിന്നും മറുപടി ലഭിക്കുവാൻ അവശേഷിക്കുന്ന ശിപാർശകളുടെ ഖണ്ഡിക നമ്പർ	മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ആകെ എണ്ണം

	ഖണ്ഡിക നമ്പർ		
34	1 മുതൽ 7 വരെ, 10 മുതൽ 29 വരെ 32, 33 വരെ	8,9,30,31	4

(ബി) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും.

2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ. 12960/സബ് .സി.ബി1/2024/നിസെ.

KLS/3712/2025-Sub C B1)

ശിപാർശ

2053-00-093-99 — കളക്ടർമാരും മജിസ്ട്രേറ്റുമാരും

കളക്ടറേറ്റിലെയും റവന്യൂ ഡിവിഷണൽ ഓഫീസുകളിലെയും IAS ഉദ്യോഗസ്ഥരുടെ കെട്ടിട വാടക നൽകുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കെട്ടിട നികുതി നൽകുന്നതിനും 2053-00-093-99-06 എന്ന ശീർഷകത്തിൽ 1.5 കോടി രൂപയും 2023 -ൽ 'കരുതലും കൈത്താങ്ങും' എന്ന പേരിൽ നടന്ന പരാതിപരിഹാര അദാലത്തിന് ജില്ലാ കളക്ടർമാർക്ക് അനുവദിക്കേണ്ട 1.30 കോടി രൂപയും ശബരിമലയിലെ അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിനായി കോട്ടയം, ഇടുക്കി, പത്തനംതിട്ട എന്നീ ജില്ലാ കളക്ടർമാർക്ക് അനുവദിക്കേണ്ട 42 ലക്ഷം രൂപയും ഉൾപ്പടെ 2053-00-093-99-34-3 ശീർഷകത്തിൽ 1.72 കോടി രൂപയും അധികമായി ആവശ്യമുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2053-00-093-99 ശീർഷകത്തിൽ ആകെ 3.22 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക- 6)

സ്വീകരിച്ച നടപടി

കളക്ടറേറ്റുകളിലെയും റവന്യൂ ഡിവിഷണൽ ഓഫീസുകളിലെ ഐ.എ.എസ് ഓഫീസർമാരുടെ കെട്ടിട വാടക അനുവദിക്കുന്നതിന് ധനപുനർവിനിയോഗം വഴി 3,80,000/- രൂപയും, തലശ്ശേരി സബ്കളക്ടറുടെ കാര്യാലയത്തിലെ കെട്ടിടങ്ങളുടെ വസ്തു നികുതി അടയ്ക്കുന്നതിനായി അധിക ധനവിനിയോഗാനുമതിയായി 17,93,161/-രൂപയും അനുവദിച്ചിട്ടുണ്ട്.

'കരുതലും കൈത്താങ്ങും' എന്ന പരാതി പരിഹാര അദാലത്തിനായി 1.30 കോടി രൂപയും ശബരിമലയിലെ അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിന് വിവിധ ജില്ലകൾക്ക് അനുവദിക്കേണ്ട 42 ലക്ഷം രൂപയും ചേർത്ത് 1.72 കോടി രൂപയുടെ അവസാനഘട്ട ഉപധനാഭ്യർത്ഥനയ്ക്കുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ആയത് ധനകാര്യ വകുപ്പ് പരിഗണിയ്ക്കുകയുണ്ടായില്ല.

(റഫ.നം.REV – F2/323/2024-REV.തീയതി 11.11.2025)

2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ 12255/സബ്.സി.ബി1/2023/നിസെ
KLS/4905/2025-Sub C B1)

2053-00-094-99 — താലൂക്ക് ആഫീസുകൾ

ശിപാർശ

ദുരന്ത നിവാരണ പ്രവർത്തനങ്ങൾ, റവന്യൂ റിക്കവറി, ഇതര നികുതി പിരിവുകൾ തുടങ്ങിയവയ്ക്ക് താലൂക്ക് ഓഫീസുകൾക്ക് വാഹനങ്ങളുടെ ഉപയോഗം അനിവാര്യമായതിനാൽ ഇന്ധനച്ചെലവുകൾക്കായി 2053-00-094-99-45 എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപയും അറ്റകുറ്റപണികൾക്കായി 2053-00-094-99-21-2 എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപയും അധികമായി ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ധനപുനർവിനിയോഗം വഴിയോ അഥവാ

ഉപധനാഭ്യർത്ഥന വഴിയോ മേൽ ശീർഷകത്തിൽ 1കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-4)

സ്വീകരിച്ച നടപടി

2053-00-094-99-45 NP(V) POL എന്ന ശീർഷകത്തിൽ 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതമായ 1,84,62,000/- രൂപയിൽ 1,77,04,517/-രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. മേൽ സാഹചര്യത്തിൽ ടി ശീർഷകത്തിൽ 2023-24 സാമ്പത്തികവർഷത്തിൽ അധിക തുക ആവശ്യമായി വന്നിട്ടില്ല എന്ന വിവരം അറിയിക്കുന്നു.

2053-00-094-99-21-02 NP(V) R&M എന്ന ശീർഷകത്തിൽ 2023-24 സാമ്പത്തിക വർഷത്തെ റിവൈസ്ഡ് ബഡ്ജറ്റ് എസ്റ്റിമേറ്റ് മുഖേന സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത തുക ഉൾപ്പെടെ കൂടുതൽ തുക ആവശ്യപ്പെട്ടിരുന്നു. എന്നാൽ തുകയൊന്നും ലഭിച്ചിട്ടില്ലായെന്ന വിവരം അറിയിക്കുന്നു.

(റഫ.നം.REV-G3/599/2023-REV. തീയതി 23.09.2024)

പൊതു ശിപാർശകൾ

സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ഓഫീസുകളും ജീവനക്കാരും ഉള്ള വകുപ്പുകളിൽ ഒന്നാണ് റവന്യൂ വകുപ്പ്. സംസ്ഥാനത്തിന് റവന്യൂ വരുമാനം നേടിത്തരുന്നതിൽ ഈ വകുപ്പിനുള്ള പ്രാധാന്യം വിസ്മരിക്കാവുന്നതല്ല. പ്രസ്തുത വകുപ്പിന്റെ ഔദ്യോഗിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനായി സ്ഥലസന്ദർശനം

അത്യന്താപേക്ഷിതമാണ്. എന്നാൽ വില്ലേജ് ഓഫീസുകൾക്ക് സ്വന്തമായി വാഹനങ്ങളില്ലാത്ത അവസ്ഥ പരിഗണിച്ച സമിതി 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിൽ വില്ലേജ് ഓഫീസുകൾക്ക് വാടകയ്ക്ക് വാഹനസൗകര്യം ഏർപ്പെടുത്തണമെന്ന് ശിപാർശ ചെയ്തിരുന്നുവെങ്കിലും ആയത് പരിഗണിക്കപ്പെട്ടിട്ടില്ല എന്നു മനസ്സിലാക്കുന്നു. 3 വില്ലേജ് ഓഫീസുകൾക്ക് ഒരു വാഹനം എന്ന നിലയ്ക്ക് വാഹനങ്ങൾ വാടകയ്ക്ക് ലഭ്യമാക്കിയാൽ പോലും വാർഷിക ബാദ്ധ്യത ഉദ്ദേശം 22 കോടി രൂപ മാത്രമാണെന്ന് സമിതി വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ സ്ഥലപരിശോധന ഉൾപ്പെടെയുള്ള ഔദ്യോഗിക കൃത്യനിർവ്വഹണത്തിനായി 3 വില്ലേജ് ഓഫീസുകൾക്ക് ഒന്ന് എന്ന നിലയിൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിലേക്കായി ഒരു പദ്ധതി രൂപീകരിച്ച് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് പ്രത്യേകമായി തുക വകയിരുത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-21)

<u>സ്വീകരിച്ച നടപടി</u>

മുന്ന് വില്ലേജ് ഓഫീസുകൾക്ക് ഒരു വാഹനം എന്ന നിലയിലും, മലയോര മേഖലയയിലെ വിസ്തൃതി കൂടിയ വില്ലേജുകളിൽ രണ്ടു വില്ലേജിന് ഒന്നെന്ന നിലയിലും, ആകെ 575 വാഹനങ്ങൾ പ്രതിമാസ വാടക്കെടുക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച പ്രാപ്പോസൽ സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. എന്നാൽ പ്രതിവർഷം ഏകദേശം 30 കോടി രൂപയുടെ അധിക ചെലവ് വരുമെന്നതിനാലും കൂടുതൽ വകുപ്പുകളിലെ ഫീൽഡ് ലെവലിലുള്ള ഓഫീസുകൾക്കും വാഹനം അനുവദിക്കണമെന്ന ആവശ്യം ഉയരുകയും ചെയ്യുന്നതിനാലും സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ടി പ്രൊപ്പോസൽ നിലവിൽ പരിഗണിക്കേണ്ടതില്ല എന്ന് സർക്കാർ തീരുമാനിക്കുകയുണ്ടായി.

(റഫ.നം.REV-G3/599/2023-REV തീയതി 23.09.2024)

ശിപാർശ

സംസ്ഥാനത്ത് അയിത്തോച്ചാടനത്തിനായി നടന്ന പ്രക്ഷോഭങ്ങളിൽ പ്രധാനപ്പെട്ട ഒന്നായ വൈക്കം സത്യാഗ്രഹത്തിന്റെ 100-ാം വാർഷികം 2024-ൽ ആണ്. ഈ വാർഷികം സമുചിതമായി ആഘോഷിക്കപ്പെടേണ്ടതാണ്. ആയതിന്റെ ഭാഗമായി വിവിധ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനുള്ള ഒരു സമഗ്ര പദ്ധതി ആവിഷ്കരിക്കണമെന്നും പ്രസ്തുത പദ്ധതിയ്ക്കായി 1 കോടി രൂപ വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -22)

സ്വീകരിച്ച നടപടി

വൈക്കം സത്യാഗ്രഹത്തിന്റെ 100-ാം വാർഷികവുമായി ബന്ധപ്പെട്ട് ശതാബ്ദി ആഘോഷങ്ങൾ എന്ന പദ്ധതി ശീർഷകത്തിൽ നിലവിൽ 20 ലക്ഷം രൂപ വൈക്കം സത്യാഗ്രഹത്തിന്റെയും ആലുവ സർവ്വ മതസമ്മേളനത്തിന്റെയും പ്രചരണാർത്ഥം വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നതിനായി 2205-00-102-45-പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട വിവിധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

(റഫ.നം.CLAD – C2/123/2024-CLAD തീയതി 30.06.2025)

2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്.

(ഫയൽ നമ്പർ. 11440/സബ് .സി.സി1/2022/നിസെ
KLS/4763/2025-Sub C B1)

2029-00-800-74- കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമപ്രകാരമുള്ള ചെലവുകൾ

ശിപാർശ

22.02.2022 ലെ സ.ഉ (കൈ) 56/2022/RD നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമപ്രകാരം ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷകൾ ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ, പ്രസ്തുത അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി 10 കോടി രൂപ അനുവദിക്കുന്നതിന് ഉത്തരവായിരുന്നതായും എന്നാൽ ഈ ശീർഷകത്തിൽ 1000 രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂവെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിലേയ്ക്ക് 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-3)

സ്വീകരിച്ച നടപടി

22.02.2022 ലെ സ.ഉ (കൈ) 56/2022/RD നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമപ്രകാരം ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷകൾ ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ പ്രസ്തുത അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി 10 കോടി രൂപ അനുവദിച്ച് ഉത്തരവായിരുന്നു.

തുടർന്ന്, 22.02.2022-ലെ സ.ഉ. (കൈ) 56/2022/RD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നിയമിച്ച താത്ക്കാലിക ജീവനക്കാരുടെ സേവനം, അനുബന്ധ സൗകര്യങ്ങൾ തുടങ്ങിവയ ദീർഘിപ്പിച്ച് കൊണ്ട് പുറപ്പെടുവിച്ച, 26.11.2022-ലെ സ.ഉ. (കൈ) 278/2022/RD നമ്പർ സർക്കാർ ഉത്തരവിൽ, പ്രസ്തുത ആവശ്യത്തിലേയ്ക്കായി, 27 ഡി

വകുപ്പ് പ്രകാരമുള്ള കാർഷിക അഭിവൃദ്ധി ഫണ്ടിലേയ്ക്ക് 10 കോടി രൂപ കൂടി അനുവദിച്ച് ഉത്തരവ് നല്കിയിട്ടുള്ളതാണ്.

കൂടാതെ അനധികൃതമായി നികത്തിയ നിലം പൂർവ്വസ്ഥിതിയിലാക്കേണ്ടുന്ന ആവശ്യത്തിലേക്കായി 2024-25-ലെ ബഡ്ജറ്റിൽ 2 കോടി രൂപ റിവോൾവിങ് ഫണ്ടായി വകയിരുത്തിയിട്ടുണ്ട്. മാത്രമല്ല, 106-ാമത് റവന്യൂ സെക്രട്ടേറിയറ്റ് യോഗത്തിന്റെ തീരുമാന പ്രകാരം, അനധികൃതമായി നികത്തിയ ഭൂമി പൂർവ്വസ്ഥിതിയിലാക്കുന്നതിനുമായി ബന്ധപ്പെട്ട് സർക്കാർ തന്നെ മണ്ണ് മാറ്റി പൂർവ്വ സ്ഥിതിയിലാക്കുകയും, പിന്നീട് ആരാണ് ഭൂമി നികത്തിയത് അവരിൽ നിന്ന് റവന്യൂ റിക്കവറി നടപടികളിലൂടെ ആ തുക തിരിച്ചു പിടിക്കുകയും ചെയ്യുന്ന വേളയിൽ, ഇതിന്റെ ആവശ്യത്തിനായുള്ള 2 കോടി രൂപ സംബന്ധിച്ച ശിപാർശ അടിയന്തരമായി സമർപ്പിക്കുവാൻ ലാൻഡ് റവന്യൂകമ്മീഷണർക്ക് നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് ലാൻഡ് റവന്യൂ കമ്മീഷണർ ഇതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ ലഭ്യമാക്കിയിരുന്നു. അതിനെത്തുടർന്ന് നിലം പൂർവ്വസ്ഥിതിയിലാക്കേണ്ട ആവശ്യത്തിലേയ്ക്കായി ധനകാര്യ വകുപ്പിന്റെ 09.04.2025 തീയതിയിലെ G.O.(Rt) No. 3518/2025/FN നമ്പർ ഉത്തരവ് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ ചീഫ് കൺട്രോളിംഗ് ഓഫീസറായി 2029-00-800-73-Revolving Fund for Restoration of Paddy Land എന്ന ശീർഷകം തുടങ്ങിയിട്ടുണ്ട്. ആയതിൽ 2025-26 സാമ്പത്തിക വർഷം ഒന്നരക്കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(റഫ.നം.REV-P1/106/2020-REV തീയതി 22.08.2025)

2053-00-093-99 — കളക്ടർമാരും മജിസ്ട്രേറ്റുമാരും

ശിപാർശ

കളക്ടറേറ്റിലെയും റവന്യൂ ഡിവിഷണൽ ഓഫീസുകളിലെയും IAS ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവരുടെ അവധി യാത്രാ ആനുകൂല്യം നൽകുന്നതിന് 2053-00-093-99-04-4 എന്ന ശീർഷകത്തിൽ 10 ലക്ഷം രൂപയും IAS ഉദ്യോഗസ്ഥരുടെ കെട്ടിട വാടക

നൽകുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കെട്ടിട നികുതി നൽകുന്നതിനും 2053-00-093-99-06 എന്ന ശീർഷകത്തിൽ 25 ലക്ഷം രൂപയും റവന്യൂ കലോത്സവ നടത്തിപ്പിനായി 2053-00-093-99-34-3 എന്ന ശീർഷകത്തിൽ 150 ലക്ഷം രൂപയും അധികമായി ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ മേൽ ശീർഷകങ്ങളിൽ 1.85 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -4)

<u>സ്വീകരിച്ച നടപടി</u>

ഐ. എ.എസ്. ഉദ്യോഗസ്ഥരുൾപ്പടെയുള്ള കളക്ടറേറ്റുകളിലെ ജീവനക്കാരുടെ L T C അനുവദിക്കുന്നതിന് 30.01.2023-ലെ G.O (Rt)726/2023/Fin നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 5,16,000/-രൂപ (അഞ്ച് ലക്ഷത്തി പതിനാറായിരം രൂപ മാത്രം) റീ-അപ്രോപ്രിയേഷൻ മുഖേന 2053-00-093-99-04—04NV(LTC) എന്ന ശീർഷകത്തിൽ ലഭ്യമായിട്ടുണ്ട്.

ഐ.എ.എസ്. ഉദ്യോഗസ്ഥരുടെയും നെടുമങ്ങാട് റവന്യൂ ഡിവിഷണൽ ഓഫീസിന്റെ കെട്ടിട വാടകയിനത്തിലും 05.01.2023-ലെ G.O.(Rt) 56/2023/Fin നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 5,41,000/- രൂപ (അഞ്ച് ലക്ഷത്തി നാൽപ്പതിനായിരം രൂപ മാത്രം) അധികധനവിനിയോഗാനുമതിയായി 2053-00-093-99-06 NV(RRT) എന്ന ശീർഷകത്തിൽ ലഭ്യമായിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷത്തെ റവന്യൂ കലോത്സവ നടത്തിപ്പിനും 2022-23 വർഷത്തെ ശബരിമല മണ്ഡല-മകരവിളക്ക് മഹോത്സവുമായി ബന്ധപ്പെട്ടുണ്ടാകുന്ന

അടിയന്തര സാഹചര്യം നേരിടുന്നതിനുമായി 71,80,000/- രൂപ (എഴുപത്തിയൊന്ന് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) അധികധനവിനിയോഗാനുമതിയായി 2053-00-093-99-34-03 NV(Other Charges) എന്ന ശീർഷകത്തിൽ ലഭ്യമായിട്ടുണ്ട്.

(റഫ.നം.ജി1/75/2023-റവന്യൂ തീയതി 23-09-2024)

2053-00-094-99 — <u>താലൂക്ക് ആഫീസുകൾ</u>

<u>ശിപാർശ</u>

താലൂക്ക് ഓഫീസുകൾ, ദുരന്ത നിവാരണ പ്രവർത്തനങ്ങൾ, റവന്യൂ റിക്കവറി, ഇതര നികുതി പിരിവുകൾ എന്നിവയ്ക്ക് വാഹനങ്ങൾ ഉപയോഗിക്കുന്നതിനാൽ വാഹനങ്ങളുടെ ഇന്ധനച്ചെലവുകൾക്കായി 2053-00-094-99-45 എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപയും വാഹനങ്ങളുടെ അറ്റകുറ്റപണികൾക്കായി 2053-00-094-99-21-2 എന്നശീർഷകത്തിൽ 20 ലക്ഷം രൂപയും അധികമായി ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ മേൽ ശീർഷകങ്ങളിൽ 70 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-5)

<u>സ്വീകരിച്ച നടപടി</u>

താലൂക്ക് ഓഫീസുകളിലെ വാഹനങ്ങളുടെ ഇന്ധനച്ചെലവ് വഹിക്കുന്നതിനായി അധികധനവിനിയോഗാനുമതിയായി 35,00,000/- രൂപയും റീ അപ്രോപ്രിയേഷൻ മുഖേന 43,05,000/-രൂപയും ആകെ 78,05,000/- (എഴുപത്തിയെട്ട് ലക്ഷത്തി അയ്യായിരം രൂപ മാത്രം) 2053-00-064-99-45 NV (POL) എന്ന ശീർഷകത്തിൽ ലഭ്യമായിട്ടുണ്ട്.

(റഫ.നം.ജി1/75/2023-റവന്യൂ തീയതി 23.09.2023)

2053-00-094-39 — സംസ്ഥാനത്തിന്റെ വനമേഖലയ്ക്കുള്ളിലെ സ്വകാര്യഎസ്റ്റേറ്റ് ഏറ്റെടുക്കുന്നതിനുള്ള പ്രത്യേക സ്റ്റാഫ്

ശിപാർശ

സംസ്ഥാനത്തെ വനമേഖലയ്ക്കുള്ളിലെ സ്വകാര്യ എസ്റ്റേറ്റ് ഏറ്റെടുക്കുന്നതിനുള്ള പ്രത്യേക സ്റ്റാഫിന്റെ ശമ്പളവും അലവൻസുകളും ലഭ്യമാക്കുന്നതിലേക്ക് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നതിനാൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 65 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക- 7)

സ്വീകരിച്ച നടപടി

സംസ്ഥാനത്തെ വനമേഖലയ്ക്കുള്ളിലെ സ്വകാര്യ എസ്റ്റേറ്റ് ഏറ്റെടുക്കുന്നതിനുള്ള പ്രത്യേക സ്റ്റാഫിന്റെ ശമ്പളവും അലവൻസുകളും വകയിരുത്തുന്നതിനായി അവസാനഘട്ട ഉപധനാഭ്യർത്ഥന വഴി പ്രാപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും തുക വകയിരുത്തിയിരുന്നില്ല.

(റഫ.നം.REV-B1/331/2024-REV തീയതി 17.09.2025)

പുതിയ ശീർഷകം അനുവദിക്കുന്നതിന്

ശിപാർശ

കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ശമ്പളയിനത്തിലും ഭരണപരമായ ചെലവുകൾക്കുമായി തുക ആവശ്യമാണെന്ന് സമിതി

മനസ്സിലാക്കുന്നു. ആയതിനാൽ കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമിക്കായി പ്രത്യേകം നോൺ പ്ലാൻ ശീർഷകം അനുവദിക്കണമെന്നും ഉപധനാഭ്യർത്ഥന വഴി 25 ലക്ഷം രൂപ വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -10)

സ്വീകരിച്ച നടപടി

കേരള യൂത്ത് ലീഡർഷിപ്പ് അക്കാഡമിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന വിഷയം റവന്യൂ വകുപ്പ് മുഖേന കൈകാര്യം ചെയ്യുവരുന്നില്ല.

(റഫ.നം.ജി1/75/2023-റവന്യൂ തീയതി 23.09.2024)

2250-00-101-99 — സംസ്ഥാന ധർമ്മകാര്യം

ബഡ്ജറ്റ് വിഹിതം: 1000 രൂപ (നോൺ പ്ലാൻ)

ശിപാർശ

തിരുവനന്തപുരം എസ്.എം.വി. സ്കൂളിൽ സ്ഥിതി ചെയ്യുന്ന അമ്പലത്തിലെ പൂജാരിക്ക് മതപതിവ് നൽകുന്നതിനായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 23,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-11)

സ്വീകരിച്ച നടപടി

തിരുവനന്തപുരം എസ്.എം.വി. സ്കൂളിൽ സ്ഥിതി ചെയ്യുന്ന അമ്പലത്തിലെ പൂജാരിക്ക് മതപതിവ് നൽകുന്നതിനായി 47,000/-രൂപ (നാൽപത്തിയേഴായിരം രൂപ) അധികധനവിനിയോഗാനുമതിയായി 2250-00-101-99 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്.

(റഫ.നം.REV – F2/302/2022/REV(Part 3) തീയതി 23.09.2024)

2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ. 12292/സബ്.സി.ബി1/2022/നിസെ
KLS/4945/2025-Sub C B1)

2250-00-101-99- സംസ്ഥാന ധർമ്മകാര്യം

ശിപാർശ

സംസ്ഥാന ധർമ്മകാര്യം എന്ന ശീർഷകത്തിൽ തിരുവനന്തപുരം എസ്.എം.വി. സ്കൂളിൽ സ്ഥിതി ചെയ്യുന്ന അമ്പലത്തിലെ പൂജാരിക്ക് മതപതിവ് നൽകുന്നതിനായി തുക ആവശ്യമാണെന്ന് സമിതി മനസിലാക്കുന്നു. ആയതിനാൽ ഈ ശിർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 23,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-9)

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ അധികതുക വകയിരുത്തുന്ന കാര്യം പരിശോധിക്കുന്നതിലേക്കായി 2021-22 സാമ്പത്തിക വർഷം ടി ഇനത്തിൽ ആവശ്യമുള്ള തുക സംബന്ധിച്ച കൃത്യമായ വിവരം ലഭ്യമാക്കുവാൻ എസ്.എം.വി സ്കൂളിലെ പ്രധാന അദ്ധ്യാപകനോട് തിരുവനന്തപുരം ജില്ലാ കളക്ടർ ആരാഞ്ഞിരുന്നുവെങ്കിലും ആയത് ലഭ്യമാകാത്ത സാഹചര്യത്തിൽ ആയത് അനുവദിക്കുകയുണ്ടായില്ല.

(റഫ.നം.എഫ് 2/242/2023/റവ. തീയതി 23.09.2024)

ശിപാർശ

സമീപ കാലത്ത് കേരളം നേരിട്ട പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ ദുരന്ത നിവാരണത്തിനുള്ള പ്രാധാന്യം കണക്കിലെടുത്ത് ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന റവന്യൂ വകുപ്പിലെ ജീവനക്കാർക്ക് വിവിധ ദുരന്ത നിവാരണ പ്രവർത്തനങ്ങളക്കുള്ള കപ്പാസിറ്റി ബിൽഡിംങ്ങിനായി Institute of Land and Disaster Management-ന്റെ ആഭിമുഖ്യത്തിൽ പ്രത്യേക ട്രെയിനിംഗ് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-26)

സ്വീകരിച്ച നടപടി

റവന്യൂ വകുപ്പിലെ ജീവനക്കാർക്ക് വിവിധ ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കുള്ള കപ്പാസിറ്റി ബിൽഡിംങ്ങിനായി ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിൽ സമർപ്പിച്ച ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ്

തയ്യാറാക്കിയ പ്രൊപ്പോസലിൽ, 10% സെക്രട്ടേറിയറ്റിലെ റവന്യൂ, ദുരന്ത നിവാരണ വകുപ്പുകളിലെ ജീവനക്കാരെയും കൂടി ഉൾക്കൊണ്ടുതാകണ്ടുള്ള ഭേദഗതി ശിപാർശ സർക്കാർ അംഗീകരിച്ചിട്ടുള്ളതും ആയത് പ്രകാരം അക്കാര്യത്തിൽ അടിയന്തര തുടർനടപടികൾ സ്വീകരിക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നല്കിയിട്ടുള്ളതുമാണ്.

(റഫ.നം.റവ-ജി1/165/2024-റവന്യൂ തീയതി 17.09.2025)

2019–20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫയൽ നം:3015/സബ്.സി.ബി1/2020/നി.സെ/KLS5367/2025-Subc B1)

പൊതുശിപാർശ

കേന്ദ്ര ദുരന്ത നിവാരണ നിയമം- 2005, സെക്ഷൻ 38 (2) (ഡി) പ്രകാരം എല്ലാ വകുപ്പുകളും അവരവരുടെ പ്ലാൻ ഫണ്ടിൽ നിന്നും ഒരു നിശ്ചിത തുക അതത് മേഖലയിലെ ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് വകയിരുത്തണമെന്ന് വ്യവസ്ഥ ചെയ്തതിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ, എല്ലാ വകുപ്പുകളും 10 % തുക ആയതിനായി മാറ്റി വയ്ക്കണമെന്ന നിർദ്ദേശം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി 2016-ൽ എല്ലാ വകുപ്പുകൾക്കും നൽകിയിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ തുക പ്രസ്തുത മേഖലകളിലെ ദുരന്ത നിവാരണത്തിന്റെ മുഖ്യധാരാവൽക്കരണത്തിനായി ഉപയോഗിക്കേണ്ടതാണ് എന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -21)

സ്വീകരിച്ച നടപടി

കേന്ദ്ര ദുരന്ത നിവാരണ നിയമം, 2005, സെക്ഷൻ 38 (2) (ഡി) പ്രകാരം എല്ലാ വകുപ്പുകളും പ്ലാൻ ഫണ്ടിന്റെ ഒരു നിശ്ചിത തുക പ്രസ്തുത മേഖലയിലെ ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി വകയിരുത്തണംഎന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ദുരന്ത നിവാരണ പ്രവർത്തനവുമായി ബന്ധപ്പെട്ട വകുപ്പുകൾ ഇതിനു വേണ്ടിയുള്ള ഫണ്ട് നീക്കിവച്ചിട്ടുണ്ട്. ലഘൂകരണം, തയ്യാറെടുപ്പ് തുടങ്ങിയ പ്രവർത്തനങ്ങൾക്കായി ഫണ്ടുകൾ മുൻകൂട്ടിതന്നെ കണ്ടെത്തേണ്ടതാണെങ്കിലും പല പ്രവർത്തനങ്ങളും ഏറ്റെടുക്കേണ്ടി വരിക ഒരു ദുരന്തം നാന്നാലുടനെ ആയിരിക്കും. അത്തരം സാഹചര്യത്തിൽ ഫണ്ട് അഡീഷണൽ ആതറൈസേഷൻ മുഖേനയോ, റീഅപ്രോപ്രിയേഷൻ മുഖെനയോ കണ്ടെത്താൻ സാധിക്കും. സംസ്ഥാന/ജില്ലാതല ദുരന്തനിവാരണ പ്ലാനുകൾക്കനുസൃതമായി ആവശ്യം വേണ്ടിവരുന്ന ഫണ്ടുകൾ ബന്ധപ്പെട്ട പ്ലാനുകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് എന്ന് ബന്ധപ്പെട്ട വകുപ്പുകൾ ഉറപ്പുവരുത്തുന്നതായിരിക്കും അഭികാമ്യം. ചില വകുപ്പുകൾക്ക് 10%ൽ കൂടുതൽ മാറ്റിവയ്ക്കേണ്ടിവരുമ്പോൾ മറ്റുള്ളവർക്ക് അത്രയും തുക മാറ്റിവയ്ക്കേണ്ടിവരില്ല. ആയതിനാൽ നിശ്ചിത 10 ശതമാനം തുക വകുപ്പുകൾ നീക്കിവയ്ക്കേണ്ട ആവശ്യമുള്ളതായി കാണുന്നില്ല. ഇത് വാർഷിക പദ്ധതി ആസൂത്രണ വേളയിൽ ഉറപ്പു വരുത്തേണ്ടത് ആസൂത്രണ ബോർഡാണ്.

(റഫ.നം.ഡി.എം.എ 4/166/2019-ഡി.എം.ഡി. തീയതി 02.05.2025)

ശിപാർശ

കേന്ദ്ര സ്കീമുകൾ ലെജിസ്ലേറ്റീവ് ഫണ്ട് അല്ലാതെയുള്ള (MGNREGY പോലെയുള്ളവ) എല്ലാ കേന്ദ്ര സ്കീമുകളിലെയും 10% തുക ഫ്ലക്സി ഫണ്ടായി അതത്

മേഖലകളിലെ ദുരന്ത ലഘൂകരണത്തിനായി മാറ്റിവയ്ക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയത് എല്ലാ വകുപ്പുകളും 2019-20 മുതൽ നിർബന്ധമായും പാലിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-22)

സ്വീകരിച്ച നടപടി

കേന്ദ്ര ദുരന്ത നിവാരണ നിയമം, 2005, സെക്ഷൻ 38 (2) (ഡി) പ്രകാരം എല്ലാ വകുപ്പുകളും പ്ലാൻ ഫണ്ടിന്റെ ഒരു നിശ്ചിത തുക പ്രസ്തുത മേഖലയിലെ ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി വകയിരുത്തണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ദുരന്ത നിവാരണ പ്രവർത്തനവുമായി ബന്ധപ്പെട്ട വകുപ്പുകൾ ഇതിനു വേണ്ടിയുള്ള ഫണ്ട് നീക്കിവച്ചിട്ടുണ്ട്. ലഘൂകരണം, തയ്യാറെടുപ്പ് തുടങ്ങിയ പ്രവർത്തനങ്ങൾക്കായി ഫണ്ടുകൾ മുൻകൂട്ടിതന്നെ കണ്ടെത്തേണ്ടതാണെങ്കിലും പല പ്രവർത്തനങ്ങളും ഏറ്റെടുക്കേണ്ടി വരിക ഒരു ദുരന്തം നാടന്നാലുടനെ ആയിരിക്കും. അത്തരം സാഹചര്യത്തിൽ ഫണ്ട് അഡീഷണൽ ആതറൈസേഷൻ മുഖേനയോ, റീഅപ്രോപ്രിയേഷൻ മുഖെനയോ കണ്ടെത്താൻ സാധിക്കും. സംസ്ഥാന/ജില്ലാതല ദുരന്തനിവാരണ പ്ലാനുകൾക്കനുസൃതമായി ആവശ്യം വേണ്ടിവരുന്ന ഫണ്ടുകൾ ബന്ധപ്പെട്ട പ്ലാനുകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് എന്ന് ബന്ധപ്പെട്ട വകുപ്പുകൾ ഉറപ്പുവരുത്തുന്നതായിരിക്കും അഭികാമ്യം. ചില വകുപ്പുകൾക്ക് 10%ൽ കൂടുതൽ മാറ്റിവയ്ക്കേണ്ടിവരുമ്പോൾ മറ്റുള്ളവർക്ക് അത്രയ്ക്കും തുക മാറ്റിവയ്ക്കേണ്ടിവരില്ല. ആയതിനാൽ നിശ്ചിത 10 ശതമാനം തുക വകുപ്പുകൾ നീക്കിവയ്ക്കേണ്ട ആവശ്യമായി കാണുന്നില്ല. ഇത് വാർഷിക പദ്ധതി ആസൂത്രണ വേളയിൽ ഉറപ്പു വരുത്തേണ്ടത് ആസൂത്രണ ബോർഡാണ്.

(റഫ.നം.ഡി.എം.എ.4/166/2019-ഡി.എം.ഡി തീയതി 02.05.2025)

2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച

ഒന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ. 4577/സബ് .സി.സി1/2016/നിസെ
KLS/5115/2025-Sub C B1)

പൊതു ശിപാർശ

പവർ ഗ്രിഡ് കോർപ്പറേഷന് വേണ്ടി കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുടെ സ്ഥലം വാങ്ങി നൽകിയപ്പോൾ എഗ്രിമെന്റ് പ്രകാരം പണത്തിനൊപ്പം സി.പി.സി.ആർ.ഐ യുടെ ഭൂമിയും യൂണിവേഴ്സിറ്റിക്ക് കൈമാറണമെന്ന് വ്യവസ്ഥയുണ്ടായിരുന്നതായി സമിതി മനസ്സിലാക്കുന്നു. മേല്പറഞ്ഞ കരാർ പ്രകാരം പ്രസ്തുത ഭൂമി യൂണിവേഴ്സിറ്റിക്ക് അടിയന്തരമായി കൈമാറുന്നതിന് നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-27)

സ്വീകരിച്ച നടപടി

കേരള കാർഷിക സർവ്വകലാശാലയുടെ 31.11 ഏക്കർ ഭൂമിയാണ് പവർഗ്രിഡ് കോർപ്പറേഷന കൈമാറിയിട്ടുള്ളത്. ഭൂമി വിട്ടു നൽകിയ സാഹചര്യത്തിൽ പകരമായി പീച്ചി/പാണഞ്ചേരി വില്ലേജിൽ കണ്ണാറയിലുള്ള വസ്തുവോ കൃഷി വകുപ്പിന്റെ കീഴിൽ കോഴിക്കോട് വേങ്ങേരിയിലുള്ള സ്ഥലമോ കാർഷിക സർവ്വകലാശയ്ക്ക് ലഭ്യമാക്കണമെന്നാണ് രജിസ്ട്രാറുടെ ആവശ്യം. ടി ഭൂമി നിലവിൽ കൃഷി വകുപ്പിന്റെ കൈവശമാണ്. ടി ഭൂമി കൈമാറുന്നത് സംബന്ധിച്ച് കൃഷി വകുപ്പിൽ നിന്ന് അഭിപ്രായം ലഭ്യമായിട്ടില്ല. ഈ വിഷയത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം കേരള കാർഷിക സർവകലാശയുടെ മെയിൻ

ക്യാമ്പസിൽ പെൺകുട്ടികൾക്കായുള്ള ഒരു ഹോസ്റ്റൽ CSR (Corporate Social Responsibility) പ്രവർത്തനത്തിൽഉൾപ്പെടുത്തി പവർഗ്രിഡ് കോർപ്പറേഷൻ 4.45 കോടി രൂപ ചെലവിട്ട് നിർമ്മിച്ചതായും, സർവ്വകലാശയുടെ ഭൂമിയിൽ നിന്നും മുറിച്ചു മാറ്റിയ 1600 മരങ്ങൾക്ക് പകരമായി 16000 വൃക്ഷതൈകൾ നട്ടു പരിപാലിക്കുന്നതിനായി 91,80,950/-രൂപ സർവ്വകലാശാലയ്ക്ക് നൽകുന്നതിന് പവർഗ്രിഡ് കോർപ്പറേഷനും കാർഷിക സർവ്വകലാശാലയും ധാരാണപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ടെന്നും ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശപ്രകാരം ഭൂമി വിട്ട് നല്കിയതിനാൽ സർവ്വകലാശാലയ്ക്ക് ആസ്തി നഷ്ടം സംഭവിച്ചു എന്നതിനാൽ നഷ്ടപരിഹാരത്തുകയ്ക്കൊപ്പം തത്തുല്യ ഭൂമിയും വേണമെന്നതാണ് സർവ്വകലാശാലയുടെ ആവശ്യം എന്നാൽ ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം ഏറ്റെടുക്കുന്ന ഭൂമിയ്ക്ക് നഷ്ട പരിഹാരം ലഭ്യമാക്കാമെന്നല്ലാതെ പകരം ഭൂമി ലഭ്യമാക്കാൻ വ്യവസ്ഥയില്ല എന്ന് സി.എൽ.ആർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. നഷ്ടപരിഹാര തുകയ്ക്കൊപ്പം തുല്യഭൂമി എന്ന ആവശ്യം ന്യായമല്ലാത്തതിനാൽ സർവ്വകലാശായ്ക്ക് ലഭ്യമാക്കുന്ന നഷ്ടപരിഹാരത്തുക വിനിയോഗിച്ചു പകരം ഭൂമി വാങ്ങാവുന്നതാണ് എന്നും തൃശ്ശൂർ ജില്ലയിൽ വിട്ട് നല്കാൻ മതിയായ സ്ഥലമില്ലെന്നും സർവ്വകലാശാല ആവശ്യപ്പെട്ടിട്ടുള്ള തൃശ്ശൂർ, കോഴിക്കോട് ജില്ലകളിലെ സ്ഥലങ്ങൾ കൃഷി വകുപ്പിന്റെ ഫാമുകളാണ് എന്നതിനാൽ ടി ഭൂമി സർവ്വകലാശാലയ്ക്ക് വിട്ട് നല്കുന്നതിന്മേൽ പ്രാഥമിക തീരുമാനം കൈക്കൊള്ളേണ്ടത് കൃഷി വകുപ്പാണെന്നും ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ മന്ത്രിതല ചർച്ചകൾ അവസാനഘട്ടത്തിലാണെന്നും തീരുമാനമാകുന്ന മുറയ്ക്ക് അന്തിമ മറുപടി എത്രയും വേഗം ലഭ്യമാക്കുന്നതാണെന്നും ബഹു. സമിതിയെ അറിയിക്കുന്നു.

(റഫ.നം.റവ-എൽ3/109/2020-റവ തീയതി 22.08.2025)

അദ്ധ്യായം VII

സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങളും.

സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളൊന്നും ഈ റിപ്പോർട്ട് കാലയളവിൽ സമർപ്പിച്ചിട്ടില്ല.

എ.പി.അനിൽ കുമാർ,

തിരുവനന്തപുരം, ചെയർപേഴ്സൺ,

2026 ഒക്ടോബർ 26 സബ്ജക്ട് കമ്മിറ്റി II.

അനുബന്ധം

2025 ആഗസ്റ്റ് 20 -ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2025 ആഗസ്റ്റ് 20-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് 12.00 മണിക്ക് നിയമസഭാ മന്ദിരത്തിലെ 610-ാം നമ്പർ സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സൺ ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. രാജന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി, ശ്രീ. വി. എൻ. വാസവനും താഴെ പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ഡോ. എൻ ജയരാജ്, ഗവ. ചീഫ് വിപ്പ് (വീഡിയോ കോൺഫറൻസ് മുഖേന)

2. ശ്രീ. അഹമ്മദ് ദേവർകോവിൽ

3. ശ്രീ. എം. രാജഗോപാലൻ

4. ശ്രീ. സനീഷ്കുമാർ ജോസഫ്

5. ശ്രീ. പി. വി. ശ്രീനിജിൻ

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി ഷീബാ വർഗീസ്, ജോയിന്റ് സെക്രട്ടറി

2. ശ്രീ. അനിൽ കുമാർ ബി., ഡെപ്യൂട്ടി സെക്രട്ടറി

3. ശ്രീ. മോഹനൻ ഒ., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. എം. ജി. രാജമാണിക്യം, സെക്രട്ടറി, റവന്യൂ - ദുരന്തനിവാരണം - ദേവസ്വം വകുപ്പ്.

2. ശ്രീമതി ശ്രീധന്യ സുരേഷ്, ഡയറക്ടർ, സാമൂഹിക സന്നദ്ധസേന & കേരള യൂത്ത് ലീഡർഷിപ്പ് അക്കാഡമി (KYLA)

3. ശ്രീ. ബി. പ്രതാപചന്ദ്രൻ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.

4. ശ്രീ. ടി. ആർ. ജയപാൽ, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

5. ശ്രീ. മുഹമ്മദ് റിയാസ്, അഡീഷണൽ സെക്രട്ടറി, പൊതു ഭരണ വകുപ്പ്.

6. ശ്രീമതി ബിന്ദു സി. വർഗീസ്, അഡീഷണൽ സെക്രട്ടറി, ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പ്.

7. ശ്രീമതി രജനി എം., ജോയിന്റ് സെക്രട്ടറി, സാംസ്കാരികകാര്യവകുപ്പ്.

8. ശ്രീമതി രജനി സി., ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ്.

9. ശ്രീ അനു എസ്. നായർ, ഡെപ്യൂട്ടി സെക്രട്ടറി, റവന്യൂ വകുപ്പ്.

10. ശ്രീമതി ലത എസ്., സെക്രട്ടറി, കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ്.

11. ശ്രീമതി മഞ്ജു എം. കുമാർ, ഡെപ്യൂട്ടി ഡയറക്ടർ, സാംസ്കാരികകാര്യവകുപ്പ്.

12. ശ്രീ. ലോഹിതാക്ഷൻ വി., ഡെപ്യൂട്ടി ഡയറക്ടർ, സർവ്വേ ഡയറക്ടറേറ്റ്.

13. ഡോ. ജയന്തി സുധാകരൻ, അസിസ്റ്റൻറ് കമ്മീഷണർ(എൽ. ആർ.), റവന്യൂ വകുപ്പ്.

14. ശ്രീ. അനി ബി. പി., അസിസ്റ്റൻറ് കമ്മീഷണർ (ഡി. എം.), ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്.

15. ശ്രീമതി ഷീബ ജി. ആർ., സീനിയർ ഫിനാൻസ് ഓഫീസർ, റവന്യൂ വകുപ്പ്.

16. ശ്രീ. ഒ. ബി. അരുൺകുമാർ, അഡ്മിനിസ്ട്രേറ്റർ, ഗുരുവായൂർ ദേവസ്വം ബോർഡ്.

കരട് ചട്ടങ്ങൾ, എസ്.ആർ.ഒ., വിവിധ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ, വിവിധ സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച

വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ എന്നിവ സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

I. കരട് ചട്ടങ്ങളുടെ പരിഗണന

1) ഗുരുവായൂർ ദേവസ്വം ബോർഡ് റൂൾസ് – റൂൾ 8 ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച കരട് ചട്ടം

(ഫയൽ നം. KLS/4671/2025-Sub. C.B1)

ഗുരുവായൂർ ദേവസ്വം റൂൾസിലെ, റൂൾ 8 പ്രകാരം "The committee may undertake construction works for purposes mentioned in Sections 21 and 27. But prior sanction of the Commissioner shall be obtained in respect of any new work costing over rupees five lakhs"എന്ന വ്യവസ്ഥയിലെ അഞ്ചുലക്ഷം എന്നത് കാലാനുസൃതമായി 50 ലക്ഷം ആയി വർദ്ധിപ്പിക്കുന്നതിനായിട്ടാണ് റൂൾ 8 ഭേദഗതി ചെയ്യുന്നതെന്ന് റവന്യൂ (ദേവസ്വം) വകുപ്പ് സെക്രട്ടറി വിശദീകരിച്ചു.

പ്രസ്തുത ഭേദഗതി നിർദ്ദേശം സമിതി അംഗീകരിക്കുകയും റൂൾ 8 താഴെപ്പറയും പ്രകാരം ഭേദഗതി വരുത്താൻ തീരുമാനിക്കുകയും ചെയ്തു.

"The committee may undertake construction works for purposes mentioned in Sections 21 and 27. But prior sanction of the Commissioner shall be obtained in respect of any new work costing over rupees fifty lakhs"

കൂടാതെ പ്രസ്തുത കരട് ചട്ടത്തിന്റെ ചുരുക്കപ്പേരും പ്രാരംഭവും - 1. Short title and commencement:- "(1) These rules may be called The Guruvayur Devaswom (Amendment) Rules, 2025"എന്ന് ഭേദഗതി വരുത്താനും സമിതി തീരുമാനിച്ചു. പ്രസ്തുത ഭേദഗതിയോടെ കരട് ചട്ടം സമിതി അംഗീകരിച്ചു.

2) 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ് ഭേദഗതി ചട്ടം- ചട്ടം 3(3) ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച കരട് ചട്ടം.

(ഫയൽ നം. KLS/4860/2025-Sub. C.B1)

സർക്കാർ വകുപ്പുകളിലെ വകുപ്പ് മേധാവിമാരുടെ നിയമനങ്ങൾക്ക് ബാധകമായിട്ടുള്ള KS&SSR -ലെ ചട്ടം 28(a)(1)-ലെ വ്യവസ്ഥ തിരുവിതാംകൂർ

ദേവസ്വം ബോർഡ് സ്പെഷ്യൽ റൂൾസിനും കൂടി ബാധകമാക്കുന്നതിനാണ് പ്രസ്തുത ഭേദഗതി കൊണ്ടുവന്നിരിക്കുന്നതെന്നും പ്രൊബേഷൻ കാലാവധി പൂർത്തീകരിക്കാൻ ഏതാനും മാസങ്ങളുടെ കുറവുണ്ടെങ്കിൽ അതുയും കാലം വകുപ്പിന് തലവൻ ഇല്ലാതിരിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനാണ് അങ്ങനെ ഒരു വ്യവസ്ഥ KS&SSR-ൽ ഉൾക്കൊള്ളിച്ചിരിക്കുന്നതെന്നും നിയമസഭാ സെക്രട്ടേറിയറ്റ് ജോയിന്റ് സെക്രട്ടറി വിശദീകരിച്ചു.

സർക്കാർ വകുപ്പിലെ മേധാവികൾക്ക് ബാധകമായിട്ടുള്ള KS&SSR നിയമം ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡിന്റെ കാര്യത്തിൽ ബാധകമാക്കുന്നതിനെ കുറിച്ച് സമിതി ചർച്ച ചെയ്തു.

കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ് (KDRB) ചട്ടം അനുസരിച്ച് ദേവസ്വം വകുപ്പിന്റെ മേധാവി ദേവസ്വം കമ്മീഷണർ ആണെന്നും തിരുവിതാംകൂർ ദേവസ്വം കമ്മീഷണർ തസ്തികയിലേക്ക് പ്രൊബേഷൻ പൂർത്തീകരിക്കാത്ത ആളിന് KS&SSR-ലെ ചട്ടം 28(a)(1) അനുസരിച്ച് നിയമനം നല്കിയ നടപടി ചോദ്യം ചെയ്തുകൊണ്ടുള്ള ഹർജിയിന്മേൽ പ്രസ്തുത ചട്ടം KDRB സ്പെഷ്യൽ റൂൾസിൽ അഡോപ്റ്റ് ചെയ്തിട്ടില്ലാത്ത കാരണത്താൽ ബഹു. ഹൈക്കോടതി റദ്ദ് ചെയ്ത സാഹചര്യത്തിലാണ് KS&SSR-ലെ 28 മുതൽ 30 വരെയുള്ള ചട്ടങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് കെ.ഡി.ആർ.ബി. ചട്ടങ്ങളിലെ ചട്ടം 3(3)-ൽ ഭേദഗതി വരുത്തുന്നതിന് തീരുമാനിച്ചതെന്നും റവന്യൂ (ദേവസ്വം) വകുപ്പ് സെക്രട്ടറി വിശദീകരിച്ചു. കൂടാതെ, ഡി.പി.സി.യുടെ നടപടിക്രമങ്ങളും സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതും സംബന്ധിച്ച മറ്റു വ്യവസ്ഥകളൊന്നും KDRB ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ, ഡി.പി.സി. കൈക്കൊള്ളുന്ന തീരുമാനങ്ങൾക്ക് ആവശ്യമായ നിയമസാധുത നൽകുന്നതിലേക്കായി സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച വിഷയങ്ങളിൽ KS&SSR-ലെ ബന്ധപ്പെട്ട ചട്ടങ്ങൾ ബാധകമാക്കുന്നതിനാണ് KDRB ചട്ടങ്ങളിലെ ചട്ടം 3(3) - ൽ ആവശ്യമായ ഭേദഗതി വരുത്തുന്നത് എന്നും റവന്യൂ(ദേവസ്വം) വകുപ്പ് സെക്രട്ടറി കൂട്ടിച്ചേർത്തു.

കെ.എസ്.എഫ്.ഇ.-യിലും കെ. എസ്. ഇ. ബി. എൽ -ലും KS&SSR, KSR എന്നിവ ബാധകമാക്കുന്നുണ്ടെന്നും KDRB റൂൾസിൽ ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡിലെ പ്രമോഷനുകൾ ഡി.പി.സി. ചേർന്ന് നടത്തണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിലും ഡി.പി.സി. യുടെ പ്രൊസീജിയർ സംബന്ധിച്ച് പരാമർശിക്കുന്നില്ലെന്നും ആയതിനാൽ, ദേവസ്വം ബോർഡിലെ ഡി.പി.സി.യുടെ പ്രൊസീജറിൽ KS&SSR-ലെ 28 മുതൽ 30 വരെയുള്ള ചട്ടങ്ങൾ ബാധകമാക്കുന്നതിനാണ് ചട്ടം 3(3)-ൽ ഭേദഗതി വരുത്തുന്നത് എന്നും നിയമ വകുപ്പ് സെക്രട്ടറി വിശദീകരിച്ചു.

തുടർന്ന് പ്രസ്തുത കരട് ചട്ടം ഭേദഗതി കൂടാതെ സമിതി അംഗീകരിച്ചു.

3) The Kerala Revenue Recovery (Amendment) Act, 2024-ന്മേലുള്ള കരട് ചട്ടം.

(ഫയൽ നം. KLS/4440/2025-Sub. C.B1)

റവന്യൂ വകുപ്പിൽ നിന്നും ലഭ്യമാക്കിയ The Kerala Revenue Recovery (Amendment) Act, 2024 -ന്മേലുള്ള കരട് ചട്ടം സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

II. എസ്. ആർ. ഒ. സാധൂകരണം

1) 2024-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ഭേദഗതി ചട്ടങ്ങൾ - എസ്. ആർ. ഒ. നമ്പർ 619/2024 തീയതി 18.07.2024

(ഫയൽ നം. 20724/സബ്.സി.ബി1/2024/നി.സെ.)

2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾക്ക് അനുബന്ധമായ ഫാറം 5-ൽ "പ്രാദേശിക നിരീക്ഷണ സമിതിയുടെ ശിപാർശ സംബന്ധിച്ച്" എന്നീ വാക്കുകൾ ഒഴിവാക്കി ഭേദഗതി ചെയ്യുമ്പോൾ പ്രസ്തുത പേജിന്റെ അവസാനം ഒപ്പ് രേഖപ്പെടുത്തേണ്ട ഭാഗത്ത് "കൺവീനർ, പ്രാദേശിക നിരീക്ഷണ സമിതി ആൻഡ്" എന്നീ വാക്കുകൾ ഒഴിവാക്കണമെന്ന നിയമസഭാ സെക്രട്ടേറിയറ്റ് ജോയിന്റ് സെക്രട്ടറിയുടെ നിർദേശം സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

തുടർന്ന് 2024-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ഭേദഗതി ചട്ടങ്ങൾ –എസ്.ആർ.ഒ. നമ്പർ 619/2024 തീയതി 18.07.2024 പുറപ്പെടുവിച്ച നടപടി സമിതി സാധൂകരിച്ചു.

III. നടപടി സ്റ്റേറ്റ്മെൻറ് പരിഗണന.

1) 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്. (ഫയൽ നമ്പർ 3015/2020/& KLS/ 5367/2025)

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ 2019-20 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ 21, 22 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ദുരന്തനിവാരണ വകുപ്പിൽ നിന്ന് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ, കാലതാമസപത്രികകൾ എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2) 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്. (ഫയൽ നമ്പർ 12292/2021 & KLS/4945/2025)

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 9 -ലെ ശിപാർശയിന്മേൽ റവന്യൂ വകുപ്പിൽ നിന്ന് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെൻറ്, കാലതാമസപത്രിക എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

3) 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്. (ഫയൽ നമ്പർ 11440/2022 & KLS/4763/2025)

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ 4, 5, 10, 11 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ

റവന്യൂ വകുപ്പിൽ നിന്ന് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ, കാലതാമസപത്രികകൾ എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക 10-ലെ ശിപാർശ പരിഗണിച്ച വേളയിൽ, കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമി റവന്യൂ വകുപ്പിന്റെ കീഴിൽ വരുന്നതല്ലെന്ന് സെക്രട്ടറി അറിയിച്ചു. എന്നാൽ യൂത്ത് ലീഡർഷിപ്പ് അക്കാദമി രൂപീകരിച്ചതു മുതൽ റവന്യൂ വകുപ്പിന്റെ 2053 എന്ന ശീർഷകത്തിലാണ് സാമൂഹിക സന്നദ്ധസേന ഉൾപ്പെടുത്തിയിരിക്കുന്നതെന്നും ആയതിനാലാണ് അക്കാഡമിക്കായി പ്രത്യേകം നോൺ പ്ലാൻ ശീർഷകത്തിൽ തുക ആവശ്യപ്പെട്ടതെന്നും, എന്നാൽ ആവശ്യപ്പെട്ട തുക ലഭ്യമാക്കിയിട്ടില്ലെന്നും സാമൂഹിക സന്നദ്ധസേനാ ഡയറക്ടർ വിശദീകരിച്ചു.

സാമൂഹിക സന്നദ്ധസേനാ ഡയറക്ടറേറ്റിന് പ്രത്യേക ശീർഷകം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം പരിഹരിച്ച് തുക അനുവദിക്കുന്നതിന് ധനകാര്യ വകുപ്പിനോട് ശിപാർശ ചെയ്യാമെന്ന് സമിതി തീരുമാനിച്ചു.

4) <u>2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്. (ഫയൽ നമ്പർ 12255/2023 & KLS/4905/2025)</u>

ഭൂനികുതിയുംദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ 2023-24 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 4, 21 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ റവന്യൂ വകുപ്പും ഖണ്ഡിക 22-ലെ ശിപാർശയിന്മേൽ സാംസ്കാരികകാര്യ വകുപ്പും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ, കാലതാമസപത്രികകൾ എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഖണ്ഡിക 21 -ലെ ശിപാർശയിന്മേൽ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെൻറ് പരിഗണിച്ച വേളയിൽ, ഭൂമി തരംമാറ്റം, റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള

ഔദ്യോഗിക കൃത്യനിർവഹണത്തിനായി ആഴ്ചയിൽ രണ്ടുദിവസം ഉപയോഗിക്കാമെന്ന വ്യവസ്ഥയിൽ 3 വില്ലേജ് ഓഫീസുകൾക്കായി ഒരു വാഹനം വാടകയ്ക്ക് എടുക്കുന്നതിലേക്കാണ് ഒരു പദ്ധതി രൂപീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചതെന്നും അതിന്റെ പ്രാധാന്യം കണക്കിലെടുത്ത് പ്രസ്തുത ആവശ്യം വരും വർഷങ്ങളിലും വീണ്ടും ശിപാർശ ചെയ്യാമെന്നും സമിതി തീരുമാനിച്ചു.

സാംസ്കാരികകാര്യ വകുപ്പിൽ നിന്നും ഖണ്ഡിക 22 -ലെ ശിപാർശയിന്മേൽ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റിന്റെ പരിഗണനാവേളയിൽ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ച പദ്ധതി പ്രകാരം വൈക്കം സത്യാഗ്രഹത്തിന്റെ ശതാബ്ദി സ്മാരക മന്ദിരത്തിന്റെ നിർമ്മാണത്തിനായി 2025-26 വർഷത്തെ ബഡ്ജറ്റിൽ 5 കോടി രൂപ കൂടി വകയിരുത്തുമെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഡയറക്ടറേറ്റിൽ നിന്നും പ്രൊപ്പോസൽ തയ്യാറാക്കി വരുന്നുണ്ടെന്ന് സാംസ്കാരിക വകുപ്പ് സെക്രട്ടറി അറിയിച്ചു.

വൈക്കം സത്യാഗ്രഹവുമായും ആലുവ സർവമത സമ്മേളനവുമായും ബന്ധപ്പെട്ട പരിപാടികൾ സംയോജിപ്പിച്ച് സാംസ്കാരികകാര്യ വകുപ്പിന്റെ പ്രോഗ്രാമായി നടത്തുന്നതിനായി 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്ന് സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവൻ വ്യക്തമാക്കി.

5) 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്. (ഫയൽ നമ്പർ 12960/2024 & KLS/3712/2025)

2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ താഴെപ്പറയുന്ന സമിതി ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഖണ്ഡിക 9

ഖണ്ഡിക 9 -ലെ ശിപാർശയിന്മേൽ പൊതുഭരണ (ഏകോപനം) വകുപ്പിൽ നിന്ന് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെൻറ് സമിതി പരിഗണിച്ച വേളയിൽ, പ്രസ്തുത ശിപാർശയിന്മേൽ മാർച്ച് മാസം അവസാന ആഴ്ചയിലാണ് നോൺ പ്ലാൻ ഇനത്തിൽ വകയിരുത്തിയിരുന്ന 37.38 ലക്ഷം രൂപയിൽ 35 ലക്ഷം രൂപ അനുവദിച്ചതെന്നും ഇതിൽ 33 ലക്ഷം രൂപ ചെലവഴിച്ചെന്നും ബാക്കിയുള്ള 2 ലക്ഷം രൂപ കോൺഫറൻസ് ഹാൾ നവീകരിക്കുന്നതിന് പര്യാപ്തമല്ലെന്നും സാമൂഹിക സന്നദ്ധസേന, യൂത്ത് ലീഡർഷിപ്പ് അക്കാദമി എന്നിവയുടെ പ്രവർത്തനങ്ങൾക്കായി നിലവിൽ ഓഫീസ് സംവിധാനം ഇല്ലാത്തതിനാൽ അധികതുക അനുവദിക്കുന്നതിന് സമിതിയുടെ ശിപാർശ ആവശ്യമാണെന്നും സാമൂഹിക സന്നദ്ധസേന & കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമി ഡയറക്ടർ വിശദീകരിച്ചു.

പ്രസ്തുത സാഹചര്യം പരിഗണിച്ച സമിതി, സാമൂഹിക സന്നദ്ധസേന, കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമി എന്നിവയ്ക്കായി അധികമായി ആവശ്യപ്പെട്ട തുക അനുവദിക്കുന്നതിന് വീണ്ടും ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ഖണ്ഡിക 1, 2, 3, 4, 15, 24, 25

സമിതി, ഖണ്ഡിക 1, 2, 3, 4, 15, 24, 25 എന്നിവയിലെ ശിപാർശകളിന്മേൽ റവന്യൂ വകുപ്പിൽ നിന്ന് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. ബഡ്ജറ്റ് വിഹിതം പൂർണമായും അനുവദിക്കാതെ, അനുവദിച്ച തുക പൂർണമായും ചെലവഴിച്ചിട്ടില്ല മുതലായ അടിസ്ഥാനരഹിതമായ കാരണങ്ങളാണ് നടപടി റിപ്പോർട്ടിൽ സർക്കാർ വകുപ്പുകൾ രേഖപ്പെടുത്തുന്നതെന്നും ബഡ്ജറ്റിൽ വകയിരുത്തിയ തുക, അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച് വ്യക്തത വരുത്തിയ നടപടി റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

ഖണ്ഡിക 11 –14, 16 –22

പ്രസ്തുത റിപ്പോർട്ടിലെ, 11 മുതൽ 14 വരെയും 16 മുതൽ 22 വരെയുമുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ റവന്യൂ(ദേവസ്വം) വകുപ്പിൽ നിന്ന് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

IV. വിവിധ സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ, കാലതാമസപത്രികകൾ എന്നിവയുടെ പരിഗണന.

1) 2023-24 സാമ്പത്തികവർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ – കാലതാമസപത്രിക സഹിതം (ഫയൽ നമ്പർ 1845/2024 &KLS/5002/2025)

i) റവന്യൂ വകുപ്പിൽ നിന്നും ലഭ്യമാക്കിയ ലാൻഡ് റവന്യൂ കമ്മീഷണറേറ്റുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന നമ്പർ VI (ഭ്രനികുതി), XI (ജില്ലാഭരണവും പലവകയും), XXVII (പലവക സാമ്പത്തികസർവ്വീസുകൾ) എന്നിവയിന്മേൽ 2023-24 സാമ്പത്തിക വർഷം അനുവദിച്ച ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ, ആയവ യഥാസമയം സഭയിൽ സമർപ്പിക്കാതിരുന്നത് സംബന്ധിച്ച കാലതാമസപത്രികകൾ എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ii) റവന്യൂ(ദേവസ്വം) വകുപ്പിൽ നിന്നും ലഭ്യമാക്കിയ ധനാഭ്യർത്ഥന നമ്പർ XX (ശുദ്ധജല വിതരണവും ശുചീകരണവും) -ന്മേൽ "ശബരിമല ശുചീകരണ പദ്ധതിക്കുള്ള ധനസഹായം" എന്ന ശീർഷകത്തിലേക്ക് അനുവദിച്ച ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ട്, ആയത് യഥാസമയം സഭയിൽ സമർപ്പിക്കാതിരുന്നത് സംബന്ധിച്ച കാലതാമസപത്രിക എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

iii) റവന്യൂ(ദേവസ്വം) വകുപ്പിൽ നിന്നും ലഭ്യമാക്കിയ ധനാഭ്യർത്ഥന നമ്പർ XXIX (കൃഷി) -ന്മേൽ "ശബരിമല മാസ്റ്റർ പ്ലാൻ " എന്ന ശീർഷകത്തിലേക്ക് അനുവദിച്ച ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ട്, ആയത് യഥാസമയം സഭയിൽ സമർപ്പിക്കാതിരുന്നത് സംബന്ധിച്ച

കാലതാമസപത്രിക എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

iv) റവന്യൂ(ദേവസ്വം) വകുപ്പിൽ നിന്നും ലഭ്യമാക്കിയ ധനാഭ്യർത്ഥന നമ്പർ XI (ജില്ലാഭരണവും പലവകയും) -ന്മേൽ "കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ്" എന്ന ശീർഷകത്തിലേക്ക് അനുവദിച്ച ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ട്, ആയത് യഥാസമയം സഭയിൽ സമർപ്പിക്കാതിരുന്നത് സംബന്ധിച്ച കാലതാമസപത്രിക എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

പ്രസ്തുത വാർഷിക പ്രവർത്തന റിപ്പോർട്ട് പരിഗണിച്ച വേളയിൽ, 2023-24 സാമ്പത്തിക വർഷത്തെ ജനുവരി മുതൽ മാർച്ച് വരെയുള്ള അവസാന മൂന്നു മാസങ്ങളിലെ ശമ്പളയിനത്തിലെ ചെലവുകൾ കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചതിനാൽ ആ തുക റീഫ്രൂപ് ചെയ്തു നൽകുന്നതിന് ധനകാര്യവകുപ്പിനോട് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

V സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ വിഷയങ്ങൾ.

1) 12.06.2019, 11.07.2024 തീയതികളിലെ ബഹു.സ്പീക്കറുടെ റൂളിംഗുകൾ - കരട് ചട്ടങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നത് സംബന്ധിച്ച്.

The Kerala Government Land Assignment (Amendment) Act, 2023-ന്റെ തുടർനടപടി

(ഫയൽ നമ്പർ KLS/2996/2025)

The Kerala Government Land Assignment (Amendment) Act, 2023 -ന്മേലുള്ള ചട്ടരൂപീകരണം സംബന്ധിച്ച നിലവിലെ സ്ഥിതി വിവരങ്ങൾ സംബന്ധിച്ച് റവന്യൂ വകുപ്പിൽ നിന്നും അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

2) ഫയൽ അദാലത്ത്-കൂടിശ്ശിക ഫയലുകൾ തീർപ്പാക്കുന്നത് സംബന്ധിച്ച്.

(ഫയൽ നമ്പർ KLS/6774/2025)

സർക്കാരിന്റെ ഫയൽ അദാലത്തിന്റെ ഭാഗമായി നിയമസഭാ സെക്രട്ടേറിയറ്റിലും 2025 ഒക്ടോബർ 15 വരെ ഫയൽ അദാലത്ത് സംഘടിപ്പിക്കുവാനുള്ള ബഹു. സ്പീക്കറുടെ നിർദ്ദേശവും സമിതിയുടെ മുൻപിൽ കൂടിശ്ശികയായുള്ള താഴെപ്പറയുന്ന വിഷയങ്ങളും ജോയിന്റ് സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

i) കരട് ചട്ടങ്ങൾ/ എസ്.ആർ.ഒ. ലഭ്യമാക്കുന്നത് സംബന്ധിച്ച ഫയലുകൾ

a. സബ്ജക്ട് കമ്മിറ്റി II, IV എന്നിവയുടെ സംയുക്ത യോഗം - ദി കേരള ഗവൺമെൻറ് ലാൻഡ് അലോട്ട്മെൻറ് ആൻഡ് അസൈൻമെൻറ് ഫോർ ഇൻഡസ്ട്രിയൽ പർപ്പസസ് റൂൾസ്, 1998 സംബന്ധിച്ച്. **(ഫയൽ നമ്പർ 6371/2019 & KLS/2877/2025)**

ദി കേരള ഗവൺമെൻറ് ലാൻഡ് അലോട്ട്മെൻറ് ആന്റ് അസൈൻമെൻറ് ഫോർ ഇൻഡസ്ട്രിയൽ പർപ്പസസ് റൂൾസ്, 2023 -ലെ എസ്. ആർ. ഒ. യിലെ അപാകതകൾ പരിഹരിച്ച് പരിഷ്കരിച്ച എസ്. ആർ. ഒ. റവന്യൂ(യു) വകുപ്പിൽ നിന്ന് പ്രസ്തുത യോഗദിവസമാണ് ലഭ്യമാക്കിയത് എന്നത് ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് ടി വിഷയം സമിതിയുടെ അടുത്ത യോഗത്തിൽ പരിഗണിക്കാമെന്ന് തീരുമാനിച്ചു.

b. 1995 -ലെ മുനിസിപ്പൽ ഭൂമി പതിവ് ചട്ടങ്ങൾ - കരട് ചട്ടം സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നത് സംബന്ധിച്ച്.

(ഫയൽ നമ്പർ 1189/2023 & KLS 4915/2025)

സമിതിയുടെ 2023 ജൂലൈ 4 -ാം തീയതിയിലെ യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്ത 1995-ലെ മുനിസിപ്പൽ ഭൂമി പതിവ് ചട്ടങ്ങൾ സംബന്ധിച്ച കരട് ചട്ടത്തിന്മേലുള്ള എസ്. ആർ. ഒ. വിജ്ഞാപനത്തിന്റെ 5 പകർപ്പുകൾ ലഭ്യമാക്കുവാൻ ശേഷിച്ചിരുന്നുവെന്നും

ആയത് റവന്യൂ വകുപ്പിൽ നിന്നും യോഗദിവസം ലഭ്യമാക്കിയിട്ടുണ്ടെന്നും നിയമസഭാ സെക്രട്ടറിയേറ്റ് ജോയിന്റ് സെക്രട്ടറി അറിയിച്ചു.

പ്രസ്തുത എസ്.ആർ.ഒ. 2023 ഡിസംബർ 28 -ാം തീയതി പ്രസിദ്ധീകരിച്ചിരുന്നുവെന്നും ആയത് സമിതി മുമ്പാകെ സമർപ്പിക്കാൻ കാലതാമസം വരുത്തിയത് വകുപ്പിന്റെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണെന്നും അഭിപ്രായപ്പെട്ട സമിതി, ഇക്കാര്യം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് റവന്യൂ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നല്കി.

ii) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിന്മേലുള്ള തുടർ നടപടി സംബന്ധിച്ച ഫയലുകൾ

a. 2016-17 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് - തുടർനടപടി സംബന്ധിച്ച്.

(ഫയൽ നമ്പർ 4577/2016 & KLS/5115/2025)

പ്രസ്തുത റിപ്പോർട്ടിലെ മറുപടി ലഭ്യമാക്കുവാൻ ശേഷിക്കുന്ന ഖണ്ഡിക 27-ലെ ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച അന്തിമറിപ്പോർട്ട് റവന്യൂ(എൽ) വകുപ്പിൽ നിന്ന് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

b. 2021-22 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് - തുടർനടപടി സംബന്ധിച്ച്.

(ഫയൽ നമ്പർ 12292/2021 & KLS/4945/2025)

പ്രസ്തുത റിപ്പോർട്ടിലെ മറുപടി ലഭ്യമാക്കുവാൻ ശേഷിക്കുന്ന ഖണ്ഡിക 26-ലെ ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെൻറ്, കാലതാമസപത്രിക എന്നിവ റവന്യൂ(ജി) വകുപ്പിൽ നിന്ന് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

c. 2022-23 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് - തുടർനടപടി സംബന്ധിച്ച്.

(ഫയൽ നമ്പർ 11440/2022 & KLS/4763/2025)

പ്രസ്തുത റിപ്പോർട്ടിലെ മറുപടി ലഭ്യമാക്കുവാൻ ശേഷിക്കുന്ന ഖണ്ഡിക 7-ലെ ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെൻറ്, കാലതാമസപത്രിക എന്നിവ റവന്യൂ (പി.എസ്.) വകുപ്പിൽ നിന്നും ഖണ്ഡിക 3-ലെ ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെൻറ് യഥാസമയം ലഭ്യമാക്കാതിരുന്നതിനുള്ള കാരണം വ്യക്തമാക്കുന്ന കാലതാമസപത്രിക റവന്യൂ (പി) വകുപ്പിൽ നിന്നും അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

ഒരു സാമ്പത്തികവർഷം അവസാനിക്കുമ്പോൾത്തന്നെ ധനാഭ്യർത്ഥന സംബന്ധിച്ച എല്ലാ നടപടി റിപ്പോർട്ടുകളും ലഭ്യമാക്കുവാൻ കഴിയുമെന്നതിനാൽ ഇക്കാര്യത്തിൽ അതത് വകുപ്പുകൾ കാലതാമസം ഒഴിവാക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

നടപടി സംബന്ധിച്ച റിപ്പോർട്ടിൽ ആവശ്യമുള്ള കാര്യങ്ങൾ മാത്രം രേഖപ്പെടുത്തുന്ന രീതിയിൽ നിയമസഭാ സെക്രട്ടേറിയറ്റിന്റെ ഒരു ടെംപ്ലേറ്റ് തയ്യാറാക്കിയാൽ ഉചിതമായിരിക്കുമെന്ന് റവന്യൂ വകുപ്പ് സെക്രട്ടറി അഭിപ്രായപ്പെട്ടു. നടപടി റിപ്പോർട്ടുകൾ ലഭ്യമാക്കേണ്ടത് നിശ്ചിത ടേബിൾ ഫോർമാറ്റിലാണെന്നും ഇ-ഫയലിംഗ് സമ്പ്രദായം കൂടുതൽ കാര്യക്ഷമമാകുമ്പോൾ ഇത്തരം ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ സാധിക്കുമെന്നും നിയമസഭാ സെക്രട്ടേറിയറ്റ് ജോയിന്റ് സെക്രട്ടറി മറുപടി നല്കി.

III) വിവിധ സാമ്പത്തികവർഷങ്ങളിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച ഫയലുകൾ

2016-17 മുതൽ 2024-25 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച ഫയലുകൾ :

2016-17 മുതൽ 2024-25 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ ഇനിയും ലഭ്യമാക്കുവാൻ അവശേഷിക്കുന്ന വിഷയം സമിതി പരിഗണിച്ചു.

നിലവിൽ സർക്കാരിന്റെ ഫയൽ അദാലത്ത് പുരോഗമിക്കുന്ന വിവരം എല്ലാ ഉദ്യോഗസ്ഥർക്കും അറിവുള്ളതാണെന്നും റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിലുണ്ടാകുന്ന അനാവശ്യ കാലതാമസം ഒഴിവാക്കണമെന്നും സമിതി നിർദ്ദേശിച്ചു. കൂടാതെ ആക്ഷൻ ടേക്കൺ റിപ്പോർട്ടും പീരിയോഡിക്കൽ റിപ്പോർട്ടും അടുത്ത സഭാസമ്മേളനത്തിൽ സമർപ്പിക്കേണ്ടതുണ്ടെന്നും സമിതിയുടെ പരിഗണനക്ക് സമർപ്പിക്കുവാൻ അവശേഷിക്കുന്ന എല്ലാ വാർഷിക പ്രവർത്തന റിപ്പോർട്ടുകളും സഭയുടെ മുമ്പാകെ സമർപ്പിക്കേണ്ടതായ മറ്റെല്ലാ റിപ്പോർട്ടുകളും സെപ്റ്റംബർ 15-ാം തീയതിക്ക് മുൻപ് സമിതിക്ക് ലഭ്യമാക്കണമെന്നും വകുപ്പ് സെക്രട്ടറിമാർക്ക് സമിതി നിർദ്ദേശം നല്കി.

ചില വകുപ്പുകളിൽ നിന്നും ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾക്ക് പകരം വാർഷിക ഭരണ റിപ്പോർട്ടാണ് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് ലഭ്യമാക്കുന്നതെന്നും ആയത് മേശപ്പുറത്ത് വച്ച കടലാസുകൾ സംബന്ധിച്ച സമിതി വിഭാഗത്തിന്റെ ചുമതലയിലുള്ള വിഷയമാണെന്നും നിയമസഭാ സെക്രട്ടേറിയറ്റ് ജോയിന്റ് സെക്രട്ടറി ശ്രദ്ധയിൽപ്പെടുത്തി.

സഭയുടെ മുമ്പാകെ സമർപ്പിക്കേണ്ട റിപ്പോർട്ടുകൾ ലഭ്യമാക്കേണ്ട വകുപ്പുകൾക്ക് ഒരിക്കൽക്കൂടി ഓർമ്മക്കുറിപ്പ് അയക്കണമെന്ന് നിർദ്ദേശിച്ചതോടൊപ്പം സമിതിയുടെ അടുത്ത യോഗം 15.09.2025-ന് തിരുവനന്തപുരത്ത് വച്ച് ചേരാമെന്നും സമിതി തീരുമാനിച്ചു.

ഉച്ചയ്ക്കുശേഷം ഒരു മണിക്ക് യോഗം അവസാനിച്ചു.

2025 സെപ്റ്റംബർ 15 -ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2025 സെപ്റ്റംബർ 15-ാം തീയതി തിങ്കളാഴ്ച സഭാസമ്മേളനത്തിനുശേഷം രാവിലെ 11.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർപേഴ്സൺ, ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. രാജന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. ഉന്നതവിദ്യാഭ്യാസ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവനും താഴെ പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ഡോ. എൻ ജയരാജ്, ഗവ. ചീഫ് വിപ്പ്
2. ശ്രീ. അഹമ്മദ് ദേവർകോവിൽ
3. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
4. ശ്രീ. കെ. ഡി. പ്രസേനൻ
5. ശ്രീ. പി. ടി. എ. റഹീം
6. ശ്രീ. എം. രാജഗോപാലൻ
7. ശ്രീ. സനീഷ്കുമാർ ജോസഫ്
8. ശ്രീ. പി. വി. ശ്രീനിജിൻ

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി ഷീബാ വർഗീസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീ. അനിൽ കുമാർ ബി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. മോഹനൻ ഒ., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. എം. ജി. രാജമാണിക്യം, സെക്രട്ടറി, റവന്യൂ വകുപ്പ്
2. ശ്രീമതി ജി. എസ്. ആശ, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
3. ശ്രീമതി അനുപമ ടി. വി., സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
4. ശ്രീ. ജെറോമിക് ജോർജ്, പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
5. ശ്രീ. ജാഫർഖാൻ എസ്., അഡീഷണൽ സെക്രട്ടറി, കൃഷി വകുപ്പ്
6. ശ്രീ. ആർ. എൽ. ഗോപകുമാർ, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്
7. ശ്രീ. ബി. പ്രതാപചന്ദ്രൻ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
8. ശ്രീ. റ്റി. ആർ. ജയപാൽ, അഡീഷണൽ സെക്രട്ടറി, റവന്യൂ(ദേവസ്വം) വകുപ്പ്
9. ശ്രീമതി ജോസ്നാമോൾ എസ്., ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ശ്രീമതി സംഗീത എ. എസ്., ഡെപ്യൂട്ടി ഡയറക്ടർ, കൃഷി വകുപ്പ്
11. ശ്രീ. ഗോപാലകൃഷ്ണൻ പോറ്റി വി., ഫിനാൻസ് ഓഫീസർ, ശബരിമല മാസ്റ്റർപ്ലാൻ

I. Kerala Government Land Assignment (Regularization of Contraventions) Rules, 2025 പരിഗണന.

റവന്യൂ വകുപ്പിൽ നിന്നും ലഭ്യമാക്കിയ Kerala Government Land Assignment (Regularization of Contraventions) Rules, 2025 -ന്റെ കരട് ചട്ടം സമിതി വിശദമായി പരിശോധിച്ചു.

പട്ടയഭൂമിയിൽ നിലനിൽക്കുന്ന നിയമപ്രകാരമുള്ള വ്യവസ്ഥകൾക്ക് ഏതെങ്കിലും വിധത്തിലുള്ള ലംഘനം ഉണ്ടായാൽ അവ ക്രമവൽക്കരിക്കുക എന്നതാണ് ഈ ചട്ട രൂപീകരണത്തിലൂടെയും നിയമഭേദഗതിയിലൂടെയും ഉദ്ദേശിക്കുന്നതെന്ന് സമിതി ചെയർപേഴ്സൺ ആമുഖമായി അറിയിച്ചു. 1960 -ലെ ഭൂപരിഷ്കരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ നിലവിലുള്ള 19 ചട്ടങ്ങളിൽ ഭൂമി അനുവദിക്കുന്നതും തിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൃത്യമായി നിർവചിച്ചിട്ടുണ്ടെന്നും പ്രസ്തുത നിയമത്തിന്റെ ഭാഗമായി രൂപീകരിക്കപ്പെട്ട ഓരോ ചട്ടങ്ങളും വ്യത്യസ്തങ്ങളായതുകൊണ്ട് താഴെ പറയുന്ന 11 ചട്ടങ്ങൾക്ക് ബാധകമാകുന്ന തരത്തിൽ ഒരു ചട്ടം വേണമെന്ന

എ.ജി.യുടെയും നിയമവകുപ്പിന്റെയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് അവ ഉൾപ്പെടുത്താൻ കഴിയുന്ന വിധത്തിലുള്ള ഒരു ഭേദഗതിക്ക് രൂപം നൽകിയതെന്നും ചെയർപേഴ്സൺ വിശദീകരിച്ചു.

1. Arable Forest Assignment Rules, 1970
2. Assignment of Land within Municipal and Corporation Areas Rules, 1995
3. Bhoodan Assignment Rules, 1962
4. Co-operative Colonization Scheme, 1971
5. High Range Colonization Scheme Rules, 1968
6. Kandukrishi Land Assignment Rules, 1958
7. The Kerala Assignment of Government Land to the Scheduled Tribe Rules, 2001
8. The Kerala Land Assignment (Regularization of Occupations of Forest Lands Prior to 1.1.1977) Special Rules, 1993
9. The Kerala Land Assignment Rules, 1964
10. Special Rules for the Assignment of Government land for Rubber Cultivation, 1960
11. Wynad Colonization Scheme Rules, 1969.

മേൽപ്പറഞ്ഞവ കൂടാതെ മറ്റേതെങ്കിലും ചട്ടം ഉൾപ്പെടുത്തേണ്ടി വന്നാൽ ഒരു ഗസറ്റ് വിജ്ഞാപനത്തിലൂടെ സർക്കാരിന് അത് അനുവദിക്കാൻ കഴിയുമെന്നും വളരെ ലളിതമായ രീതിയിലാണ് ചട്ടം തയ്യാറാക്കിയിരിക്കുന്നതെന്നും ചട്ടത്തിലെ ഓരോ ശീർഷകങ്ങളിലും അതുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ച് വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ടെന്നും സമിതി ചെയർപേഴ്സൺ കൂട്ടിച്ചേർത്തു.

ചട്ടം 3-ൽ ഡീംഡ് റെഗുലറൈസേഷന്റെ മാതൃക ഉൾപ്പെടുത്തിയിട്ടുണ്ടെന്നും 3000 ചതുരശ്ര അടിയിൽ കുറഞ്ഞ വിസ്തീർണ്ണമുള്ള എല്ലാ വാണിജ്യ കെട്ടിടങ്ങളും, എല്ലാ റസിഡൻഷ്യൽ ബിൽഡിംഗുകളും, എല്ലാ പൊതു കെട്ടിടങ്ങളും, എല്ലാ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളും ഉൾപ്പെട്ട നാല് കാറ്റഗറികളുടെ

റെഗുലറൈസേഷന് വേണ്ടിയാണ് ഡീംഡ് റെഗുലറൈസേഷൻ നിശ്ചയിച്ചതെന്നും അത്തരം കെട്ടിടങ്ങളുടെ റെഗുലറൈസേഷന് വേണ്ടി ReLIS സോഫ്റ്റ്വെയറിൽ തണ്ടപ്പേർ നൽകി വിവരങ്ങൾ സബ്മിറ്റ് ചെയ്ത് റെഗുലറൈസേഷനുള്ള അപേക്ഷ സമർപ്പിക്കാമെന്നും ചെയർപേഴ്സൺ വ്യക്തമാക്കി. ഇപ്രകാരം റെഗുലറൈസേഷനുവേണ്ടി അപേക്ഷകൻ കൊടുക്കുന്ന സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ ഭൂമി റെഗുലറൈസ് ചെയ്തതായി അറിയിച്ചുകൊണ്ട് അപ്പോൾ തന്നെ മറുപടി ലഭിക്കുന്ന വിധത്തിലാണ് ഈ സംവിധാനം ക്രമീകരിച്ചിട്ടുള്ളതെന്നും മുദ്രപത്രങ്ങളുടെ ലഭ്യതയിലുള്ള കാലതാമസം ഒഴിവാക്കാനായി തുക അടച്ചാൽ ഇ-സ്റ്റാമ്പ് പേപ്പർ ഓൺലൈനായി ലഭ്യമാകുമെന്നും ചെയർപേഴ്സൺ കൂട്ടിച്ചേർത്തു.

അപേക്ഷ സമർപ്പിച്ച 90 ദിവസത്തിനു ശേഷവും അപേക്ഷകന് മറുപടി ലഭ്യമായില്ലെങ്കിൽ അപേക്ഷ അംഗീകരിച്ചതായി പ്രഖ്യാപിക്കാൻ കഴിയുന്ന തരത്തിലാണ് ഭേദഗതികൾ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും ചട്ടം 3-ൽ ഉൾപ്പെടാത്ത എല്ലാ വിഭാഗത്തിലെയും ഭൂമി ചട്ടം 4 പ്രകാരം റെഗുലറൈസ് ചെയ്യാൻ കഴിയുമെന്നും ചെയർപേഴ്സൺ വിശദീകരിച്ചു.

കൂടാതെ, ചട്ടപ്രകാരം വീടുവയ്ക്കാൻ അനുമതി ലഭിച്ച സ്ഥലങ്ങളിൽ റെഗുലറൈസേഷന് വേണ്ടി വീണ്ടും അപേക്ഷിക്കേണ്ടതില്ലെന്നും അത്തരം വീടുകൾ റെഗുലറൈസ് ചെയ്യേണ്ട ആവശ്യമില്ലെന്നും എന്നാൽ, ചട്ടപ്രകാരം അനുവാദമില്ലാത്ത ഭൂമിയിൽ വീട് നിർമ്മിച്ചാൽ മാത്രം റെഗുലറൈസേഷന് വേണ്ടിയുള്ള അപേക്ഷ നൽകിയാൽ മതിയാകുമെന്നും ചെയർപേഴ്സൺ വ്യക്തമാക്കി.

എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ക്രമവൽക്കരണം സംബന്ധിച്ച് ചട്ടത്തിൽ സൂചിപ്പിക്കുന്നുണ്ടെങ്കിലും യൂണിവേഴ്സിറ്റിയുടെയും സർക്കാരിന്റെയും അംഗീകാരത്തോടെ പ്രവർത്തിക്കുന്ന അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കാര്യം ചട്ടത്തിൽ പരാമർശിക്കുന്നില്ലെന്നത് സമിതി നിരീക്ഷിച്ചു. എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഡീംഡ് റെഗുലറൈസേഷനിൽ

ഉൾപ്പെടുമെന്നും സർക്കാർ അംഗീകാരമുള്ളതോ യൂണിവേഴ്സിറ്റികളിൽ അഫിലിയേറ്റ് ചെയ്തതോ ആയ അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായി നിർമ്മിച്ച് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് തുകയൊന്നും അടയ്ക്കാതെ അപേക്ഷ നൽകി റെഗുലറൈസ് ചെയ്യാവുന്നതാണ് എന്ന് SCHEDULE II (a) യിലെ 1(c)-യിൽ പറയുന്നുണ്ടെന്നും ചട്ടം 3-ൽ പരാമർശിക്കാത്ത വിഭാഗങ്ങളെല്ലാം ചട്ടം 4-ൽ ഉൾപ്പെടുത്തി ക്രമവത്ക്കരിക്കാവുന്നതാണെന്നും ചെയർപേഴ്സൺ വിശദീകരിച്ചു.

റസിഡൻഷ്യൽ ബിൽഡിംഗ്സിന് 1964 -ലെയും 1993 -ലെയും നിയമങ്ങൾ ബാധകമാകുന്ന സാഹചര്യത്തിൽ 'റസിഡൻഷ്യൽ ബിൽഡിംഗ്' എന്ന വാക്ക് ചട്ടത്തിൽ ഉപയോഗിച്ചതിനെക്കുറിച്ച് സമിതിയിൽ ഉയർന്നുവന്ന സംശയങ്ങൾക്ക് പ്രസ്തുത കരട് ചട്ടത്തിൽ പരാമർശിച്ചിട്ടുള്ള 11 ചട്ടങ്ങളിൽ എവിടെയെങ്കിലും ഒരു സ്ഥലത്ത് വീട് വയ്ക്കാൻ അനുവാദം ഇല്ലാതിരിക്കുകയും അവിടെ വീട് വയ്ക്കുകയും ചെയ്താൽ അത് ക്രമവൽക്കരിക്കാൻ ഒരു അവസരം നൽകുകയാണ് ഈ ചട്ടഭേദഗതിയിലൂടെ ചെയ്യുന്നതെന്നും റെഗുലറൈസേഷന് വേണ്ടി കെട്ടിടത്തിന് പ്രത്യേകം തുക അടയ്ക്കേണ്ടതില്ലെന്നും ഭൂമിക്ക് മാത്രം തുക ഒടുക്കിയാൽ മതിയാകുമെന്നും കെട്ടിടമല്ല, ഭൂമിയാണ് റെഗുലറൈസ് ചെയ്യുന്നതെന്നും ചെയർപേഴ്സൺ വ്യക്തമാക്കി.

തദ്ദേശസ്വയംഭരണ വകുപ്പ് ഒരിക്കൽ തുക ഈടാക്കി നമ്പർ അനുവദിച്ച വീടുകൾക്ക് വീണ്ടും ഫീസ് ഈടാക്കുന്നത് ശരിയാണോയെന്ന സമിതിയംഗത്തിന്റെ ചോദ്യത്തിന്, കെട്ടിടത്തിനല്ല, ഭൂമിയുടെ വിനിയോഗത്തിനാണ് തുക ഈടാക്കുന്നതെന്ന കാര്യം ഷെഡ്യൂളിൽ കൃത്യമായി പറയുന്നുണ്ടെന്നും ഉദാഹരണമായി 5 സെന്റിൽ 3000 സ്ക്വയർ ഫീറ്റ് ഏരിയയുള്ള കെട്ടിടം നിർമ്മിച്ചിട്ടുണ്ടെങ്കിൽ തുക അടക്കേണ്ടതില്ലെന്നും എന്നാൽ 5 സെന്റ് ഭൂമിയിൽ 5000 സ്ക്വയർ ഫീറ്റ് ഏരിയയുള്ള കെട്ടിടമാണ് നിർമ്മിച്ചതെങ്കിൽ ഭൂമിയുടെ ന്യായവിലയുടെ 5 ശതമാനം ഫീസ്

ക്രമവത്കരണത്തിന് നൽകണമെന്നും ഇപ്രകാരം ഭൂവിനിയോഗം അനുസരിച്ച് തുക വ്യത്യാസപ്പെടുമെന്നും ചെയർപേഴ്സൺ മറുപടി നല്കി.

കരട് ചട്ടപ്രകാരം 2024 ജൂൺ വരെ ചെയ്തിട്ടുള്ള നിർമ്മിതികൾ റെഗുലറൈസ് ചെയ്തു നൽകുമെന്നാണ് പരാമർശിക്കുന്നതെന്നും അതിനുശേഷം പ്രസ്തുത ഭൂമി മറ്റുകാര്യങ്ങൾക്ക് വിനിയോഗിക്കുന്നത് സംബന്ധിച്ച് ചട്ടത്തിൽ ഒന്നും പരാമർശിക്കുന്നില്ലെന്നും കൂടാതെ, ക്വാറി നിയന്ത്രണത്തിനാണെന്ന് പറയുന്നുണ്ടെങ്കിലും, പട്ടയഭൂമി ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങി നിരവധി കാര്യങ്ങൾക്ക് ഉപയോഗപ്പെടുത്തിയിട്ടുണ്ടാകും എന്നതിനാൽ ഭൂമിയുടെ ന്യായവില അടിസ്ഥാനപ്പെടുത്തി ഫീസ് നിശ്ചയിക്കുമ്പോൾ ഉയർന്ന ഫീസ് നൽകേണ്ട അവസ്ഥ സംജാതമാകുന്നുവെന്നും ആയതിനാൽ പുതിയ ചട്ടം സർക്കാരിന് വരുമാനം ഉണ്ടാക്കാനുള്ള ഒരു മാർഗ്ഗമായാണ് അനുഭവപ്പെടുന്നതെന്നും കൂടാതെ, കൈമാറ്റഭൂമിക്ക് പട്ടയം ഉണ്ടാകില്ല, ആധാരം മാത്രമേ ഉണ്ടാവുകയുള്ളൂ എന്ന വസ്തുതകളിലെല്ലാം വ്യക്തത വരുത്തേണ്ടത് ആവശ്യമാണ് എന്നുമുള്ള അഭിപ്രായം ഉയർന്നതിനെത്തുടർന്ന്, ഏതൊരു നിയമത്തിനും ഡേറ്റ് ഓഫ് കമെൻസ്മെന്റ് ഓഫ് ആക്ട് ആണ് കട്ട് ഓഫ് ഡേറ്റ് ആയി കണക്കാക്കുന്നതെന്നും ഭാവിയിൽ ഒരു പട്ടയഭൂമി വാങ്ങുന്നുണ്ടെന്ന് കണക്കാക്കി ഇപ്പോൾ നിയമം കൊണ്ടുവരാൻ സാധിക്കില്ലെന്നും പ്രാബല്യത്തിൽ വരുന്ന തീയതി വരെയുള്ള ക്രയവിക്രയങ്ങൾക്കാണ് ആക്ട് ബാധകമാകുന്നതെന്നും ചെയർപേഴ്സൺ വിശദീകരിച്ചു.

ഭൂരഹിതർക്ക് ഭൂമിയും കൃഷി ചെയ്യാനുള്ള ഭൂമിയും ആണ് പട്ടയഭൂമിയായി നൽകുന്നതെന്നും എന്നാൽ കൊമേഴ്സ്യൽ പ്ലോട്ടിനും ആരാധനാലയങ്ങൾക്കും പട്ടയം നൽകാൻ നിയമമില്ലെന്നും ആ പ്രതിസന്ധി പരിഹരിക്കാനായി ആരാധനാലയങ്ങൾക്കും സാംസ്കാരിക സ്ഥാപനങ്ങൾക്കും ഒരേക്കർ ഭൂമി വരെ പതിച്ചു നൽകാനുള്ള നിയമമുണ്ടാക്കിയിരുന്നുവെന്നും ചെയർപേഴ്സൺ കൂട്ടിച്ചേർത്തു.

ഭൂമി നൽകുന്നത് വ്യക്തികൾക്കാണെന്നും WP(C) 1801/2010 കേസിലെ കോടതിവിധി വന്നപ്പോൾ ഇപ്പോൾ ലഭ്യമായ ഭൂമിയിൽ നിർമ്മാണങ്ങൾ

നടത്തുകയും പഞ്ചായത്ത് ആ നിർമ്മാണങ്ങൾക്ക് ഫീസ് ഈടാക്കി നമ്പർ കൊടുക്കുകയും സർക്കാർ അതിന് ആവശ്യമായ നടപടി കൈക്കൊള്ളുകയും ചെയ്ത സാഹചര്യത്തിൽ അവ റെഗുലറൈസ് ചെയ്യാൻ കഴിയാതിരുന്നാൽ തെറ്റായ നടപടിയാകും എന്നതിനാലാണ് ഇത്തരം ഒരു ആക്ട് തയ്യാറാക്കാനും അതിനൊരു പ്രാബല്യത്തീയതി ഉൾപ്പെടുത്താനും തീരുമാനിച്ചതെന്നും ചെയർപേഴ്സൺ വിശദീകരിച്ചു. കാർഷിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും കാർഷികോല്പന്നപരമായ ആവശ്യങ്ങൾക്കുള്ളതുമായ കെട്ടിടത്തിന് ഫീസ് ആവശ്യമില്ലെന്നും ആരാധനാലയമായി ഉപയോഗിക്കുന്ന ഭൂമിക്കും സർക്കാർ അംഗീകാരമുള്ളതോ യൂണിവേഴ്സിറ്റികൾ അഫിലിയേറ്റ് ചെയ്തതോ ആയ അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായി നിർമ്മിച്ചതും ഉപയോഗിക്കുന്നതുമായ കെട്ടിടത്തിനും വീട്, പൊതുസ്ഥലങ്ങൾ, ചന്തകൾ, സർക്കാർ കെട്ടിടങ്ങൾ, 3000 ചതുരശ്ര അടി വിസ്തീർണമുള്ള കെട്ടിടങ്ങൾ എന്നിവയ്ക്കും ഫീസ് ഈടാക്കുന്നതല്ലെന്നും ചെയർപേഴ്സൺ കൂട്ടിച്ചേർത്തു.

ഫീസ് നിരക്ക് തുടങ്ങുന്നത് 1% -ത്തിൽ നിന്നാണെന്നും സാംസ്കാരിക-വിനോദ-ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി രജിസ്റ്റർ ചെയ്ത ഭൂമി, അംഗീകൃത രാഷ്ട്രീയപാർട്ടികൾ ഉപയോഗിക്കുന്ന സ്ഥലത്ത് നിർമ്മിച്ച കെട്ടിടം, സർക്കാർ അംഗീകരിച്ച് രജിസ്റ്റർ ചെയ്ത സാമൂഹ്യ സംഘടന ഉപയോഗിക്കുന്ന സ്ഥലത്തെ കെട്ടിടം, സഹകരണ സംഘങ്ങൾ നിർമ്മിച്ച കെട്ടിടങ്ങൾ എന്നിവ കൂടാതെ, ഭൂമി പതിവ് ചട്ടങ്ങൾ, പട്ടയം, അസൈൻമെൻറ് ഉത്തരവ് എന്നിവയിൽ നിർദ്ദേശിച്ചിരിക്കുന്ന സമയപരിധി ലംഘിച്ചുകൊണ്ട് കൈമാറ്റം ചെയ്യപ്പെട്ട കേസുകൾ എന്നിവയിൽ ഫെയർ വാല്യൂവിന്റെ 1% തുക ഫീസായി നൽകണമെന്നും ഇത്തരം കേസുകളിൽ ചട്ടപ്രകാരം 12 വർഷമാണ് ഇപ്പോൾ കാലാവധി നൽകിയിരിക്കുന്നതെന്നും പ്രസ്തുത കാലയളവിനുമുൻപ് കൈമാറ്റം ചെയ്ത ഭൂമി സാധൂകരിക്കുമ്പോൾ 1% ഫീസ് അടച്ചാൽ മതിയാകുമെന്നും ചെയർപേഴ്സൺ അറിയിച്ചു. 3001 മുതൽ 5000 വരെ ചതുരശ്ര അടി വരെ വിസ്തീർണ്ണം ഉള്ള കെട്ടിടങ്ങൾക്ക് ഫെയർ വാല്യൂവിന്റെ 5% ഫീസ്

നൽകണമെന്നും 5000 മുതൽ 10000 ചതുരശ്ര അടി വരെയാണെങ്കിൽ 10 ശതമാനവും 25000-ന് മുകളിൽ ചതുരശ്ര അടി വരുന്നവയ്ക്ക് 20 ശതമാനവും ഫീസ് നൽകണമെന്നും ക്വാറി നടത്തുന്നവർക്കും 50000 ചതുരശ്ര അടിയിൽ കൂടുതൽ ഏരിയ വരുന്ന കെട്ടിടങ്ങൾക്കും 50% ഫീസ് നൽകണമെന്നും ചെയർപേഴ്സൺ വിശദീകരിച്ചു. ഒരേക്കർ ഭൂമിയുള്ളതിൽ 25 സെൻറ് ഭൂമിയിലാണ് 50000 സ്ക്വയർ ഫീറ്റ് കെട്ടിടം നിർമ്മിച്ചതെങ്കിൽ ആ 25 സെൻറ് ഭൂമി മാത്രം റഗുലറൈസ് ചെയ്താൽ മതിയാകുമെന്നും ബാക്കിവരുന്ന 75 സെന്റ് ഭൂമി ആവശ്യമെങ്കിൽ മാത്രം റെഗുലറൈസ് ചെയ്താൽ മതിയാകുമെന്നും കെട്ടിടമായാലും ക്വാറി ആയാലും ഫീസ് അടയ്ക്കേണ്ടത് ഉപയോഗിക്കപ്പെടുന്ന സ്ഥലത്തിന് മാത്രമാണെന്നും ചെയർപേഴ്സൺ വ്യക്തമാക്കി.

ഓൺലൈൻ പട്ടയത്തിന്റെ കോപ്പി ലഭിക്കുമെങ്കിൽ പ്രൊസീജ്യുവർ എളുപ്പമാകുമെന്ന് സമിതി അഭിപ്രായപ്പെട്ടു. വ്യക്തിയുടെ കൈവശത്തിൽ നിന്നും പട്ടയം നഷ്ടപ്പെട്ടുപോവുകയാണെങ്കിൽ അത് നിജസ്ഥിതി സർട്ടിഫിക്കറ്റിലൂടെ ലഭ്യമാക്കാമെന്ന് ചെയർപേഴ്സൺ അറിയിച്ചു.

ക്രമവൽക്കരണത്തിനുള്ള അപേക്ഷ നൽകിയില്ലെങ്കിൽ പട്ടയം റദ്ദാക്കാൻ ഉദ്യോഗസ്ഥർക്ക് അധികാരം ഉണ്ടെന്ന റൂൾ 9-ലെ ക്യാൻസലേഷൻ ഓഫ് അസൈൻമെന്റ്-നെ കുറിച്ച് ആശങ്കപ്പെട്ട സമിതിയിൽ അത്തരം കണ്ടീഷനുകൾ നിയമത്തിൽ സാധാരണ ഉണ്ടാകുന്നതാണെന്നും ഒരു നിയമം പാലിക്കപ്പെട്ടില്ലെങ്കിൽ എന്ത് ചെയ്യണം എന്ന് നിയമത്തിൽ തന്നെ സൂചിപ്പിക്കേണ്ടതുള്ളതിനാലാണ് അങ്ങനെ പരാമർശിച്ചിട്ടുള്ളതെന്നും ചെയർപേഴ്സൺ വിശദീകരിച്ചു.

ഉദ്യോഗസ്ഥർ നിയമത്തെ ദുരുപയോഗം ചെയ്ത് പട്ടയം റദ്ദ് ചെയ്യാനുള്ള സാധ്യതകളെക്കുറിച്ച് യോഗം ചർച്ച ചെയ്യുകയും പട്ടയഭൂമിയിൽ അല്ലെങ്കിലും നിലവിൽ വീട് വച്ചവരെ ഇറക്കിവിടുന്ന അവസ്ഥ ഉണ്ടാകില്ലെന്നും അനുവദിക്കപ്പെട്ട ഭൂമിയിൽ വീട് വെച്ചവർ വീണ്ടും അപേക്ഷ നൽകേണ്ടതില്ലെന്നും ചെയർമാൻ വിശദീകരിച്ചു. പട്ടയത്തിന്റെ കോപ്പി

ഇല്ലെങ്കിലും ReLIS സോഫ്റ്റ്വെയർ ഓപ്ഷനിൽ തണ്ടപ്പേർ നൽകിയാൽ നികുതി അടയ്ക്കുന്ന ആളുകളുടെ എല്ലാ വിവരങ്ങളും ലഭ്യമാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇക്കാര്യത്തിൽ ഒരു ക്ലാരിഫിക്കേഷൻ ചട്ടത്തിൽ ഉൾപ്പെടുത്തേണമെന്ന് സമിതി നിർദ്ദേശം നല്കി.

പട്ടയം കൊടുക്കുന്ന ആക്ട് പ്രകാരം ലഭിച്ച പട്ടയത്തിൽ ഉണ്ടായിരുന്ന വ്യവസ്ഥകൾ ലംഘിച്ച് നിർമ്മിതികൾ നടത്തിയതിനെക്കുറിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി ചൂണ്ടിക്കാണിച്ച പശ്ചാത്തലത്തിൽ ഇതുവരെയുള്ള നിർമ്മിതികളിലെ പ്രശ്നങ്ങൾ മറികടക്കുന്നതിന് വേണ്ടിയാണ് ഈ റെഗുലറൈസേഷൻ നിയമം കൊണ്ടുവന്നത് എന്ന് റവന്യൂ വകുപ്പ് സെക്രട്ടറി വിശദീകരിച്ചു.

പട്ടയം ലഭിച്ച വ്യക്തികൾക്ക് അതിൽ നിന്നും ഉണ്ടാക്കിയ വരുമാനം ഉൾപ്പെടെ റെഗുലറൈസ് ചെയ്യാൻ സാധിക്കുമെന്നും ഇപ്പോഴുള്ള ഭൂമിയിൽ കെട്ടിടം നിലനിൽക്കുന്ന സ്ഥലമാണ് നിലവിൽ റെഗുലറൈസ് ചെയ്യേണ്ടതെന്നും അവശേഷിക്കുന്ന ഭൂമിയിൽ ഭാവിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് പെർമിഷൻ വാങ്ങുന്നതിനുള്ള ചട്ടം നിലവിൽ വരുമെന്നും ചട്ടം 2(p)-ൽ 'റസിഡൻഷ്യൽ ബിൽഡിങ് ' എന്താണെന്ന് നിർവചിച്ചിട്ടുണ്ടെന്നും നിയമത്തിലോ ചട്ടത്തിലോ പാടില്ലാത്തവിധം കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ടെങ്കിൽ മാത്രമേ പ്രശ്നം വരുന്നുള്ളൂ എന്നും ചെയർപേഴ്സൺ വിശദീകരിച്ചു. 1964-ലെ നിയമമനുസരിച്ചുള്ള പട്ടയത്തിൽ ഭൂമി എന്ത് ആവശ്യത്തിന് ഉപയോഗിക്കാം എന്നത് സംബന്ധിച്ച് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും അതിൽ നിന്ന് വ്യത്യസ്തമായ ആവശ്യത്തിനാണ് ഭൂമി ഉപയോഗിച്ചതെങ്കിൽ കേരള ഗവൺമെൻറ് ലാൻഡ് അസൈൻമെൻറ് (റെഗുലറൈസേഷൻ ഓഫ് കോൺട്രാവെൻഷൻസ്) റൂൾസ്, 2025 പ്രകാരം ആ ഭൂമി ക്രമവൽക്കരിക്കണമെന്ന് റവന്യൂ വകുപ്പ് സെക്രട്ടറി വ്യക്തമാക്കി.

നിലവിൽ പട്ടയഭൂമിയിൽ നിൽക്കുന്ന മരങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെന്നും ഭാവിയിൽ ആ ഭൂമിയിൽ മുളച്ചുവരുന്നതും വളർന്നുവരുന്നതുമായ മരങ്ങൾ സർക്കാരിൽ നിക്ഷിപ്തമാണെന്ന് പറയുന്നതും

തമ്മിൽ വൈരുധ്യമുണ്ടോയെന്ന് സമിതി യോഗം ചർച്ച ചെയ്തു. നാല് രാജകീയ മരങ്ങളെ കുറിച്ചാണ് ആക്ടിൽ പരാമർശിച്ചിരിക്കുന്നതെന്നും പട്ടയത്തിൽ റിസർവ് ചെയ്യപ്പെട്ടിട്ടുള്ള മരങ്ങൾ എന്ന് നേരത്തെ പറഞ്ഞിരുന്നെങ്കിലും അത് നാല് മരങ്ങൾ മാത്രമായി നിജപ്പെടുത്തിയിട്ടുണ്ട് എന്നും റവന്യൂ വകുപ്പ് സെക്രട്ടറി വ്യക്തമാക്കി.

തുടർന്ന്, നിലവിലെ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന ചട്ടപ്രകാരം വീട് വയ്ക്കാൻ അനുവാദം ലഭിച്ചിട്ടുണ്ടെങ്കിൽ പ്രത്യേകം റെഗുലറൈസേഷൻ ആവശ്യമില്ല എന്നൊരു വിശദീകരണം ചട്ടം 3 -ൽ കൂട്ടിചേർത്ത് ഭേദഗതി വരുത്താവുന്നതാണെന്ന് സമിതി തീരുമാനിച്ചു.

ഭൂമി തരം മാറ്റാനുള്ള അപേക്ഷകൾ സംസ്ഥാനത്തുടനീളം റവന്യൂ ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന സാഹചര്യത്തിൽ റെഗുലറൈസേഷൻ അപേക്ഷകളും കെട്ടിക്കിടക്കുന്ന അവസ്ഥ ഉണ്ടാകുമോ എന്ന് സമിതിയിൽ ഉയർന്നുവന്ന ആശങ്കയ്ക്ക് അങ്ങനെ സംഭവിക്കില്ലെന്നും ഇതുവഴി ഉണ്ടാകുന്ന വരുമാനം ഉപയോഗപ്പെടുത്തുന്നത് പുതിയ ഓഫീസുകൾ ഉണ്ടാക്കാനും ജീവനക്കാരെ നിയമിക്കാനും കൂടിയാണെന്നും സമിതി ചെയർപേഴ്സൺ വ്യക്തമാക്കി.

പ്രസ്തുത ചട്ടം സംബന്ധിച്ച് നിരവധി ആശങ്കകളും നിർദ്ദേശങ്ങളും ഉയർന്നു വരുന്ന സാഹചര്യത്തിൽ കൂടുതൽ ക്ലാരിഫിക്കേഷൻ ആവശ്യമുള്ളതിനാൽ അടുത്ത ദിവസം (16.09.2025-ന്) സഭാസമ്മേളനത്തിന് ശേഷം സബ്ജക്ട് കമ്മിറ്റി യോഗം ചേർന്ന് ചട്ടത്തിന്റെ തുടർ പരിശോധന നടത്തുവാൻ സമിതി തീരുമാനിച്ചു.

കൂടാതെ, പ്രസ്തുത ചട്ട രൂപീകരണവുമായി ബന്ധപ്പെട്ട് നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ കരട് ചട്ടത്തിൽ മാറ്റങ്ങൾ വരുത്താൻ സമിതി തീരുമാനിച്ചു.

II. ഡാറ്റാബാങ്ക് പ്രസിദ്ധീകരണം – നടപടി റിപ്പോർട്ട് പരിഗണന

2008 -ലെ നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഡാറ്റാബാങ്ക് പ്രസിദ്ധീകരണം പൂർത്തിയാക്കുന്നതുമായി ബന്ധപ്പെട്ട അന്തിമ

റിപ്പോർട്ട് സംബന്ധിച്ച് റവന്യൂ, തദ്ദേശസ്വയംഭരണം, കൃഷി വകുപ്പുകളോട് സമിതി വിശദീകരണം ആവശ്യപ്പെട്ടു.

തദ്ദേശസ്വയംഭരണവകുപ്പിൽ നിന്നും കരട് റിപ്പോർട്ട് തയ്യാറാക്കി സൂക്ഷ്മ പരിശോധനയ്ക്കായി റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ടെന്നും എൽ.ആർ.സി.യുടെ റിപ്പോർട്ട് ലഭ്യമായാൽ ഇഷ്യൂ ചെയ്യാമെന്ന് റവന്യൂ സെക്രട്ടറി മറുപടി നൽകിയെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി വ്യക്തമാക്കി.

1077 കൃഷിഭവനുകളിൽ കരട് ഡാറ്റാബാങ്ക് തയ്യാറാക്കുകയും എല്ലായിടത്തും അന്തിമ ഡാറ്റാബാങ്ക് പ്രസിദ്ധപ്പെടുത്തുകയും ചെയ്തു എന്ന് കൃഷിവകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് തെറ്റാണെന്നും അന്തിമ ഡാറ്റാബാങ്ക് പ്രസിദ്ധീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണെന്നും 486 സ്ഥലങ്ങളിൽ ഡാറ്റാബാങ്ക് റെഫ്രലൈസ് ചെയ്തു കഴിഞ്ഞെന്നും ചെയർപേഴ്സൺ അറിയിച്ചതിനെ തുടർന്ന് അടുത്ത ദിവസം (16.09.2025 -ന്) തന്നെ ഇത് സംബന്ധിച്ച് വ്യക്തമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് കൃഷിവകുപ്പ് സെക്രട്ടറിയോട് സമിതി നിർദ്ദേശിച്ചു. തുടർന്ന്, ഡാറ്റാബാങ്ക് സംബന്ധിച്ച പുതുക്കിയ റിപ്പോർട്ട് അടുത്ത ദിവസത്തെ യോഗത്തിൽ പരിഗണിക്കാമെന്ന് സമിതി തീരുമാനിച്ചു.

III. നടപടി സ്റ്റേറ്റ്മെൻറ് പരിഗണന

1) 2022 - 23 ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്.

2022-23 -ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ഖണ്ഡിക 3 -ലെ ശിപാർശയിന്മേൽ റവന്യൂ വകുപ്പിൽ നിന്ന് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെൻറ്, കാലതാമസപത്രിക എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2) 2016 - 17 ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്.

2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 27 -ലെ ശിപാർശയിന്മേൽ റവന്യൂ (എൽ) വകുപ്പിൽ നിന്ന് ലഭ്യമാക്കിയ രണ്ടാമത്തെ ഇടക്കാല റിപ്പോർട്ട് സമിതി അംഗീകരിക്കുകയും അന്തിമ റിപ്പോർട്ട് കാലതാമസം കൂടാതെ ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

IV. വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ - പരിശോധന

1) റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്, സർവ്വേയും ഭൂരേഖയും വകുപ്പ്, സ്റ്റേറ്റ് ലാൻഡ് ബോർഡ് എന്നിവയുടെ 2024-25 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടും കാലതാമസപത്രികയും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2) റവന്യൂ (ദേവസ്വം) വകുപ്പുമായി ബന്ധപ്പെട്ട ശബരിമല മാസ്റ്റർ പ്ലാൻ എന്ന ശീർഷകത്തിന് 2024-25 സാമ്പത്തിക വർഷം അനുവദിച്ച ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

V. കരട് റിപ്പോർട്ടുകളുടെ പരിഗണന

2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള സമിതിയുടെ ആനുകാലിക റിപ്പോർട്ട്, 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് എന്നിവയുടെ കരട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ അടുത്ത യോഗം 16.09.2025 നു സഭാസമ്മേളനത്തിന് ശേഷം ചേരാൻ തീരുമാനിച്ചു.

ഉച്ചയ്ക്കുശേഷം 12.20 ന് യോഗം അവസാനിച്ചു.

2025 സെപ്റ്റംബർ 16 -ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2025 സെപ്റ്റംബർ 16 -ാം തീയതി ചൊവ്വാഴ്ച്ച സഭാസമ്മേളനത്തിനുശേഷം (ഉച്ചയ്ക്ക് ശേഷം 3.25 -ന്) നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർപേഴ്സണായ ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. രാജന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെ പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ഡോ. എൻ ജയരാജ്, ഗവ. ചീഫ് വിപ്പ്
2. ശ്രീ. അഹമ്മദ് ദേവർകോവിൽ, എം. എൽ. എ.
3. ശ്രീ. എൻ. എ. നെല്ലിക്കുന്ന്, എം. എൽ. എ.
4. ശ്രീ. കെ. ഡി. പ്രസേനൻ, എം. എൽ. എ.
5. ശ്രീ. പി. ടി. എ. റഹീം, എം. എൽ. എ.
6. ശ്രീ. എം. രാജഗോപാലൻ, എം. എൽ. എ.
7. ശ്രീ. പി. വി. ശ്രീനിജിൻ, എം. എൽ. എ.
8. ശ്രീ. സനീഷ്കുമാർ ജോസഫ്, എം. എൽ. എ.
   (വീഡിയോ കോൺഫറൻസിംഗ് മുഖേന)

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി ഷീബാ വർഗീസ് , ജോയിന്റ് സെക്രട്ടറി
2. ശ്രീ. അനിൽ കുമാർ ബി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. മോഹനൻ ഒ., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. കെ. ജി. സനൽ കുമാർ, സെക്രട്ടറി, നിയമ വകുപ്പ്
2. ശ്രീമതി ജി. എസ്. ആശ, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്

3. ശ്രീ. ജീവൻ ബാബു കെ., ലാൻഡ് റവന്യൂ കമ്മീഷണർ
4. ശ്രീമതി മീര കെ., ജോയിന്റ് കമ്മീഷണൽ, ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്
5. ശ്രീ. ജാഫർഖാൻ എസ്., അഡീഷണൽ സെക്രട്ടറി, കൃഷി വകുപ്പ്
6. ശ്രീമതി എ. ഗീത, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്
7. ശ്രീ. ആർ. എൽ. ഗോപകുമാർ, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്
8. ശ്രീ. ബി. പ്രതാപചന്ദ്രൻ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
9. ശ്രീമതി ജയന്തി ബി. എസ്. ഡെപ്യൂട്ടി സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

I. റവന്യൂ വകുപ്പിൽ നിന്നും ലഭിച്ച Kerala Government Land Assignment (Regularization of Contraventions) Rules, 2025 ന്റെ കരട് ചട്ടം സംബന്ധിച്ച് 15.09.2025-ൽ ചേർന്ന യോഗത്തിന്റെ തുടർച്ചയായി സമിതി കരട് ചട്ടം ചർച്ച ചെയ്യുകയും ഭേദഗതികൾ നിർദ്ദേശിക്കുകയും ചെയ്തു.

പ്രസ്തുത ചട്ടരൂപീകരണവുമായി ബന്ധപ്പെട്ട് സബ്ജക്ട് കമ്മിറ്റിയിൽ നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ കരട് ചട്ടത്തിൽ നിരവധി മാറ്റങ്ങൾ വരുത്താൻ സാധിച്ചുവെന്ന് ബഹു. സമിതി ചെയർ പേഴ്സൺ അഭിപ്രായപ്പെട്ടു.

ആശുപത്രി കെട്ടിടങ്ങൾക്ക് ഭൂമിയുടെ സ്ക്വയർ ഫീറ്റ് അനുസരിച്ച് 10 % മുതൽ 50 % വരെ ഫീസ് ഈടാക്കണമെന്ന നിർദ്ദേശം പരിശോധിച്ച സമിതി, ഇപ്രകാരം ഫീസ് ഈടാക്കിയാൽ, ആയത് ധർമ്മസ്ഥാപനങ്ങൾ പോലെ പ്രവർത്തിക്കുന്ന ആശുപത്രികളെയാകെ ദോഷകരമായി ബാധിക്കുമെന്ന് അഭിപ്രായപ്പെട്ടു. പൊതു അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, 3000 sq.ft. -ൽ കൂടുതലുള്ള സ്വകാര്യ ആശുപത്രികളിൽ നിന്നുമാത്രം റഗുലറൈസേഷൻ ഫീസ് ഈടാക്കിയാൽ മതിയാകുമെന്നും ആയത് 10 % ആയി കുറയ്ക്കാമെന്നും മറ്റെല്ലാ ആശുപത്രികളെയും ഇപ്രകാരം ഫീസ് ഈടാക്കുന്നതിൽ നിന്നും

ഒഴിവാക്കാമെന്നും അതനുസരിച്ച് SCHEDULE II(a), II(b) എന്നിവയിൽ ഭേദഗതി വരുത്താമെന്നും സമിതി തീരുമാനിച്ചു.

ഇടുക്കിപോലെ ടൂറിസം സാധ്യതയുള്ള നിരവധി സ്ഥലങ്ങൾ ഉണ്ടെന്നത് പരിഗണിച്ച്, കരട് ചട്ടത്തിൽ ടൂറിസം ആവശ്യങ്ങൾക്കായി നിർദ്ദേശിച്ചിരുന്ന ഭൂമിയുടെ ന്യായവിലയുടെ 10 % ഫീസ് എന്നത് 5 % ആയി കുറയ്ക്കാൻ സമിതി തീരുമാനിച്ചു.

കരട് ചട്ടപ്രകാരം ക്വാറികൾക്ക് നിശ്ചയിച്ചിരുന്ന ഭൂമിയുടെ ന്യായവിലയുടെ 50% ഫീസ് എന്നത് നിർമ്മാണമേഖലയെ സാരമായി ബാധിക്കുമോ എന്ന ആശങ്ക സമിതി ചർച്ച ചെയ്തു. ഇത്തരത്തിൽ വർദ്ധിച്ച ഫീസ് ഈടാക്കുന്നത് നിർമ്മാണമേഖലയെയും പൊതുജനങ്ങളെയും ബാധിക്കുമെന്ന് പല സമിതിയംഗങ്ങളും അഭിപ്രായപ്പെട്ടു. ക്വാറി ഉൾപ്പെടുന്ന മൊത്തം ഭൂമിയുടെയുമല്ല, ക്വാറി നിലനിൽക്കുന്ന സ്ഥലത്തിന് മാത്രമേ ഫീസ് അടയ്ക്കേണ്ടി വരുന്നുള്ളൂ എന്ന് ചെയർപേഴ്സൺ വ്യക്തമാക്കി.

റഗുലറൈസേഷൻ ഫീസ് ഗഡുക്കളായി അടയ്ക്കാൻ കഴിയുമോയെന്ന ചോദ്യത്തിന്, അവസാന ഗഡു അടച്ചതിനുശേഷം മാത്രമേ ക്രമവൽക്കരിച്ച ഉത്തരവ് നൽകാൻ കഴിയുകയുള്ളൂ എന്നതിനാൽ ആയത് അനുവദിക്കാൻ കഴിയില്ലെന്ന് ബഹു. സമിതി ചെയർപേഴ്സൺ വ്യക്തമാക്കി.

വീടുകൾ ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം ബിൽഡിംഗ് പെർമിറ്റും പ്ലാനും ഹാജരാക്കുന്നതിനുള്ള നിർദ്ദേശം പ്രായോഗികമല്ലെന്ന് അഭിപ്രായം ഉയർന്നതിനെത്തുടർന്ന്, 'if any', എന്നാണ് ചട്ടത്തിൽ പറഞ്ഞിരിക്കുന്നതെന്നും അങ്ങനെയുള്ള രേഖകൾ ഉണ്ടെങ്കിൽ മാത്രം അവ ഹാജരാക്കിയാൽ മതിയാകുമെന്നും സമിതി ചെയർപേഴ്സൺ സ്പഷ്ടീകരണം നൽകി.

തുടർന്ന് Kerala Land Assignment (Regularization of Contraventions) Rules, 2025 എന്ന കരട് ചട്ടത്തിന്മേൽ താഴെ പറയും പ്രകാരം ഭേദഗതികൾ വരുത്താൻ സമിതി നിർദ്ദേശിച്ചു.

ഭേദഗതി നിർദ്ദേശങ്ങൾ

a) റൂൾ 2(1)(i) -ലെ 'Official Gazette' എന്ന വാക്കുകൾക്ക് ശേഷം " , " ചിഹ്നം ചേർക്കുകയും 'to exercise' എന്ന വാക്കുകൾക്ക് ശേഷമുള്ള " , " ചിഹ്നം ഒഴിവാക്കുകയും ചെയ്യണം.

b) റൂൾ 2(1)(m) -ലെ 'public at large' എന്നതിലെ "at large" എന്ന വാക്കുകൾ ഒഴിവാക്കണം.

c) റൂൾ 3(1) -ലെ 'In the case of regularization ..... 'എന്ന് തുടങ്ങുന്ന ആദ്യ വാചകത്തിനു പകരം താഴെപ്പറയും പ്രകാരം ചേർക്കണം.

"In the case of regularization of commercial buildings having a plinth area not exceeding 3000 sq. ft., all residential buildings in assigned land constructed or used in contraventions of the conditions in the patta and that of the assignment rules, the assignee shall submit an application in Form A. In the case of regularization of public buildings, public places and aided educational institutions in assigned land constructed or used in contraventions of the conditions in the patta and that of the assignment rules, the assignee shall submit an application in Form B. The applications are to be submitted before the competent authority alongwith an affidavit in Form F within a period of one year from the date of commencement of these rules or within such further time as may be extended by the Government, by notification in the Official Gazette."

d) റൂൾ 3(1) -ലെ അവസാന വാചകത്തിനു ശേഷം താഴെ പറയുന്ന വിശദീകരണം കൂട്ടിച്ചേർക്കണം.

“Explanation.— Construction of residential building in an assigned land is not a contravention in the following cases:

1. Patta is issued for house sites;

2. Patta is issued without stating any purpose where the assignment rule permits assignment of land for house sites.”

e) റൂൾ 3(2) -ലെ "otherwise” എന്ന വാക്ക് ഒഴിവാക്കണം.

f) റൂൾ 3(3) -ന്റെ ക്ലിപ്തനിബന്ധനയ്ക്ക് മുൻപുള്ള '.' എന്ന ചിഹ്നത്തിന് പകരം ";" എന്ന ചിഹ്നം ചേർക്കുകയും ക്ലിപ്തനിബന്ധനയിലെ ‘Sub-rule(i)’ എന്നത് “sub-rule(1)” എന്ന് മാറ്റുകയും ‘if such building’ എന്ന വാക്കുകൾക്ക് ശേഷം "is" എന്ന് ചേർക്കുകയും ‘3000 sq.ft.’ എന്ന വാക്കുകൾക്ക് ശേഷമുള്ള ‘or’ എന്ന വാക്കിന് പകരം "and" എന്ന് ചേർക്കുകയും ചെയ്യണം.

g) റൂൾ 4(1) -ലെ ‘Official Gazette,’ എന്ന വാക്കുകൾക്ക് ശേഷമുള്ള ‘along with’ എന്ന വാക്കുകൾ "alongwith” എന്ന് മാറ്റണം.

h) റൂൾ 4(2)(i) -ലെ Explanation.— ൽ clause(1) എന്നത് clause(i) എന്ന് മാറ്റണം.

i) റൂൾ 4(2)(ii) -ലെ ‘receipt for payment of land tax’ എന്ന വാക്കുകൾക്ക് പകരം "land tax receipt” എന്ന് ചേർക്കണം.

j) റൂൾ 4(2)(vii) -ലെ ‘Competent Authority.’ എന്നത് “competent authority;” എന്ന് ഭേദഗതി ചെയ്യണം.

k) റൂൾ 4(2)(vii) ന് ശേഷം **4(2)(viii)** ആയി താഴെ പറയും പ്രകാരം ചേർക്കണം.

“(viii) An affidavit in Form F.”

l) **റൂൾ 5(1)** -ലെ 'competent authority,' എന്നതിനു ശേഷമുള്ള 'along with' എന്ന വാക്കുകൾ "alongwith" എന്ന് മാറ്റണം.

m) റൂൾ 5(4) -ലെ 'conditions and terms' എന്നത് "terms and conditions" എന്ന് മാറ്റണം.

n) റൂൾ 8 -ലെ 'affording' എന്ന വാക്കിന് പകരം "giving" എന്ന വാക്ക് ചേർക്കണം.

o) റൂൾ 9 -ന്റെ ക്ലിപ്തനിബന്ധനയ്ക്ക് മുൻപുള്ള '.' എന്ന ചിഹ്നത്തിന് പകരം ";" എന്ന ചിഹ്നം ചേർക്കുകയും ക്ലിപ്തനിബന്ധന ഖണ്ഡികയായി ചേർക്കുകയും ചെയ്യണം.

p) റൂൾ 11 -ൽ 'if any' എന്നതിനു ശേഷം "," എന്ന ചിഹ്നം ചേർക്കണം.

q) SCHEDULE II(a) -ലെ ക്രമ നമ്പർ 1 (b) " Land assigned used as a place of worship, cemetery or burial ground."എന്ന് ഭേദഗതി വരുത്തണം.

r) SCHEDULE II(a) -ലെ ക്രമ നമ്പർ 4 "Commercial or Industrial building exceeding plinth area 5,000 sq.ft. to 10,000 sq.ft. constructed in the land assigned for agricultural/residential purposes." എന്ന് മാറ്റം വരുത്തണം.

s) SCHEDULE II(b) -ലെ ക്രമ നമ്പർ 1 താഴെ പറയും പ്രകാരം മാറ്റം വരുത്തേണ്ടതാണ്.

1	*Land used for tourism puposes with or without constructing buildings.*	*5 % of the fair value of the land in which the building is constructed and land necessary for the functioning of the commercial or industrial activity as the case may be.*
2	*a) Land used for industrial or commercial purposes without constructing buildings.* *b) Private hospitals exceeding plinth area 3000 sq.ft.*	*10 % of the fair value of the land in which the building is constructed and land necessary for the functioning of the commercial or industrial*

		activity or hospital as the case may be.

t) SCHEDULE II(b) -ലെ ക്രമ നമ്പർ 2, 3, 4 എന്നിവ യഥാക്രമം 3, 4, 5 ആയി പുനരക്കം ചെയ്യുകയും ഇപ്രകാരം പുനരക്കം ചെയ്ത 3, 4, 5 എന്നിവയിലെ രണ്ടാമത്തെ കോളത്തിൽ 'or hospital' എന്ന വാക്കുകൾ ഒഴിവാക്കുകയും 'exceeding' എന്ന വാക്കിന് ശേഷം "plinth area" എന്ന വാക്കുകൾ ചേർക്കുകയും ചെയ്യണം.

u) Form B -യുടെ Heading-ലെ 'PUBLIC OFFICE/BUILDING PLACE/AIDED SCHOOL' എന്നത് "PUBLIC BUILDING/PUBLIC PLACE/AIDED EDUCATIONAL INSTITUTIONS" എന്ന് മാറ്റണം.

v) Form B -ലെ ക്രമ നമ്പർ 1 താഴെ പറയും പ്രകാരം മാറ്റം വരുത്തണം.

"1. Name/Description of the Public Building/Public Place/Aided Educational Institutions"

w) Form C -ൽ '(QR Code)' -ന ശേഷമുള്ള ക്രമ നമ്പർ 3 -ലെ 'affording' എന്ന വാക്കിന് പകരം "giving" എന്ന വാക്ക് ചേർക്കണം.

x) Form E-ലെ രണ്ടാം പട്ടികയിലെ അഞ്ചാം കോളത്തിന്റെ Heading -ൽ 'Public Building' എന്നത് "Private Hospital"എന്ന് ഭേദഗതി ചെയ്യണം.

y) Form F -ലെ Heading -ൽ 'ALONG WITH' എന്നത് "ALONGWITH" എന്നും 'FORM A and C' എന്നത് "FORM A, B and D" എന്നും മാറ്റം വരുത്തണം.

z) Form F -ലെ ആദ്യവരിയിലെ 'Before the District Collector, ... [District Name]' എന്നതിനുപകരം "Before the District Collector/Competent Authority, ... [District Name]" എന്ന് ചേർക്കണം.

മേൽ പറഞ്ഞ ഭേദഗതികളോടെ Kerala Government Land Assignment (Regularization of Contraventions) Rules, 2025 സംബന്ധിച്ച കരട് ചട്ടം സമിതി അംഗീകരിച്ചു.

കൂടാതെ, പ്രസ്തുത ചട്ടം നടപ്പാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി പ്രത്യേക ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതാണ് കൂടുതൽ ഉചിതമെന്ന് നിരീക്ഷിച്ച സമിതി, ഇടുക്കി പോലെയുള്ള ജില്ലകളിൽ ഉണ്ടാകാനിടയുള്ള അപേക്ഷകളുടെ ബാഹുല്യം കണക്കിലെടുത്തും റഗുലറൈസേഷൻ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായും പ്രത്യേക ഓഫീസ് സംവിധാനം ഏർപ്പെടുത്തണമെന്ന് സർക്കാരിനോട് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

II. 2008 -ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഡാറ്റാ ബാങ്ക് പ്രസിദ്ധീകരണം സംബന്ധിച്ച വിഷയം 2025 സെപ്റ്റംബർ 30 -ന് ചേരാൻ നിശ്ചയിച്ചിട്ടുള്ള യോഗത്തിൽ പരിഗണിക്കാമെന്ന് തീരുമാനിച്ച സമിതി, ആയതു സംബന്ധിച്ച അന്തിമറിപ്പോർട്ട് ലഭ്യമാക്കണമെന്ന് റവന്യൂ, കൃഷി, തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകി

വൈകിട്ട് 5.05 -ന് യോഗം അവസാനിച്ചു.

2025 സെപ്റ്റംബർ 24-ാംതീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2025 സെപ്റ്റംബർ 24 -ാം തീയതി ബുധനാഴ്ച രാവിലെ 11.30 ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ യോഗം ചേർന്നു. സമിതി ചെയർപേഴ്സൺ-ന്റെ അസാന്നിധ്യത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവൻ ഓൺലൈൻ

ആയി യോഗത്തിൽ അധ്യക്ഷത വഹിച്ചു. പ്രസ്തുത യോഗത്തിൽ താഴെ പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ഡോ. എൻ ജയരാജ്, ഗവ. ചീഫ് വിപ്പ്
2. ശ്രീ. അഹമ്മദ് ദേവർകോവിൽ
3. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
4. ശ്രീ. എം. രാജഗോപാലൻ

വീഡിയോ കോൺഫറൻസിംഗ് മുഖേന പങ്കെടുത്ത അംഗങ്ങൾ

1. ശ്രീ. കെ. ഡി. പ്രസേനൻ
2. ശ്രീ. പി. ടി. എ. റഹീം
3. ശ്രീ. സനീഷ്കുമാർ ജോസഫ്

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി ഷീബാ വർഗീസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീ. അനിൽ കുമാർ ബി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. മോഹനൻ ഒ., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. എം. ജി. രാജമാണിക്യം, സെക്രട്ടറി, റവന്യൂ വകുപ്പ്
2. ശ്രീ. ബി. പ്രതാപചന്ദ്രൻ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
3. ശ്രീ. റ്റി. ആർ. ജയപാൽ, അഡീഷണൽ സെക്രട്ടറി, റവന്യൂ (ദേവസ്വം) വകുപ്പ്
4. ശ്രീമതി രജനി സി., ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ്
5. ശ്രീ. ഒ. ബി. അരുൺകുമാർ, അഡ്മിനിസ്ട്രേറ്റർ, ഗുരുവായൂർ ദേവസ്വം ബോർഡ്
6. ശ്രീമതി ഷെജി, ഡെപ്യൂട്ടി തഹസിൽദാർ, ശബരിമല സാനിറ്റേഷൻ

സൊസൈറ്റി, പത്തനംതിട്ട

The Guruvayoor Devaswom (Amendment) Bill, 2025 (Bill No 260), റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നും ലഭ്യമാക്കിയ, 2024-25 സാമ്പത്തിക വർഷം വകുപ്പിന് അനുവദിച്ച ബഡ്ജറ്റ് വിഹിതം വീതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ട്, കാലതാമസപത്രിക എന്നിവ സമിതി പരിഗണിച്ചു.

I. **The Guruvayoor Devaswom (Amendment) Bill, 2025 (Bill No 260) -പരിഗണന**

സംസ്ഥാനത്ത് തിരുവിതാംകൂർ, കൊച്ചിൻ ദേവസ്വം ബോർഡ് അംഗങ്ങൾക്ക് മീറ്റിംഗുകളിൽ പങ്കെടുക്കുന്നതിന് യാത്രാബത്തയും സിറ്റിംഗ് ഫീസും നിലവിലുള്ള സാഹചര്യത്തിൽ ഗുരുവായൂർ ദേവസ്വം ബോർഡ് അംഗങ്ങൾക്കും ഓണറേറിയം, യാത്രാബത്ത, സിറ്റിംഗ് ഫീസ് എന്നിവ അനുവദിക്കുന്നതിനും, അഡ്മിനിസ്ട്രേറ്റർക്ക് ചെലവഴിക്കാൻ കഴിയുന്ന തുകയുടെ പരിധി 50,000 രൂപയായി ഉയർത്തുന്നതിനും വേണ്ടിയാണ് The Guruvayoor Devaswom (Amendment) Bill, 2025 കൊണ്ടുവന്നിരിക്കുന്നതെന്നും തിരുവിതാംകൂർ, കൊച്ചിൻ ദേവസ്വം ബോർഡ് പ്രസിഡന്റുമാർക്ക് 35,000 രൂപ വീതവും അംഗങ്ങൾക്ക് 25,000 രൂപ വീതവും ഓണറേറിയം നൽകുന്നുണ്ടെന്നും ഇവരുടെ സിറ്റിംഗ് ഫീസ് യഥാക്രമം 1050 രൂപ, 750 രൂപ എന്ന നിരക്കിലാണെന്നും ചെയർപേഴ്സൺ വിശദീകരിച്ചു.

ജീവനക്കാരുടെ പ്രതിനിധിയായ ദേവസ്വം ബോർഡ് അംഗത്തിന് ദേവസ്വത്തിൽ നിന്നും എല്ലാ ആനുകൂല്യങ്ങളും ശമ്പളവും ലഭിക്കുന്നതിനാൽ അവർക്ക് സിറ്റിംഗ് ഫീസ്, ഓണറേറിയം എന്നിവ നൽകുന്നതിൽ അനൗചിത്യമുണ്ട് എന്ന് സമിതിയിൽ ഉയർന്നുവന്ന അഭിപ്രായത്തിന്,

ജീവനക്കാരുടെ പ്രതിനിധി ശമ്പളം കൈപ്പറ്റുന്ന ഉദ്യോഗസ്ഥനായതിനാൽ ഓണറേറിയം ഒഴിവാക്കാമെന്ന് ചെയർപേഴ്സൺ വ്യക്തമാക്കി.

ജീവനക്കാരുടെ പ്രതിനിധിക്ക് ശമ്പളത്തോടൊപ്പം ഡെയിലി അലവൻസും ഉള്ളതിനാൽ അവ ഒഴിവാക്കാമെന്നും സിറ്റിംഗ് ഫീസ് നൽകണമെന്നും ഗുരുവായൂർ ദേവസ്വം ബോർഡ് അഡ്മിനിസ്ട്രേറ്റർ അഭിപ്രായപ്പെട്ടു.

തുടർന്ന്, ജീവനക്കാരനായ പ്രതിനിധിക്ക് സിറ്റിംഗ് ഫീസ്, യാത്രാബത്ത എന്നിവ മാത്രം അനുവദിക്കാമെന്ന ഭേദഗതി ബില്ലിൽ ഉൾപ്പെടുത്താമെന്ന് സമിതി തീരുമാനിച്ചു.

ബോർഡ് പ്രതിനിധി ചിലപ്പോൾ ക്ലാസ് I ഓഫീസറും ജീവനക്കാരുടെ പ്രതിനിധി ക്ലാസ് IV ജീവനക്കാരും ആകാവുന്ന സാഹചര്യത്തിൽ യാത്രാബത്ത ഏത് നിരക്കിൽ കൊടുക്കണമെന്ന് ചർച്ച ചെയ്ത സമിതി, യാത്രാബത്ത ഗ്രേഡ് I ഓഫീസറുടേതിന് തുല്യമായി നിജപ്പെടുത്താമെന്ന് തീരുമാനിച്ചു.

കേന്ദ്ര-സംസ്ഥാന ജീവനക്കാർ റിട്ടയർ ചെയ്തതിനുശേഷം ബോർഡ് അംഗം/ഭാരവാഹിയായി ചുമതല ഏൽക്കുമ്പോൾ ദേവസ്വം ബോർഡിലെ ചുമതല നിർവഹിക്കുന്നതിന് ലഭ്യമാകുന്ന ആനുകൂല്യത്തോടൊപ്പം സർവീസിൽ നിന്നും വിരമിച്ചതിനു ശേഷമുള്ള പെൻഷനും മറ്റ് അനുകൂല്യങ്ങളും കൈപ്പറ്റുന്നത് ഇരട്ട ആനുകൂല്യത്തിന് തുല്യമാകും എന്ന് സമിതിയിൽ അഭിപ്രായം ഉയർന്നു. നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന പെൻഷൻ അവരുടെ അവകാശമാണെന്നും കൂടുതലായി ഒരു ജോലി ഏറ്റെടുക്കുമ്പോൾ അതിന്റേതായ പരിഗണന നൽകേണ്ടതുണ്ടെന്നും ചെയർപേഴ്സൺ വിശദീകരിച്ചു.

ട്രാവലിംഗ് അലവൻസ്, ഡെയിലി അലവൻസ്, സിറ്റിംഗ് ഫീസ് എന്നിവയ്ക്ക് 2025 ജനുവരി 1 മുതൽ മുൻകാലപ്രാബല്യം അനുവദിക്കാമെന്ന് സമിതി തീരുമാനിച്ചു.

5000 രൂപയിൽ കൂടുതൽ മൂല്യമുള്ള നോൺ പെരിഷബിൾ ആയിട്ടുള്ള ജംഗമവസ്തുക്കൾ കമ്മീഷണറുടെ അനുവാദമില്ലാതെ വിൽക്കാനോ പണയപ്പെടുത്താനോ

അന്യാധീനപ്പെടുത്താനോ പാടില്ല എന്നാണ് നിലവിലെ നിയമത്തിൽ പറയുന്നതെന്നു നിരീക്ഷിച്ച സമിതി, പ്രസ്തുത പരിധി 50000 രൂപയാക്കി ഉയർത്തുന്നതിനും തീരുമാനിച്ചു.

തുടർന്ന് പ്രസ്തുത ബില്ലിന്മേൽ താഴെപ്പറയും പ്രകാരം ഭേദഗതി വരുത്താൻ സമിതി തീരുമാനിച്ചു.

Clause 1

1) Clause 1(2) shall be recast as follows:

"Save as otherwise provided in this Act,—

(I) Section 2 shall deemed to come into force on 1st day of January, 2025;

(ii) the remaining sections shall come into force at once.".

Clause 2

2) In Section 9, proposed to be substituted in the principal Act by clause 2,—

(i) the word "published" shall be deleted;

(ii) the words "such Chairman and members" shall be deleted;

(iii) after the words "travelling allowance", for the word "or" the word

"and" shall be substituted.

3) The following proviso shall be added to Section 9, proposed to be substituted

in the principal Act by clause 2, namely:—

"Provided that a member nominated as per Section 4(1)(d) shall not be

entitled to receive honorarium."

സർവ്വശ്രീ സനീഷ് കുമാർ ജോസഫ്, എൻ. എ. നെല്ലിക്കുന്ന് എന്നീ അംഗങ്ങൾ ബില്ലിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തി.

II. <u>ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ട് പരിഗണന</u>

റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നും ലഭ്യമാക്കിയ ജില്ലാ ഭരണവും പലവകയും എന്ന XI -ാം നമ്പർ ധനാഭ്യർത്ഥനയിൽ ഉൾപ്പെട്ട "2250-00-103-76-ശബരിമല ശുചീകരണ പ്രവൃത്തികൾ" എന്ന ശീർഷകത്തിലേക്ക് 2024-25 സാമ്പത്തിക വർഷം അനുവദിച്ച ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ട്, കാലതാമസപത്രിക എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

രാവിലെ 11 .55 ന് യോഗം അവസാനിച്ചു.

<u>2025 ഒക്ടോബർ 6-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്</u>

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2025 ഒക്ടോബർ മാസം 6-ാം തീയതി തിങ്കളാഴ്ച, സഭാസമ്മേളനത്തിനുശേഷം രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളനഹാളിൽ സമിതി ചെയർപേഴ്സൺ ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി, ശ്രീ. കെ. രാജന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെ പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ഡോ. എൻ. ജയരാജ്, ഗവൺമെൻറ് ചീഫ് വിപ്പ്
2. ശ്രീ. അഹമ്മദ് ദേവർകോവിൽ

3. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
4. ശ്രീ കെ. ഡി. പ്രസേനൻ
5. ശ്രീ. പി. ടി. എ. റഹീം
6. ശ്രീ. എം. രാജഗോപാലൻ
7. ശ്രീ. സനീഷ് കുമാർ ജോസഫ്
8. ശ്രീ. പി. വി. ശ്രീനിജിൻ

നിയമസഭാ സെക്രട്ടറിയേറ്റ്

1. ശ്രീമതി ഷീബാ വർഗീസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീ. അനിൽ കുമാർ ബി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. മോഹനൻ ഒ., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. എം ജി. രാജമാണിക്യം, സെക്രട്ടറി, റവന്യൂ ദുരന്തനിവാരണം-ദേവസ്വം വകുപ്പ്.
2. ശ്രീ. ജീവൻ ബാബു കെ., കമ്മീഷണർ, ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്.
3. ശ്രീ. സീറാം സാംബശിവ റാവു, ഡയറക്ടർ, സർവ്വേയും ഭൂരേഖയും വകുപ്പ്.
4. ശ്രീമതി ആശ ജി. എസ്. സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്.
5. ശ്രീ. ബി. പ്രതാപചന്ദ്രൻ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.
6. ശ്രീ. ഗിരീഷ് കുമാർ ജി., ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്.
7. ശ്രീമതി സ്നേഹലത കെ. ജോയിന്റ് സെക്രട്ടറി, റവന്യൂ വകുപ്പ്.
8. ശ്രീ. സുരേഷ് കുമാർ എസ്. ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.
9. ശ്രീമതി പുഷ്പ പി. ആർ., ഡെപ്യൂട്ടി ഡയറക്ടർ, സർവ്വേയും ഭൂരേഖയും വകുപ്പ്.
10. ശ്രീ. സലാം എസ്. ഡെപ്യൂട്ടിഡയറക്ടർ, സർവ്വേ ഭൂരേഖയും വകുപ്പ്.
11. ഡോ. ജയന്തി സുധാകരൻ, അസിസ്റ്റൻറ് കമ്മീഷണർ, ലാൻഡ് റവന്യൂ

കമ്മീഷണറേറ്റ്.

2025-ലെ കേരള സ്വകാര്യ കൈവശത്തിലുള്ള അധികഭൂമി (ക്രമവത്ക്കരണ) ബിൽ (ബിൽ നമ്പർ 272) സമിതി പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു. കൂടാതെ, സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ വിഷയം പരിഗണിക്കുകയും ചർച്ച ചെയ്യുകയും ചെയ്തു.

I. 2025-ലെ കേരള സ്വകാര്യ കൈവശത്തിലുള്ള അധിക ഭൂമി (ക്രമവത്ക്കരണ) ബിൽ

ഡിജിറ്റൽ റീസർവേ കഴിഞ്ഞ ഭൂമിക്കു മാത്രമാണ് ബിൽ ബാധകമാകുന്നതെന്നും കൺവെൻഷണൽ രീതിയിൽ നിന്ന് വ്യത്യസ്തമായി ആർ. ടി. കെ. റോവർ, ആർ. ടി. എസ്. എന്നീ മെഷീനുകൾ ഉപയോഗിച്ച് കൂടുതൽ കൃത്യതയോടെ ഭൂമി അളക്കുമ്പോൾ നിശ്ചിത ബൗണ്ടറിക്കകത്ത് ആധാരത്തിൽ പറഞ്ഞിട്ടുള്ളതിനേക്കാൾ കൂടുതൽ ഭൂമി കണ്ടെത്തിയാൽ അത് ക്രമവത്ക്കരിക്കുന്നതിന് വേണ്ടിയുള്ളതാണ് പ്രസ്തുത ബിൽ എന്നും ബഹു. സമിതി ചെയർപേഴ്സൺ വിശദീകരിച്ചു.

ഏതെങ്കിലും വിധത്തിൽ സ്വകാര്യ ആളുകളുമായോ സർക്കാർ ഭൂമിയുമായോ തർക്കമില്ലാത്ത ഭൂമിയിൽ സ്വന്തമായി ആധാര പ്രകാരമുള്ള ബൗണ്ടറിക്കകത്ത് അധികഭൂമി കണ്ടെത്തിയാൽ അത്തരം ഭൂമി ക്രമവത്ക്കരിക്കാവുന്നതാണെന്നും എന്നാൽ ആധാരത്തിലുള്ള ഭൂമിയിൽ ഡിജിറ്റൽ സർവേയിൽ കുറവ് വന്നാൽ ഒന്നും ചെയ്യാൻ സാധിക്കില്ല എന്നും ചെയർപേഴ്സൺ വ്യക്തമാക്കി.

അധികഭൂമി പതിച്ചു കിട്ടാൻ അപേക്ഷ സമർപ്പിക്കേണ്ടതിനെക്കുറിച്ച് സമിതിയിൽ ഉയർന്നുവന്ന സംശയങ്ങൾക്ക്, ഡിജിറ്റൽ സർവേ പൂർത്തീകരിച്ച് സെക്ഷൻ 13 പ്രകാരമുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച ഭൂമി റവന്യൂ രേഖയുടെ ഭാഗമായി മാറിക്കഴിഞ്ഞാൽ അപേക്ഷ സമർപ്പിക്കാവുന്നതാണെന്നും ഒരു വില്ലേജിലെ സർക്കാർ ഭൂമി അളന്നു തിരിച്ചതിനുശേഷം മാത്രമേ സ്വകാര്യഭൂമി അളക്കുകയുള്ളൂ എന്നും സമിതി ചെയർപേഴ്സൺ മറുപടി നൽകി. 342 വില്ലേജുകളിൽ ഡിജിറ്റൽ സർവേ പൂർത്തീകരിച്ച് 9(2) വിജ്ഞാപനവും 4 വില്ലേജുകളിൽ വകുപ്പ് 13 പ്രകാരമുള്ള നോട്ടിഫിക്കേഷനും പുറപ്പെടുവിച്ചിട്ടുണ്ടെന്നും ഡിജിറ്റൽ സർവ്വേ മുഖേന ഭൂരേഖകൾ ആധികാരികമാകുന്ന മുറയ്ക്ക് എല്ലാവർക്കും ആക്ടിന്റെ പ്രയോജനം ലഭിക്കുമെന്നും ചെയർപേഴ്സൺ കൂട്ടിച്ചേർത്തു. ആധാര പ്രകാരമുള്ള ഭൂമിയുടെ അളവിൽ ഡിജിറ്റൽ സർവേ കഴിയുമ്പോൾ കുറവ് സംഭവിച്ചാൽ കൈവശമുള്ള ഭൂമിയുടെ നികുതി മാത്രം അടച്ചാൽ മതിയാകുമെന്നും ചെയർപേഴ്സൺ വ്യക്തമാക്കി.

ഒരു വ്യക്തിയുടെ വസ്തുവിലെ ബൗണ്ടറിക്കകത്തുള്ള അധികഭൂമി ക്രമവത്ക്കരിക്കുന്നതുമായി ബന്ധപ്പെട്ട് തൊട്ടടുത്ത വസ്തുവിലെ ഉടമസ്ഥർക്ക് പരാതി ഉണ്ടെങ്കിൽ അതു ഉന്നയിക്കാനുള്ള അവസരം നൽകുന്നുണ്ടെങ്കിലും പരാതി ലഭിച്ച് 30 ദിവസത്തിനുള്ളിൽ ഹിയറിങ് നടത്തണമെന്ന വ്യവസ്ഥ കൂടി ഉൾപ്പെടുത്തണമെന്നും അത് സംബന്ധിച്ച വ്യവസ്ഥ ചട്ടത്തിൽ ഉൾപ്പെടുത്തിയില്ലെങ്കിൽ ഉദ്യോഗസ്ഥതലത്തിൽ ഏകപക്ഷീയ തീരുമാനമെടുക്കാനുള്ള സാധ്യതയുണ്ടെന്നും സമിതിയിൽ അഭിപ്രായം ഉയർന്നുവന്നു.

ഉടമസ്ഥാവകാശം ഇല്ലാത്ത ഭൂമിയിൽ സ്വീകരിക്കാൻ സാധിക്കുന്ന നടപടി സംബന്ധിച്ച് സമിതിയിൽ ഉയർന്നുവന്ന ആശങ്കയ്ക്ക്, സാധാരണയായി ഉടമസ്ഥാവകാശികൾ ഇല്ലാത്ത ഭൂമി എസ്റ്റേറ്റ് ആയി പ്രഖ്യാപിച്ച് സർക്കാർ

ഏറ്റെടുക്കുകയാണ് ചെയ്യുന്നതെന്നും പ്രസ്തുത വിഷയം ലാൻഡ് റവന്യൂ കമ്മീഷണർ പരിശോധിക്കണമെന്നും ചെയർപേഴ്സൺ നിർദ്ദേശിച്ചു.

തുടർന്ന്, ബില്ലിന്മേൽ താഴെപ്പറയുന്ന പ്രകാരം ഭേദഗതികൾ വരുത്താൻ സമിതി തീരുമാനിച്ചു.

ദീർഘശീർഷകം

1) ദീർഘശീർഷകത്തിലെ "ക്രമവത്ക്കരിക്കുന്നതിനും" എന്ന വാക്കിന് മുൻപായി "നിശ്ചയിക്കുന്നതിനും" എന്ന വാക്ക് ചേർക്കുക.

പീഠിക

2) പീഠികയിലെ "ക്രമവത്ക്കരിക്കുന്നതിനും" എന്ന വാക്കിന് മുൻപായി "നിശ്ചയിക്കുന്നതിനും" എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 1

3) ഖണ്ഡം I -ലെ "ക്രമവത്ക്കരണ" എന്ന വാക്കിനു പകരം "നിശ്ചയിക്കലും ക്രമവത്ക്കരണവും" എന്ന് ചേർക്കുക.

ഖണ്ഡം 2

4) ഖണ്ഡം 2 -ലെ നിലവിലുള്ള (എ) മുതൽ (എച്ച്) വരെയുള്ള ഇനങ്ങളെ താഴെപ്പറയുന്ന പ്രകാരം പുനഃക്രമീകരിച്ച് പുനരക്ഷരം ചെയ്യുക, അതായത്:-

"(എ) ഉടമസ്ഥാവകാശ സാക്ഷ്യപത്രം

(ബി) ഡിജിറ്റൽ റീസർവ്വേ

(സി) അധികഭൂമി

(ഡി) സർക്കാർ

(ഇ) വിജ്ഞാപനം

(എഫ്) നിർണ്ണയിക്കപ്പെട്ട

(ജി) സ്വകാര്യഭൂമി

(എച്ച്) ക്രമവത്ക്കരണം".

5) പുനരക്ഷരം ചെയ്ത പ്രകാരമുള്ള (എ) ഇനത്തിനു പകരം താഴെ പറയുന്ന ഇനം ചേർക്കുക, അതായത്:—

“(എ) “ഉടമസ്ഥാവകാശ സാക്ഷ്യപത്രം" എന്നാൽ സ്വകാര്യഭൂമിയിൽ കണ്ടെത്തുന്ന അധികഭൂമി സംബന്ധിച്ച് നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും വ്യവസ്ഥകൾക്കും വിധേയമായി നിർണ്ണയിക്കപ്പെടാവുന്ന അധികാരസ്ഥാനം നൽകുന്ന രേഖ എന്നർത്ഥമാകുന്നു;”.

6) പുനരക്ഷരം ചെയ്ത പ്രകാരമുള്ള (എ) ഇനത്തിൽ,—

(i) കുറിപ്പ് 1 -നു പകരം താഴെ പറയും പ്രകാരം ചേർക്കുക, അതായത്:—

"കുറിപ്പ്: ഇപ്രകാരം അനുവദിക്കുന്ന ഉടമസ്ഥാവകാശ സാക്ഷ്യപത്രത്തിന്റെ ഓരോ പകർപ്പ് റവന്യൂ വകുപ്പിന്റെയും രജിസ്ട്രേഷൻ വകുപ്പിന്റെയും ഡാറ്റാബേസിൽ സൂക്ഷിക്കേണ്ടതാണ്.”;

(ii) കുറിപ്പ് 2 ഒഴിവാക്കുക.

7) പുനരക്ഷരം ചെയ്ത പ്രകാരമുള്ള (സി) ഇനത്തിലെ,-

(i) "അധികഭൂമി കൈവശം” എന്നതിലെ "കൈവശം" എന്ന വാക്ക് ഒഴിവാക്കുക;

(ii) “ഭൂമിയുടെ” എന്ന വാക്കിനു പകരം "സ്വകാര്യഭൂമിയുടെ” എന്ന വാക്ക് ചേർക്കുക;

(iii) "തനിക്ക്" എന്ന വാക്ക് ഒഴിവാക്കുക;

(iv) "തന്റെ " എന്ന വാക്ക് ഒഴിവാക്കുക.

8) പുനരക്ഷരം ചെയ്ത പ്രകാരമുള്ള (എച്ച്) ഇനത്തിനുശേഷം ഇനം (ഐ) ആയി താഴെ പറയും പ്രകാരം ചേർക്കുക, അതായത്:—

"(ഐ) "നിശ്ചയിക്കൽ" എന്നാൽ ഉടമസ്ഥാവകാശ സാക്ഷ്യപത്രം അനുവദിക്കുന്നതിനുള്ള അർഹത ഉറപ്പാക്കൽ എന്നർത്ഥമാകുന്നു.".

ഖണ്ഡം 3

9) ഖണ്ഡം 3-ൽ "കൈവശം" എന്ന വാക്ക് വരുന്നിടത്തെല്ലാം ആയത് ഒഴിവാക്കുക.

ഖണ്ഡം 4

10) (i) ഖണ്ഡം 4 -ന്റെ മാർജിനൽ ശീർഷകത്തിലെ "അധിക ഭൂമി കൈവശത്തിന്" എന്ന വാക്കുകൾ ഒഴിവാക്കുക;

(ii) ഖണ്ഡം 4(1)-ന് പകരം താഴെ പറയും പ്രകാരം ചേർക്കുക, അതായത്:—

"(1) അധികഭൂമി രേഖപ്പെടുത്തപ്പെട്ട സംഗതികളിൽ നിർണ്ണയിക്കപ്പെടുന്ന വ്യവസ്ഥകൾക്കും നിബന്ധനകൾക്കും പരിധിക്കും വിധേയമായി നിർണ്ണയിക്കപ്പെടുന്ന അധികാരസ്ഥാനത്തിന് നിർണ്ണയിക്കപ്പെടുന്ന പ്രകാരം അധികഭൂമിക്ക് ഉടമസ്ഥത നിശ്ചയിച്ചും ക്രമവത്ക്കരിച്ചും, ഉടമസ്ഥാവകാശ സാക്ഷ്യപത്രം അനുവദിക്കാവുന്നതാണ്:

എന്നാൽ, അധികഭൂമി ഉൾപ്പെടുന്ന സ്വകാര്യഭൂമിയുടെ സബ് ഡിവിഷൻ ഉൾപ്പെടുന്ന സർവ്വേ നമ്പറിനോട് ചേർന്ന് സർക്കാർ ഭൂമി ഉണ്ടായിരിക്കുന്നപക്ഷം, അത്തരം സർക്കാർ ഭൂമിയുടെ വിസ്തീർണ്ണത്തിൽ കുറവുണ്ടാകുന്ന വിധത്തിൽ സ്വകാര്യഭൂമിയിലെ അധികഭൂമിക്ക് ഉടമസ്ഥാവകാശ സാക്ഷ്യപത്രം അനുവദിക്കുന്നതല്ലാത്തതാണ്.";

(iii) ഖണ്ഡം 4(2) ഒഴിവാക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക;

(iv) പുനരക്കം ചെയ്ത പ്രകാരമുള്ള (2) -ാം ഉപഖണ്ഡം താഴെ പറയും പ്രകാരം മാറ്റുക, അതായത്:—

"(2) ഉടമസ്ഥാവകാശ സാക്ഷ്യപത്രം, അപ്രകാരമുള്ള അധികഭ്രമിയുടെ ആധികാരിക രേഖ ആയിരിക്കുന്നതാണ്.";

(v) പുനരക്കം ചെയ്ത പ്രകാരമുള്ള (4) -ാം ഉപഖണ്ഡത്തിലെ,-

(a) "ഉടമസ്ഥാവകാശ സാക്ഷ്യപത്രത്തിനായുള്ള ഒരു അപേക്ഷയിൻമേൽ ഒരു അധികാരസ്ഥാനം കൈക്കൊണ്ട തീരുമാനത്തിൽ ആക്ഷേപം ഉള്ള അപേക്ഷകനോ, അങ്ങനെയുള്ള അപേക്ഷയിൽ ഒരു അധികാരസ്ഥാനം എടുത്ത തീരുമാനത്തെത്തുടർന്ന് സങ്കടമനുഭവിക്കുന്ന ഏതൊരാളിനുമോ" എന്നതിന് പകരം "ഈ ആക്ടിന്റെയും ചട്ടത്തിന്റെയും കീഴിലുള്ള അധികാരസ്ഥാനം എടുത്ത തീരുമാനത്തെത്തുടർന്ന് സങ്കടമനുഭവിക്കുന്ന ഏതൊരാളിനും" എന്ന് ചേർക്കുക;

(b) "ഫീസ് ഒടുക്കിക്കൊണ്ട്"എന്ന വാക്കുകൾ ഒഴിവാക്കുക;

(c) ക്ലിപ്തനിബന്ധനയിലെ "അറുപത് ദിവസത്തിൽ അധികരിക്കാത്ത വിധം" എന്നീ വാക്കുകൾ ഒഴിവാക്കുക.

ഖണ്ഡം 7

11) ഖണ്ഡം 7 –ലെ,—

(i) "കൈവശം" എന്ന വാക്ക് ഒഴിവാക്കുക;

(ii) ഇനം (എഫ്) -ലെ "അല്ലെങ്കിൽ" എന്ന വാക്ക് ഒഴിവാക്കുക;

(iii) ഇനം (ജി) -ലെ "സംഗതികളിലും" എന്ന വാക്കിന് ശേഷം വരുന്ന "ഉണ്ടായിരിക്കുന്നതാണ്." എന്നത് അടുത്ത വരിയിലേക്ക് മാറ്റുക.

II സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ വിഷയം

സബ്ജക്ട് കമ്മിറ്റികൾ സാധാരണയായി ഹർജികൾ പരിഗണിക്കാറില്ലെങ്കിലും സ്വകാര്യ വ്യക്തിയുടെ കൈവശമുള്ള അധികഭ്രമി ക്രമീകരിച്ചു രേഖ നൽകുന്നതിനുള്ള ബിൽ നിയമസഭയുടെ നടപ്പുസമ്മേളനത്തിൽ അവതരിപ്പിക്കുമെന്ന പത്രവാർത്തയെ തുടർന്ന്, ബില്ലിലെ വ്യവസ്ഥകൾ

സംബന്ധിച്ച് ആശങ്ക അറിയിച്ചുകൊണ്ട് ശ്രീ. ആർ. ശശിധരൻപിള്ള, പൂങ്കുന്നം, തൃശ്ശൂർ സമർപ്പിച്ച നിവേദനം സമിതി പരിഗണിക്കുകയും ക്രമവത്ക്കരിച്ച് നൽകേണ്ട ഭൂമിയുടെ വിസ്തീർണ്ണം ഉൾപ്പെടെയുള്ള കാര്യങ്ങൾ തീരുമാനിക്കാനുള്ള അധികാരം സർക്കാരിന് നൽകിക്കൊണ്ടുള്ള വ്യവസ്ഥകളോടെയാണ് ബിൽ പാസ്സാക്കുന്നതെന്നതിനാൽ നിവേദനം നിരസിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

ഉച്ചയ്ക്ക് 12.05-ന് യോഗം അവസാനിച്ചു.

2026 ഫെബ്രുവരി 11-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2026 ഫെബ്രുവരി 11-ാം തീയതി ബുധനാഴ്ച രാവിലെ 11.30 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '3 എ ' സമ്മേളനഹാളിൽ സമിതി ചെയർപേഴ്സണായ ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. രാജന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ് -ഓഫിഷ്യോ അംഗമായ ബഹു. തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി ശ്രീ. വി.എൻ. വാസവനും (വീഡിയോ കോൺഫറൻസിംഗ് മുഖേന) താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

ഹാജരായ അംഗങ്ങൾ

ശ്രീ. അഹമ്മദ് ദേവർകോവിൽ, എം.എൽ.എ.,

ഡോ. എൻ. ജയരാജ്, എം.എൽ.എ.,

ശ്രീ. എം. രാജഗോപാലൻ, എം.എൽ.എ.

ശ്രീ. പി.ടി. എ. റഹീം, എം.എൽ.എ (വീഡിയോ കോൺഫറൻസിംഗ് മുഖേന)

ശ്രീ. പി. വി. ശ്രീനിജൻ, എം.എൽ.എ (വീഡിയോ കോൺഫറൻസിംഗ് മുഖേന)

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി ഷീബാ വർഗീസ്, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി സിന്ധു റ്റി. ജി., ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ മോഹനൻ ഒ., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ :–

1. ശ്രീ. എം.ജി. രാജമാണിക്യം, സെക്രട്ടറി, റവന്യൂ വകുപ്പ്
2. ശ്രീമതി ശ്രീധന്യ സുരേഷ്, ഡയറക്ടർ, സാമൂഹിക സന്നദ്ധസേന & കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമി (KYLA)
3. ശ്രീ. സീറാം സാംബശിവ റാവു, ഡയറക്ടർ, സർവേയും ഭൂരേഖയും വകുപ്പ്
4. ശ്രീ. സബിൻ സമീദ്, സെക്രട്ടറി, ലാൻഡ് ബോർഡ്
5. ശ്രീമതി ലത എസ്., സെക്രട്ടറി, കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്)
6. ശ്രീ. മുഹമ്മദ് റിയാസ്, അഡീഷണൽ സെക്രട്ടറി, പൊതുഭരണ(ഏകോപനം) വകുപ്പ്
7. ശ്രീ. റ്റി.ആർ. ജയപാൽ, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്
8. ശ്രീമതി എം. ഗീത, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
9. ശ്രീ. ഉദയകുമാർ എസ്. ആർ., കമ്മീഷണർ, കൊച്ചിൻ ദേവസ്വം ബോർഡ്
10. ശ്രീ. ബിജു ടി.സി., കമ്മീഷണർ, മലബാർ ദേവസ്വം ബോർഡ്
11. ശ്രീമതി മീര കെ., ജോയിന്റ് കമ്മീഷണർ, ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്

12. ശ്രീമതി സി.എം. അബ്ദുൾ ജബ്ബാർ, ചീഫ് എക്സ്ക്യൂട്ടീവ് ഓഫീസർ, കേരള സ്റ്റേറ്റ് വഖഫ് ബോർഡ്
13. ശ്രീ. അനു എസ്.നായർ, എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ്
14. ശ്രീ. ജി.എസ്. രാധേഷ്, അഡിമിനിസ്ട്രേറ്റർ, കൂടൽമാണിക്യം ദേവസ്വം
15. ശ്രീ. കാർത്തിക് ഗോപാൽ സി., പ്രോജക്ട് മാനേജർ, കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമി
16. ശ്രീമതി ഷീബ ജി.ആർ., സീനിയർ ഫിനാൻസ് ഓഫീസർ, ലാന്റ് റവന്യൂ കമ്മീഷണറേറ്റ്
17. ശ്രീമതി ശ്രീജ എസ്., ഫിനാൻസ് ഓഫീസർ, ലാൻഡ് ബോർഡ്
18. ശ്രീമതി രേവതി വാസുദേവൻ നായർ, ഫിനാൻസ് ഓഫീസർ, കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്
19. ശ്രീ. ബിപിൻ കുമാർ എം., റവന്യൂ ഡിവിഷണൽ ഓഫീസർ, അടൂർ

സമിതി 2026-27 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ധനാഭ്യർത്ഥന നമ്പർ VI, XI, XXVIII എന്നിവയിന്മേലുള്ള വിവിധ ശീർഷകങ്ങളിലെ കണക്കിനങ്ങൾ സൂക്ഷ്മ പരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യുകയും താഴെപ്പറയുന്ന ശിപാർശകൾ നൽകുകയും ചെയ്തു.

ധനാഭ്യർത്ഥന നമ്പർ VI– ഭൂനികുതി

2029-00-101-99-05-1–വില്ലേജ് എസ്റ്റാബ്ലിഷ്മെന്റ് - ഓഫീസ് ചെലവുകൾ – വെള്ളക്കരം

വില്ലേജ് ഓഫീസുകളുടെ വെള്ളക്കരം ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ

മേൽ ശീർഷകത്തിൽ 80 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2029-00-101-99-06 –വില്ലേജ് എസ്റ്റാബ്ലിഷ്മെന്റ്-വാടക,കരം, നികുതി

സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളുടെ കെട്ടിട നികുതി ഇനത്തിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുള്ള കുടിശ്ശിക തുക അടച്ചുതീർക്കുന്നതിനും, വിവിധ വില്ലേജ് ഓഫീസുകളുടെ വസ്തു നികുതിയും വാടകയും നൽകുന്നതിനും വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ മേൽ ശീർഷകത്തിൽ 1.50 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ധനാഭ്യർത്ഥന നമ്പർ XI -ജില്ലാ ഭരണവും പലവകയും

2053-00-093-99-05-1 — കളക്ടർമാരും മജിസ്ട്രേറ്റുമാരും- ഓഫീസ് ചെലവുകൾ-വെള്ളക്കരം

2025-2026 സാമ്പത്തിക വർഷം വെള്ളക്കരം ഇനത്തിൽ കുടിശ്ശിക അടയ്ക്കുന്നതിനുള്ള തുക അപര്യാപ്തമായതിനാൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ മേൽ ശീർഷകത്തിൽ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2053-00-093-99-06 —കളക്ടർമാരും മജിസ്ട്രേറ്റുമാരും -വാടക, കരം, നികുതി

ഐ.എ.എസ് ഉദ്യോഗസ്ഥർ താമസിക്കുന്ന കെട്ടിടങ്ങളുടെ വാടക നൽകുന്നതിനും, റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ കെട്ടിടനികുതി ഒടുക്കുന്നതിനും വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 2.5 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2053-00-093-99-04-2—കളക്ടർമാരും മജിസ്ട്രേറ്റുമാരും - യാത്ര ചെലവുകൾ- സ്ഥലംമാറ്റ ബത്ത

ഐ.എ.എസ് ഓഫീസർമാരുടെയും ജീവനക്കാരുടെയും സ്ഥലംമാറ്റ ബത്ത ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2053-00-093-99-04-4 —കളക്ടർമാരും മജിസ്ട്രേറ്റുമാരും - യാത്ര ചെലവുകൾ- അവധി യാത്രാനുകൂല്യം

ഐ.എ.എസ് ഓഫീസർമാരുടെയും ജീവനക്കാരുടെയും അവധി യാത്രാനുകൂല്യങ്ങൾക്കായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ മേൽ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2053-00-094-99-05-1-താലൂക്ക് ഓഫീസുകൾ-ഓഫീസ് ചെലവുകൾ- വെള്ളക്കരം

താലൂക്ക് ഓഫീസുകളിലെ വെള്ളക്കരം ഇനത്തിൽ 2025-2026 സാമ്പത്തിക വർഷത്തെ കുടിശ്ശിക അടയ്ക്കാതിരുന്നാൽ ആയത് താലൂക്ക് ഓഫീസുകളുടെ ദൈനംദിന പ്രവർത്തനത്തെ ബാധിക്കുമെന്നും, ഈ ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്നും മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2053-00-094-99-05-2—താലൂക്ക് ഓഫീസുകൾ - ഓഫീസ് ചെലവുകൾ -വൈദ്യുതി ചെലവ്

താലൂക്ക് ഓഫീസുകളിലെ വൈദ്യുതി ചെലവ് ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്നും 2024-25 സാമ്പത്തിക വർഷത്തെ കുടിശ്ശിക തുക അടയ്ക്കാതിരുന്നാൽ പ്രസ്തുത സാഹചര്യം താലൂക്ക് ഓഫീസുകളുടെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കുമെന്നും വിലയിരുത്തിയ സമിതി, താലൂക്ക് ഓഫീസുകളിലെ വൈദ്യുതി ചെലവ് ഇനത്തിൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ

ഉപധനാഭ്യർത്ഥന വഴിയോ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2053-00-094-99-06– താലൂക്ക് ഓഫീസുകൾ - വാടക, കരം, നികുതി

2025-2026 സാമ്പത്തിക വർഷത്തെ കുടിശ്ശിക അടയ്ക്കുന്നതിനും താലൂക്ക് ഓഫീസുകളുടെ കെട്ടിട വാടക നൽകുന്നതിനും റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ കെട്ടിട നികുതി ഒടുക്കുന്നതിനുമായി ഈ ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ ഒരു കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

ധനാഭ്യർത്ഥന നമ്പർ VI- (ഭൂനികുതി)

സർവ്വേയും ഭൂരേഖയും വകുപ്പ്

2029-00-103-95 –ഭൂരേഖാ സേവനലഭ്യതയും ഉദ്ഗ്രഥനവും

ഭൂരേഖ നവീകരണ പരിപാടിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി 2026-2027 സാമ്പത്തിക വർഷത്തിൽ സർവ്വേ വകുപ്പ് സമർപ്പിച്ച പ്ലാൻ പ്രൊപ്പോസൽ പ്രകാരമുള്ള 61.02 കോടി രൂപ കൂടി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ മേൽ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കൂടാതെ ബഹു.ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ **'എന്റെ ഭൂമി'** പദ്ധതിക്കായി പ്രഖ്യാപിച്ച 26.80 കോടി രൂപ ഈ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ലെന്നു മനസ്സിലാക്കിയ സമിതി മേൽ

ശീർഷകത്തിൽ 26.80 കോടി രൂപ അധികമായി ഉൾപ്പെടുത്തണമെന്ന് ശിപാർശ ചെയ്യാനും തീരുമാനിച്ചു.

ധനാഭ്യർത്ഥന നമ്പർ XXVIII-(പലവക സാമ്പത്തിക സർവ്വീസുകൾ)

സർവ്വേയും ഭൂരേഖയും വകുപ്പ്

5475-00-800-77-(03)- ഭൂനികുതിവകുപ്പിനു കീഴിലുള്ള മൂലധന പ്രവൃത്തികൾ/ പദ്ധതികൾ - സർവ്വേ പരിശീലന സ്കൂളുകളുടെ ആധുനികവൽക്കരണം

തിരുവനന്തപുരം, കോഴിക്കോട്, തൃശ്ശൂർ, കോട്ടയം എന്നിവിടങ്ങളിലെ സർവ്വേ ടെയിനിങ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കും ആധുനികവൽക്കരണത്തിനുമായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ മേൽ ശീർഷകത്തിൽ 1.8 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ധനാഭ്യർത്ഥന നമ്പർ XI- (ജില്ലാ ഭരണവും പലവകയും)

കേരള സ്റ്റേറ്റ് വഖഫ് ബോർഡ്

2250-00-103-89 — വഖഫ് ബോർഡിനുള്ള അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ്

വഖഫ് ബോർഡിന്റെ അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി, മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 3.10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2053-00-094-37 - സാമൂഹിക സന്നദ്ധസേനാ ഡയറക്ടറേറ്റ്

ദുരന്തനിവാരണ പരിശീലനങ്ങൾക്കായി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി SDRF-ൽ നിന്നും നൽകിയ തുക വിനിയോഗിച്ചാണ് നിലവിൽ പ്രാദേശിക പരിശീലനങ്ങൾ നടത്തിവരുന്നതെന്നും, SDRF -ൽ നിന്ന് പുതിയ ഫണ്ട് ലഭ്യമായിട്ടില്ലാത്തതിനാൽ ദുരന്ത മുന്നൊരുക്ക പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതിന് നിലവിൽ പദ്ധതിവിഹിതമായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്നും വിലയിരുത്തിയ സമിതി, മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2053-00-094-35—<u>കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമി (കൈല)</u>

കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമിക്കായി നോൺ പ്ലാൻ വിഹിതം ഇല്ലാത്തതിനാൽ ശമ്പളം തുടങ്ങിയ ഭരണപരമായ ചെലവുകളും പ്ലാൻ വിഹിതത്തിൽ നിന്നാണ് വഹിക്കുന്നതെന്നും നിലവിൽ നിരവധി പദ്ധതികൾ കൈലയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്നുണ്ടെന്നും മനസ്സിലാക്കിയ സമിതി കൈലയുടെ വളർച്ചയ്ക്കായും പദ്ധതി നിർവ്വഹണത്തിനായും മേൽ ശീർഷകത്തിൽ പ്ലാൻ വിഹിതത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

കൂടാതെ, കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമിക്കായി നിലവിൽ നോൺ പ്ലാൻ ശീർഷകവും ഫണ്ടും അനുവദിച്ചിട്ടില്ലെന്നും, ശമ്പളം, മറ്റു ഭരണപരമായ ചെലവുകൾ എന്നിവയ്ക്കായി പ്ലാൻ ഫണ്ടിൽ നിന്നാണ് തുക ചെലവഴിച്ചിരിക്കുന്നതെന്നും മനസ്സിലാക്കിയ സമിതി, 2022-23, 2024-25, 2025-26 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടുകളിൽ കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമിക്കായി പുതിയ നോൺ

പ്ലാൻ ശീർഷകം അനുവദിക്കണമെന്ന് ശിപാർശ ചെയ്തിരുന്നുവെന്നതും പ്രസ്തുത ശിപാർശ തുടർനടപടി സ്വീകരിക്കുന്നതിലേക്കായി ഭരണ വകുപ്പായ പൊതുഭരണ വകുപ്പിനെ അറിയിച്ചിരുന്നുവെങ്കിലും, 2026-27 സാമ്പത്തിക വർഷത്തിലും കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമിക്കായി പുതിയ നോൺ പ്ലാൻ ശീർഷകം അനുവദിച്ചിട്ടില്ല എന്നതും ഗൗരവമായി കാണുകയും കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമിക്കായി നോൺപ്ലാൻ ശീർഷകം അനുവദിക്കണമെന്നും 25 ലക്ഷം രൂപ വകയിരുത്തണമെന്നും ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

റവന്യൂ (ദേവസ്വം) വകുപ്പ്

2250-00-102-99-04 -1 —1951 -ലെ മദ്രാസ് എച്ച്.ആർ ആൻറ് സി.ഇ.നിയമം നടപ്പാക്കൽ- യാത്രാ ചെലവുകൾ- യാത്രാബത്ത

ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പിലെ അസിസ്റ്റന്റ് കമ്മീഷണർമാർ, വെരിഫിക്കേഷൻ ഓഫീസർമാർ, ഡിവിഷണൽ ഇൻസ്പെക്ടർമാർ എന്നീ ഉദ്യോഗസ്ഥർക്കും, ഡെപ്യൂട്ടി കമ്മീഷണറുടെ നേതൃത്വത്തിലുള്ള ഇന്റേണൽ വിജിലൻസ് വിങ്ങിലെ ഉദ്യോഗസ്ഥർക്കും ധാരാളം ഔദ്യോഗിക യാത്രകൾ ആവശ്യമായി വരുന്നതിനാൽ യാത്രാ ബത്ത ഇനത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി, മേൽ ശീർഷകത്തിൽ 3.5 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2250-00-102-99-04-2 —1951 -ലെ മദ്രാസ് എച്ച്.ആർ ആൻറ് സി.ഇ. നിയമം നടപ്പാക്കൽ - യാത്രാ ചെലവുകൾ- സ്ഥലംമാറ്റബത്ത

ഹിന്ദുമത ധർമ്മസ്ഥാപന(ഭരണ) വകുപ്പിലെ ആസ്ഥാന ഓഫീസ്, ആറ് ഡിവിഷണൽ ഓഫീസുകൾ എന്നിവിടങ്ങളിലെ ജീവനക്കാർക്ക് സ്ഥലംമാറ്റ ബത്ത

അനുവദിക്കുന്നതിനായി വകയിരുത്തിയിരിക്കുന്ന തുക തീരെ അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി, മേൽ ശീർഷകത്തിൽ 1.7 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2250-00-102-99-04-4- 1951 -ലെ മദ്രാസ് എച്ച്.ആർ ആൻറ് സി.ഇ. നിയമം നടപ്പാക്കൽ-യാത്രാ ചെലവുകൾ-അവധി യാത്രാനുകൂല്യം

ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പിലെ ആസ്ഥാന ഓഫീസ്, ആറ് ഡിവിഷണൽ ഓഫീസുകൾ എന്നിവിടങ്ങളിലെ ജീവനക്കാർക്ക് അവധി യാത്രാനുകൂല്യം അനുവദിക്കുന്നതിനായി വകയിരുത്തിയിരിക്കുന്ന തുകയായ 50,000 രൂപ അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ 2.5 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2250-00-103-99 - ദേവസ്വം ഫണ്ടിലേക്കും ശ്രീപണ്ടാരംവക ഫണ്ടിലേക്കും ഉള്ളസഹായം

06.12.2003-ലെ സ.ഉ.(കൈ) നം.378/2003/റവ. ഉത്തരവ് പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡിനും ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിനും ആനുവൽ കോൺട്രിബ്യൂഷൻ ഇനത്തിൽ യഥാക്രമം 80 ലക്ഷം രൂപ, 20 ലക്ഷം രൂപ എന്നിങ്ങനെ ആകെ നൽകി വരുന്ന 1 കോടി രൂപ 23 വർഷങ്ങൾക്ക് മുമ്പുള്ള നിരക്കാണെന്നും, പ്രസ്തുത തുക കാലോചിതമായി വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണെന്നും ആനുവൽ കോൺട്രിബ്യൂഷൻ ഇനത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിനും ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിനും കൂടിശ്ശിക നൽകാനുണ്ടെന്നും വിലയിരുത്തിയ സമിതി ഈ ആവശ്യത്തിനായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ മേൽ ശീർഷകത്തിൽ 49.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ച

2250-00-103-98 — കൊച്ചി ദേവസ്വം ബോർഡിനുള്ള സഹായം

കൊച്ചി ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളുടെ സംരക്ഷണം, ക്ഷേത്രങ്ങളിൽ ഭക്തജനങ്ങൾക്കായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ, മാലിന്യനിർമ്മാർജ്ജനം എന്നിവയ്ക്കും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനുമായി ആവശ്യമായ തുക ദേവസ്വം ബോർഡിന്റെ തനതുഫണ്ടിൽ നിന്നും കണ്ടെത്താൻ സാധിക്കുകയില്ലെന്ന് മനസ്സിലാക്കിയ സമിതി, ധനപുനർവിനിയോഗം വഴിയോ, ഉപധനാഭ്യർത്ഥന വഴിയോ മേൽ ശീർഷകത്തിൽ 50.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2250-00-103-91—<u>മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്കും എക്സിക്യൂട്ടീവ് ഓഫീസർമാർക്കുമുള്ള ക്ഷേമനിധിയിലേക്ക് സർക്കാർ നൽകുന്ന സംഭാവന</u>

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ നിന്ന് വിരമിക്കുന്ന ജീവനക്കാർക്കും, എക്സിക്യൂട്ടീവ് ഓഫീസർമാർക്കുമുള്ള പെൻഷനും ആനുകൂല്യങ്ങളും നൽകുന്നതിനുള്ള ക്ഷേമനിധിയുടെ സുഗമമായ പ്രവർത്തനങ്ങൾക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമല്ലെന്ന് വിലയിരുത്തിയ സമിതി ക്ഷേമനിധിയിലേക്കുള്ള സർക്കാർ സഹായമായി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 4.99 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2250-00-103-87 —<u>മലബാർ ദേവസ്വം ബോർഡ്</u>

മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിനും ശമ്പളപരിഷ്കരണ കുടിശ്ശിക, ശമ്പള അഡ്വാൻസ് എന്നിവ നൽകുന്നതിനും കൂടാതെ, ബോർഡിന് കീഴിൽ വരുന്ന വരുമാനം കുറഞ്ഞ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനുള്ള സഹായധനത്തിനും, ജീർണ്ണോദ്ധാരണ ധനസഹായം ഉൾപ്പെടെ ബോർഡിന്റെ മറ്റെല്ലാ ചെലവുകൾക്കുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി 2250-00-103-87-31 എന്ന ശീർഷകത്തിൽ 30 കോടി രൂപയും, 2250-00-103-87-36 എന്ന ശീർഷകത്തിൽ

6 കോടി രൂപയും ഉൾപ്പെടെ ആകെ 36 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2250-00-103-86- ഉത്തരമലബാറിലെ കാവുകളിലെ ആചാരസ്ഥാനികർക്കും കോലധാരികൾക്കുമുള്ള പ്രതിമാസ അലവൻസ്

ഉത്തരമലബാറിലെ ക്ഷേത്രങ്ങളിലെ നിലവിലുള്ള 1,544 ആചാരസ്ഥാനികർ, 368 കോലധാരികൾ, കൂടാതെ പുതുതായി ചേർക്കപ്പെടുന്ന ഗുണഭോക്താക്കൾ എന്നിവർക്ക് പ്രതിമാസ ധനസഹായം നൽകുന്നതിനും 2025-26 സാമ്പത്തികവർഷത്തെ കുടിശ്ശിക നൽകുന്നതിനും അധിക തുക ആവശ്യമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 2.2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2250-00-103-85-36 —മലബാർ ദേവസ്വം ബോർഡിന് കീഴിൽ ഒരു ക്ഷേത്രകലാ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കൽ -സഹായധനം- ശമ്പളേതരം

മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ കണ്ണൂർ ജില്ലയിലെ മാടായിക്കാവിൽ പ്രവർത്തിച്ചുവരുന്ന ക്ഷേത്രകലാ അക്കാദമിയിൽ കോഴ്സുകൾ നടത്തുന്നതിന് അനുവദിച്ചിരിക്കുന്ന ഫണ്ട് അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 44.06 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2250-00-103-80–ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടേയും കുളങ്ങളുടേയും ആൽത്തറകളുടേയും സംരക്ഷണം

ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും സംരക്ഷണത്തിനായി മലബാർ ദേവസ്വം ബോർഡിന് എട്ടു കോടിയോളം രൂപ നൽകുവാനുണ്ടെന്നും, കൊച്ചിൻ ദേവസ്വം ബോർഡും

കൂടൽമാണിക്യം ദേവസ്വവും കുളം, കാവ് എന്നിവയുടെ നവീകരണത്തിനായി ഫണ്ട് അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ടെന്നും കൂടാതെ, 2026-ലെ സ.ഉ(സാധാ)നം.66/2026/റവ നമ്പർ ഉത്തരവ് പ്രകാരം പൈതൃക കേന്ദ്രങ്ങളായ പതികൾ, കളരിസ്ഥാനങ്ങൾ എന്നിവയുടെ സംരക്ഷണം/പുനരുദ്ധാരണത്തിനായി 2026-27 സാമ്പത്തിക വർഷം മുതൽ 10 ലക്ഷം രൂപ ചെലവഴിക്കുന്നതിന് ദേവസ്വം ബോർഡുകൾക്ക് അനുമതി നൽകിയിട്ടുണ്ടെന്നും ഇവയ്ക്കായി അധിക തുക ആവശ്യമാണെന്നും മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 9 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2250-00-103-77- കോവിഡ് 19 മായി ബന്ധപ്പെട്ട് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയ സാഹചര്യത്തിൽ കൂടൽമാണിക്യം ദേവസ്വത്തിനുള്ള പ്രത്യേക സഹായം (നോൺ പ്ലാൻ)

കൂടൽമാണിക്യം ദേവസ്വത്തിലെ കാലപ്പഴക്കം ചെന്ന ഊട്ടുപുര, ഭണ്ഡാരപുര, ദേവസ്വം ഓഫീസ് തുടങ്ങിയവയുടെ നവീകരണത്തിനും പുനർനിർമ്മാണത്തിനുമായി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 3.9999 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കൂടാതെ 2019-ൽ കോവിഡിനോട് അനുബന്ധിച്ചുള്ള ധനസഹായം അനുവദിക്കുന്നതിനാണ് ഈ ശീർഷകം നിലവിൽ വന്നതെന്ന് നിരീക്ഷിച്ച സമിതി. കോവിഡ് അവസാനിച്ച സാഹചര്യത്തിൽ പ്രസ്തുത ശീർഷകത്തിന്റെ പേര് **'കൂടൽമാണിക്യം ദേവസ്വത്തിനുള്ള പ്രത്യേക ധനസഹായം'** എന്ന് പുനർനാമകരണം ചെയ്യണമെന്ന് ശിപാർശ ചെയ്യാനും തീരുമാനിച്ചു.

2250-00-188-99-31- കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ് -സഹായധനം-ശമ്പളം

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നടത്തുന്ന പരീക്ഷകളുമായി ബന്ധപ്പെട്ട ചെലവുകൾക്ക് മാത്രമാണ് തനത് ഫണ്ട് ഉപയോഗപ്പെടുത്തേണ്ടതെന്നും, ജീവനക്കാരുടെ ശമ്പള ചെലവുകൾ നിർവഹിക്കുന്നതിനായി പര്യാപ്തമായ തുക ലഭ്യമാകാത്ത സാഹചര്യത്തിൽ തനത് ഫണ്ടിൽ നിന്നും തുടർച്ചയായി തുക ഉപയോഗപ്പെടുത്തുന്നുണ്ടെന്നും ആയത് റിക്രൂട്ട്മെന്റ് പ്രക്രിയയെ സാരമായി ബാധിക്കുന്നുവെന്നും മനസ്സിലാക്കിയ സമിതി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 1.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2250-00-103-76 –ശബരിമല ശുചീകരണ പ്രവൃത്തികൾ

ശബരിമല മണ്ഡല, മകരവിളക്ക് സീസണുകളിൽ തീർത്ഥാടകരുടെ എണ്ണം വർധിച്ചുവരുന്ന സാഹചര്യത്തിൽ ശബരിമലയിലും എരുമേലിയിലും മറ്റ് പരിസരപ്രദേശങ്ങളിലും ശുചീകരണം, അടിസ്ഥാന സൗകര്യം ഒരുക്കൽ, സാനിറ്റേഷൻ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി മേൽ ശീർഷകത്തിൽ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 1.49047 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സമിതിയുടെ അടുത്ത യോഗം 16.02.2026-ന് തിരുവനന്തപുരത്ത് വച്ച് കൂടാൻ തീരുമാനിച്ചു.

ഉച്ചയ്ക്ക് ശേഷം 12.35 ന് യോഗം പിരിഞ്ഞു.

2026 ഫെബ്രുവരി 16-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, 2026 ഫെബ്രുവരി 16-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്കശേഷം 2.30 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5-എ' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സൺ ബഹു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി ശ്രീ. കെ. രാജന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്- ഒഫീഷ്യോ അംഗവും ബഹു. ഉറമുഖ - സഹകരണ–ദേവസ്വം വകുപ്പ് മന്ത്രിയുമായ ശ്രീ. വി. എൻ. വാസവൻ വീഡിയോ കോൺഫറൻസിംഗ് മുഖേന യോഗത്തിൽ പങ്കെടുത്തു. പ്രസ്തുത യോഗത്തിൽ താഴെ പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. അഹമ്മദ് ദേവർകോവിൽ, എം.എൽ.എ.
2. ശ്രീ. കെ. ഡി. പ്രസേനൻ, എം.എൽ.എ. (ഓൺലൈൻ)
3. ശ്രീ. പി. ടി. എ. റഹീം, എം.എൽ.എ. (ഓൺലൈൻ)
4. ശ്രീ. പി. വി. ശ്രീനിജിൻ, എം.എൽ.എ. (ഓൺലൈൻ)

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി ഷീബാ വർഗീസ്, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി സിന്ധു റ്റി. ജി., ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. മോഹനൻ ഒ., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. എം. ജി. രാജമാണിക്യം, സെക്രട്ടറി, റവന്യൂ വകുപ്പ്
2. ശ്രീ. മുഹമ്മദ് റിയാസ്, അഡീഷണൽ സെക്രട്ടറി, പൊതുഭരണ (ഏകോപനം) വകുപ്പ്
3. ശ്രീ. ബി. പ്രതാപചന്ദ്രൻ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീ. റ്റി. ആർ. ജയപാൽ, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്
5. ശ്രീമതി ലത എസ്., സെക്രട്ടറി, കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

(അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്)

6. ശ്രീമതി രജനി സി., ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ്

7. ശ്രീമതി ഷീബ ജി. ആർ., സീനിയർ ഫിനാൻസ് ഓഫീസർ, ലാന്റ് റവന്യൂ കമ്മീഷണറേറ്റ്

8. ശ്രീമതി രേവതി വാസുദേവൻ നായർ, ഫിനാൻസ് ഓഫീസർ, കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

9. ശ്രീമതി പത്മ വി., ലോ ഓഫീസർ, കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

10. ശ്രീ. ബിജു റ്റി. സി., കമ്മീഷണർ, മലബാർ ദേവസ്വം ബോർഡ്

11. ശ്രീ. അജീഷ് കുന്നത്ത്, അസിസ്റ്റന്റ് കമ്മീഷണർ, ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്

12. ശ്രീമതി ആർ. ഗീത, കൺട്രോളർ ഓഫ് എക്സാമിനേഷൻസ്, കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

13. ശ്രീമതി അശ്വതി എസ്., പ്രോജക്ട് കോ-ഓർഡിനേറ്റർ, കേരള യൂത്ത് ലീഡർഷിപ്പ് അക്കാദമി (KYLA)

പ്രസ്തുത യോഗത്തിൽ സമിതി, The Malabar Devaswom Board Servants(Recruitment Service and Conduct) Rules 2020-ന്റെ ഭേദഗതി സംബന്ധിച്ച കരട് ചട്ടം, വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിൻമേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ, വിവിധ വാർഷിക പ്രവർത്തന റിപ്പോർട്ടുകളിൻമേലുള്ള കാലതാമസ പത്രികകൾ എന്നിവ പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചുവടെ ചേർക്കും പ്രകാരം തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

I) <u>കരട് ചട്ടത്തിന്റെ പരിഗണന</u>

1. The Malabar Devaswom Board Servants (Recruitment Service and Conduct) Rules, 2020- ഭേദഗതി സംബന്ധിച്ച കരട് ചട്ടം

(ഫയൽ നമ്പർ 52075/സബ്-സി ബി1/2025/ലെജി.)

കരട് ചട്ടം തയ്യാറാക്കാനുണ്ടായ സാഹചര്യം റവന്യൂ സെക്രട്ടറി വിശദീകരിച്ചു. പ്രസ്തുത ചട്ടം പരിഗണിച്ച സമിതി, കരട് ചട്ടത്തിന്റെ 'Short title and Commencement'- ൽ 2025 എന്നത് 2026 എന്ന് ഭേദഗതി ചെയ്യുന്നതിനും പുതുതായി കൂട്ടിച്ചേർക്കാൻ ഉദ്ദേശിക്കുന്ന ചട്ടം- '6A. Regularization' – ലെ അവസാന വരിയിലെ 'from' എന്ന വാക്കിന് ശേഷം 'the' എന്ന വാക്ക് കൂട്ടിച്ചേർക്കുന്നതിനും തീരുമാനിക്കുകയും മേൽപ്പറഞ്ഞ ഭേദഗതികളോടെ കരട് ചട്ടം അംഗീകരിക്കുകയും ചെയ്തു.

II) <u>ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ സമിതി ശിപാർശകളിൻമേലുള്ള നടപടി സ്റ്റേറ്റുമെന്റുകളുടെ പരിഗണന.</u>

1. 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ :12292/സബ്.സി.ബി 1/2021/നി.സെ)

(KLS/4945/2025-Sub C B1)

2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 26-ലെ ശിപാർശയിൻമേൽ റവന്യൂ (ജി) വകുപ്പിൽ നിന്നും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ്, കാലതാമസ പത്രിക എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2. 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

(ഫയൽ നമ്പർ : 11440/സബ്.സി.സി 1/2022/നി.സെ)

(KLS/4763/2025-Sub C B1)

ഖണ്ഡിക: 7

2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ഖണ്ഡിക 7-ലെ ശിപാർശയിൻമേൽ റവന്യൂ (ബി) വകുപ്പിൽ നിന്നും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ്, കാലതാമസപത്രിക എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

3. 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫയൽ നമ്പർ : 12960/സബ്.സി.സി 1/2024/നി.സെ)

(KLS/3712/2025-Sub C B1)

ഖണ്ഡിക: 6

2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ഖണ്ഡിക 6-ലെ ശിപാർശയിൻമേൽ റവന്യൂ (എഫ്) വകുപ്പിൽ നിന്നും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ്, കാലതാമസ പത്രിക എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

4. 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

(ഫയൽ നമ്പർ : KLS/3679/2025-Sub (B1)

ഖണ്ഡിക: 16

2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ഖണ്ഡിക 16-ലെ ശിപാർശയിൻമേൽ പൊതുഭരണ (ഏകോപന) വകുപ്പിൽ നിന്നും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ്, കാലതാമസ പത്രിക എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

III) വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ, കാലതാമസ പത്രികകൾ എന്നിവയുടെ പരിഗണന

(ഫയൽ നം : 1845/സബ് സി ബി 1/2024/നി.സെ./KLS/5002/2025/SubC B1)

1. കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ 2016-17,2017-18,2018-19,2019-20,2020-21,2021-22,2022-23,2024-25 എന്നീ സാമ്പത്തിക വർഷങ്ങളിലെ വാർഷിക പ്രവർത്തന റിപ്പോർട്ടുകളും ആയതിൻമേലുള്ള കാലതാമസ പത്രികകളും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

IV) കരട് റിപ്പോർട്ടിന്റെ പരിഗണന

2026-27 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആറാമത് റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

ഉച്ചയ്ക്കുശേഷം 3:05 ന് യോഗം അവസാനിച്ചു.

2026 ഫെബ്രുവരി 23-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, '2026-ലെ കേരള നേറ്റിവിറ്റി കാർഡ് ബിൽ' പരിഗണിക്കുന്നതിനായി, 2026 ഫെബ്രുവരി 23-ാം തീയതി തിങ്കളാഴ്ച സഭാസമ്മേളനത്തിന് ശേഷം രാവിലെ 10.45 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ 604-ാം നമ്പർ സമ്മേളനഹാളിൽ സമിതി ചെയർപേഴ്സൺ ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. രാജന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

ഹാജരായ അംഗങ്ങൾ

1. ശ്രീ. അഹമ്മദ് ദേവർകോവിൽ, എം.എൽ.എ.
2. ശ്രീ. എൻ. എ. നെല്ലിക്കുന്ന്, എം.എൽ.എ.
3. ശ്രീ. കെ.ഡി. പ്രസേനൻ, എം.എൽ.എ.
4. ശ്രീ. പി.ടി. എ. റഹീം, എം.എൽ.എ.
5. ശ്രീ. സനീഷ്കുമാർ ജോസഫ്, എം.എൽ.എ.
6. ശ്രീ. പി. വി. ശ്രീനിജിൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി ഷീബാ വർഗീസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി സിന്ധു. റ്റി. ജി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. മോഹനൻ ഒ., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ :-

1. ശ്രീ. എം.ജി. രാജമാണിക്യം, സെക്രട്ടറി, റവന്യൂ വകുപ്പ്
2. ശ്രീ. ജീവൻ ബാബു കെ., കമ്മീഷണർ, ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്

3. ശ്രീമതി ആശ ജി.എസ്, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്.
4. ശ്രീ. ബി. പ്രതാപചന്ദ്രൻ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.
5. ശ്രീ. ബൈജു കുമാർ എസ്, ഡെപ്യൂട്ടി സെക്രട്ടറി, റവന്യൂ വകുപ്പ്.
6. ശ്രീമതി രജനി സി, ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ്.
7. ശ്രീ. അജീഷ് കെ, അസിസ്റ്റന്റ് കമ്മീഷണർ, ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്

സമിതി, '2026-ലെ കേരള നേറ്റിവിറ്റി കാർഡ് ബിൽ' വിശദമായി പരിഗണിക്കുകയും ചുവടെ ചേർത്തിരിക്കുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

ഖണ്ഡം -1

1) ബില്ലിന്റെ ഖണ്ഡം 1 (2)-ലെ "തീയതി മുതൽ" എന്ന വാക്കുകൾക്ക് പകരം "തീയതിയിൽ"എന്ന വാക്ക് ചേർക്കുക.

ഖണ്ഡം -2

2) ഖണ്ഡം 2 (സി) യിൽ-

(i) "പൂർവ്വികരിൽ ഒരാൾ" എന്നതിന് പകരം "മാതാപിതാക്കളോ പൂർവ്വികരിൽ ഒരാളോ" എന്ന വാക്കുകൾ ചേർക്കുക.

(ii) വിശദീകരണം 3-ന് ശേഷം താഴെപ്പറയുന്ന കുറിപ്പ് ചേർക്കുക, അതായത്:-

കുറിപ്പ് :- ഈ ആക്ടിന്റെ ആവശ്യത്തിലേയ്ക്കായി, "പൂർവ്വികർ" എന്നാൽ നേറ്റിവിറ്റി കാർഡിന് അപേക്ഷിക്കുന്ന ആളിന്റെ മാതാപിതാക്കളുടെ മാതാപിതാക്കൾ എന്ന് അർത്ഥമാകുന്നു.

ഖണ്ഡം -3

ഖണ്ഡം 3- ന്റെ മാർജിനൽ ശീർഷകത്തിലെ "കാർഡുകൾ" എന്ന വാക്കിന് പകരം "കാർഡ് " എന്ന വാക്ക് ചേർക്കുക.

ഖണ്ഡം -6

ഖണ്ഡം 6- ന്റെ മാർജിനൽ ശിർഷകത്തിലെ "കാർഡുകളിലെ" എന്ന വാക്കിന് പകരം "കാർഡിലെ" എന്ന വാക്ക് ചേർക്കുക.

ഖണ്ഡം -8

ഖണ്ഡം 8- ലെ ഉപഖണ്ഡം (2)- ന്റെ ഇനം (എ)-ൽ "മാതാപിതാക്കളുടെ" എന്ന വാക്കിനു പകരം "മാതാപിതാക്കളുടെ/പൂർവ്വികരുടെ" എന്ന വാക്കുകളും ചിഹ്നവും ചേർക്കുക.

ഖണ്ഡം -10

ഖണ്ഡം 10-ൽ "ജില്ലാ" എന്ന വാക്ക് ഒഴിവാക്കുക.

രാവിലെ 11.25 ന് യോഗം അവസാനിച്ചു.